# മലമ്പുഴ ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

## 1996



# സമഗ്രവികസന രേഖ




Palakkad Municipality

# പഞ്ചായത്ത് സാരഥികൾ



പി. നാരായണൻ
പ്രസിഡൻറ്, വാർഡ്-6



എൻ. രവീന്ദ്രൻ
വൈസ് പ്രസിഡൻറ്, വാർഡ്-2



എമറി സണ്ണി
മെമ്പർ, വാർഡ് - 1



ഇ. വി. കോമളം
മെമ്പർ, വാർഡ് - 3



ഓമന ഷൺമുഖൻ
മെമ്പർ, വാർഡ് - 5



വി. കൃഷ്ണൻ
മെമ്പർ, വാർഡ് - 4



സി. കെ. നാരായണൻ
മെമ്പർ, വാർഡ് - 7



പി. കെ. ശിവരാമൻ
മെമ്പർ, വാർഡ് - 8



വി. മാരിയപ്പൻ
സെക്രട്ടറി



ആർ. ഉണ്ണികൃഷ്ണൻ
മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്

എഡിറ്റോറിയൽ ബോർഡ്

ജില്ലാ പരിശീലകരും വാർഡ് അംഗങ്ങളും

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | | ആമുഖം | 3 |
| 2 | | പഞ്ചായത്ത് പൊതുവിവരണം | 4 |
| 3 | | പഞ്ചായത്തിന്റെ പൂർവ്വസാരഥികൾ | 5 |
| 4 | | ജനകീയാസൂത്രണ സംഘാടനത്തിനു പിന്നിൽ | 6 |
| 5 | | പഞ്ചായത്തിന്റെ ചരിത്രം | 10 |
| 6 | | ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം | 13 |
| 7 | | സാമൂഹ്യ സാമ്പത്തിക മേഖലകൾ | |
| | 1 | കൃഷി- ജലസേചനം | 16 |
| | 2 | മൃഗസംരക്ഷണം – മത്സ്യബന്ധനം | 26 |
| | 3 | വ്യവസായം | 33 |
| | 4 | വിദ്യാഭ്യാസം | 37 |
| | 5 | കുടിവെള്ളം – പൊതുജനാരോഗ്യം | 44 |
| | 6 | ഗതാഗതം – ഊർജ്ജം | 47 |
| | 7 | പാർപ്പിടം- സാമൂഹ്യക്ഷേമം | 53 |
| | 8 | സംസ്ക്കാരം | 56 |
| | 9 | വനിത | 61 |
| | 10 | ടൂറിസം | 63 |
| | 11 | സഹകരണം | 65 |
| | 12 | പട്ടികജാതി വർഗ്ഗക്ഷേമം | 68 |
| | 13 | വിഭവസമാഹരണം | 72 |
| 8 | | D R P/LRP മാരുടെ പേരുവിവരം | 76 |
| 9 | | ഉപസംഹാരം | |

# 1

# ആമുഖം

ഒരു പതിറ്റാണ്ട്, ഒരു നൂറ്റാണ്ട്, ഒരു സഹസ്രാബ്ദം അവസാനിക്കുകയാണ്. മാനവവികാസപരമായി നോക്കുകയാണെങ്കിൽ നാം ഒരു സവിശേഷ ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. നാം ഇതുവരെ പിന്തുടർന്നു വന്ന പുരോഗതിയുടെ പാതയിൽ ഇനി ഏറെ ദൂരം മുന്നേറാൻ പറ്റില്ലെന്ന് നമുക്ക് അംഗീകരിക്കേണ്ടിവന്നിരിക്കുന്നു. നമുക്ക് രക്ഷപ്പെടണമെങ്കിൽ മാമൂൽ വിട്ട രീതിയിൽ ചിന്തിക്കാനും പതിവുപാതകൾ വിട്ട് സഞ്ചരിക്കാനും കഴിയണം. വരുന്ന നാലഞ്ച് കൊല്ലത്തിനുള്ളിൽ കേരളത്തിൽ നാം എന്തു ചെയ്യുന്നുവൊ എന്നതിനെ ആശ്രയിച്ചാണ് അടുത്ത നൂറ്റാണ്ടിലെ നമ്മുടെ നിലനിൽപ്പ് എന്ന സത്യം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഇവിടെയാണ് ജനകീയാസൂത്രണത്തിൻെറ പ്രസക്തി. കേരളം നടപ്പിലാക്കുന്ന ജനകീയാസൂത്രണപ്രസ്ഥാനം അടിത്തട്ടിൽ നിന്ന് മേൽത്തട്ടിലേക്ക് നിർദ്ദേശങ്ങൾ നൽകപ്പെടുന്ന ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. പഞ്ചായത്തുകൾക്ക് അധികാരങ്ങൾ മാത്രമല്ല 40% പദ്ധതി വിഹിതം നേരിട്ട് ലഭിക്കുമെന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയും എന്ന പ്രതീക്ഷ ഉളവാക്കുന്നു. ഗ്രാമ പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന വികസനപ്രതിസന്ധിക്ക് പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് കഴിയും. ബഹുജനപങ്കാളിത്തം കൂടിയാവുമ്പോൾ നിലവിലുള്ള സ്കീമുകളും ഏറ്റെടുക്കുന്ന പ്രവൃത്തികളും തൃപ്തികരമായി നിർവഹിക്കാൻ കഴിയും.

മലമ്പുഴ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചത് 1996 സെപ്തം. 12 ന് കൂടിയ സംഘാടകസമിതി യോഗത്തോടുകൂടിയാണ്. ഇതിനുമുമ്പ് നടന്ന സാക്ഷരത പരിപാടികളിൽ അനുഭവപ്പെട്ട ജനകീയ പങ്കാളിത്തം സംഘാടകസമിതി രൂപീകരണത്തിൽ നിലനിർത്താൻ കഴിഞ്ഞു. സംസ്ഥാന ആസൂത്രണബോർഡിൻെറ നിർദ്ദേശപ്രകാരമുള്ള എല്ലാ പരിപാടികളും ഏറ്റെടുത്ത് നടത്താൻ തയ്യാറുള്ള ഒരു നല്ല സേന പഞ്ചായത്തിലുണ്ട് എന്നത് ജനകീയാസൂത്രണ പ്രസ്ഥാനം ഏറെ മുന്നോട്ട് കൊണ്ടുപോവാൻ കഴിയുമെന്ന പ്രത്യാശ നമ്മിൽ ഉണ്ടാക്കുന്നു.

ഇതൊരു വെല്ലുവിളിയാണ്. ഇത് നേരിടാൻ നാം തയ്യാറായെ പറ്റൂ. ജനകീയാസൂത്രണത്തിൻെറ നിർവഹണം യാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ കക്ഷിരാഷ്ട്രീയ ഭേദമെന്യെ പങ്കുചേരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മലമ്പുഴ ഗ്രാമപഞ്ചായത്തിൻെറ **സമഗ്രവികസനരേഖ** ഈ സെമിനാറിൽ അവതരിപ്പിക്കുകയാണ്.

# 2.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | മലമ്പുഴ |
| ഉൾപ്പെടുന്ന വില്ലേജ് | - | മലമ്പുഴ 1,2, |
| ബ്ളോക്ക് പഞ്ചായത്ത് | - | മലമ്പുഴ |
| ബ്ളോക്ക് ഡിവിഷൻ | - | മലമ്പുഴ, അകത്തേത്തറ |
| റവന്യൂ ജില്ല | - | പാലക്കാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | മലമ്പുഴ |
| താലൂക്ക് | - | പാലക്കാട് |
| അസംബ്ളി മണ്ഡലം | - | മലമ്പുഴ |
| പാർലിമെൻറ് മണ്ഡലം | - | പാലക്കാട് |
| വിസ്തീർണ്ണം | - | 183.42 ചതുരശ്ര. കി.മീ. |

അതിരുകൾ -

| | | |
|---|---|---|
| വടക്ക് | - | പശ്ചിമഘട്ടം |
| തെക്ക് | - | കോരയാർപുഴ |
| കിഴക്ക് | - | പുതുശ്ശേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | - | അകത്തേത്തറ |

ജനസംഖ്യ (91 സെൻസസ് റിപ്പോർട്ട് ) -

| | | |
|---|---|---|
| പുരുഷൻ | - | 6543 |
| സ്ത്രീകൾ | - | 6317 |
| ആൺകുട്ടികൾ | - | 865 |
| പെൺകുട്ടികൾ | - | 810 |
| വാർഡ്കളുടെ എണ്ണം | - | 8 |
| വീടുകളുടെ എണ്ണം | - | 2701 |
| സാക്ഷരത | - | 91.6% |
| എം.പി. | - | എൻ.എൻ. കൃഷ്ണദാസ് |
| എം.എൽ.എ. | - | ടി. ശിവദാസമേനോൻ |
| ജില്ലാപഞ്ചായത്ത് അംഗം | - | സുലോചനാ ഭാസ്ക്കരൻ. |
| ബ്ളോക്ക് പഞ്ചായത്ത് അംഗം | - | ആർ. ഉണ്ണികൃഷ്ണൻ |
| ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് | - | പി. നാരായണൻ |
| ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് | - | എൻ. രവീന്ദ്രൻ |

# 3. പഞ്ചായത്തിൻെറ പിറവിയും സാരഥികളും

ജനാധിപത്യ രീതിയിൽ 01.01.1962ൽ ആണ് മലമ്പുഴ പഞ്ചായത്ത് രൂപീകരിച്ചത്. 01.01.1964ന് ആദ്യ ഭരണ സമിതി നിലവിൽ വന്നു. ആദ്യ പ്രസിഡൻറ് ശ്രീ പി. നാരായണൻ ആയിരുന്നു. ജനകീയാസൂത്രണം നടക്കുന്ന ഈ കാലഘട്ടത്തിലും അദ്ദേഹം തന്നെയാണ് പ്രസിഡൻറ്. തുടർന്ന് എം. ജെ. മാത്യു, വി. പി. പുരുഷോത്തമൻ എന്നിവർ പ്രസിഡൻറുമാരായി.

## ആദ്യത്തെ ഭരണസമിതി

1. പി. നാരായണൻ............................പ്രസിഡൻറ്
2. എൻ. വേലാണ്ടി.............................വൈസ് പ്രസിഡൻറ്
3. എം. ജെ. മാത്യു
4. എം. കെ. ഗോപാലൻ
5. കെ. ചാത്തുക്കുട്ടി
6. കൊട്ടെക്കാടൻ
7. തത്ത ...................................................നോമിനേറ്റഡ് അംഗം

1. എം. ജെ. മാത്യു...............................പ്രസിഡൻറ്
2. പി. കെ. സുബ്രഹ്മണ്യൻ............വൈസ് പ്രസി
3. സി. രാജൻ.........................................മെംബർ
4. കെ. ജെ. മോളി................................"
5. കെ.വി. ശിവരാമൻ............................"
6. ആർ. ഉണ്ണികൃഷ്ണൻ....................."
7. എ. എം. കറുപ്പസ്വാമി....................."
8. കെ. ബാലകൃഷ്ണൻ...................."

1. വി. പി. പുരുഷോത്തമൻ.................പ്രസിഡൻറ്
2. കെ. വി. ശിവരാമൻ......................വൈസ് പ്രസി
3. പി. വി. അബ്ദുൾറഹിമാൻ.........മെംബർ
4. സി. സുന്ദരൻ................................."
5. ആർ. ഉണ്ണികൃഷ്ണൻ.................."
6. കുട്ടപ്പൻ..........................................."
7. വിജയകുമാരി................................"
8. ഇന്ദിര രാമചന്ദ്രൻ........................"

# 4.

# ജനകീയാസൂത്രണം. സംഘാടനത്തിനുപിന്നിൽ

1996 സെപ്തം. 6, 7, 8 തീയതികളിൽ അകത്തേത്തറ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ ചേർന്ന ജില്ലാ പരിശീലനക്യാമ്പിനോട് കൂടിയാണ് മലമ്പുഴ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭം കുറിച്ചത് എന്നുപറയാം. പ്രസ്തുത ക്യാംപിൽ പഞ്ചായത്ത് ഭരണസമിതി നിർദ്ദേശിച്ച കെ.കെ. സതീശൻ, സുരേഷ്ബാബു, എം.എ. ദയാനന്ദൻ, വേലായുധൻ എന്നിവരും ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച സി.ആർ. ഷാജി, രാധാകൃഷ്ണൻ, രാമകൃഷ്ണൻ, ശിവദാസ് എന്നിവരും ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആർ. ഉണ്ണിക്കൃഷ്ണനും മൂന്നു ദിവസത്തെ ക്യാംപിൽ മുഴുവൻ സമയവും പങ്കെടുത്തിരുന്നു. കെ.കെ. സതീശനെ പഞ്ചായത്ത് കോർഡിനേറ്ററായി തിരഞ്ഞെടുത്തു.

പഞ്ചായത്തുതല പ്രവർത്തകരെ കണ്ടെത്തി അവർക്കു വേണ്ട പരിശീലനം നൽകുക എന്നതായിരുന്നു ജില്ലാപരിശീലകരുടെ മുഖ്യ ചുമതല. സെപ്തം. 11 ന് കൂടിയ സംഘാടക സമിതി യോഗത്തിൽ 50 പേർ പങ്കെടുത്തിരുന്നു. പഞ്ചായത്തുപ്രസിഡൻറ് ശ്രീ. പി. നാരായണൻ ചെയർമാനായും പഞ്ചായത്തുസെക്രട്ടറി ശ്രീ. വി. മാരിയപ്പൻ കൺവീനറായും 35 അംഗസംഘാടകസമിതി രൂപീകരിച്ച് പഞ്ചായത്തിലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന് തിരികൊളുത്തി.

സെപ്തം. 14 ന് ഒരു ദിവസത്തെ മുഴുനീള പരിശീലന ക്യാംപ് സംഘടിപ്പിച്ചു. പഞ്ചായത്ത് ഭരണസമിതിയായിരുന്നു വാർഡിൽനിന്നുള്ള പരിശീലകരെ കണ്ടെത്തിയിരുന്നതും പങ്കെടുപ്പിച്ചതും മൊത്തം 50 പേർ ക്യാംപിൽ പങ്കെടുത്തു. ജനകീയപ്രസ്ഥാനത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് തികച്ചും ജനകീയപങ്കാളിത്തത്തോടുകൂടി തന്നെയായിരുന്നു ക്യാപ് സംഘടിപ്പിച്ചത്. എഴുതുവാനുള്ള നോട്ടുബുക്ക്, പേന, ഭക്ഷണം, ചായ, ലഘുഭക്ഷണം തുടങ്ങിയ എല്ലാം തന്നെ വാർഡ്മെമ്പർമാരുടെ നേതൃത്വത്തിലും, യൂത്ത് കോൺഗ്രസ്, ഡി.വൈ.എഫ്.ഐ. എ.ഐ.വൈ.എഫ്. തുടങ്ങിയ സംഘടനകളുടെ നെതൃത്വത്തിലുമാണ് സംഘടിപ്പിച്ചത്. ക്യാംപിൽ പങ്കെടുത്തവരുടെ വാർഡ് തിരിച്ചുള്ള കണക്കുകളുടെ ചാർട്ട് താഴെ കൊടുക്കുന്നു.

വാർഡ്തല സംഘാടകസമിതിരൂപീകരണമായിരുന്നു" ഗ്രാമസഭകളുടെ" മുന്നൊരുക്കം എല്ലാം വാർഡ്തലസംഘാടകസമിതികളും രൂപീകരിച്ചു ഗ്രാമസഭകളിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് ആവിഷ്ക്കരിച്ച വിവിധപ്രചാരണപരിപാടികൾ ഏറ്റക്കുറച്ചിലോടെ എല്ലാ വാർഡുകളിലും നടക്കുകയുണ്ടായി. മൂന്നാം വാർഡിലാണ് വാർഡുതല സംഘാടകസമിതിയുടെ മെച്ചപ്പെട്ട പ്രവർത്തനം നടന്നത്.

സെപ്തം. 29 മുതൽ ഒക്ടോ. 20 വരെയായിരുന്നു 8 വാർഡുകളിലെ ഗ്രാമസഭകൾ നടന്നത് ഗ്രാമസഭകളിലെ പങ്കാളിത്തവും മറ്റുവിശദാംശവും ചാർട്ടിൽ കൊടുത്തിട്ടുണ്ട്. ബ്ലോക്കു മെമ്പറും

## മലമ്പുഴ ഗ്രാമ പഞ്ചായത്ത്

## ചാർട്ട് 9

| വാർഡ് നമ്പർ | പഞ്ചായത്ത് തല പരിശീലന പങ്കാളിത്തം | ഗ്രാമസഭകൾ | | ആകെ പങ്കെടുത്തവർ | | | പങ്കെടുത്ത മറ്റുള്ളവർ | | | |
|---|---|---|---|---|---|---|---|---|---|---|
| | | തിയതി | സമയം | പു | സ്ത്രീ | ആകെ | ഡി. ആർ.പി | എൽ.ആർ.പി | ഉദ്യോഗസ്ഥർ | മറ്റുവാർഡ് മെമ്പർമാർ |
| 1 | 5 | 2.10.96 | 2 pm | 134 | 21 | 155 | 6 | 11 | 4 | 4 |
| 2 | 4 | 29.9.96 | 2 pm | 92 | 5 | 97 | 6 | 9 | 6 | 4 |
| 3 | 8 | 13.10.96 | 2 pm | 112 | 110 | 222 | 4 | 9 | 7 | 3 |
| 4 | 6 | 20.10.96 | 10 am | 79 | 26 | 105 | 4 | 4 | 3 | 2 |
| 5 | 7 | 6.10.96 | 10 am | 69 | 21 | 90 | 6 | 14 | 7 | 4 |
| 6 | 7 | 6.10.96 | 2 pm | 69 | 16 | 85 | 6 | 11 | 4 | 4 |
| 7 | 7 | 13.10.96 | 2 pm | 115 | 44 | 159 | 4 | 9 | 1 | 3 |
| 8 | 6 | 13.10.96 | 10 am | 75 | 10 | 85 | 7 | 7 | 11 | 4 |

കൂടാതെ ജില്ലാ പരിശീലകർ 8 പേരും സജീവമായി രംഗത്ത് ഉണ്ടായിരുന്നു. പഞ്ചായത്തുതല പരിശീലകരിൽ 50% പേർ മാത്രമെ തുടർ പ്രവർത്തനവുമായി സഹകരിച്ചിട്ടുള്ളു. എല്ലാവാർഡ് മെമ്പർമാരും പഞ്ചായത്തു സെക്രട്ടറിയും പഞ്ചായത്ത് ജീവനക്കാരും വളരെ ഉത്സാഹത്തോടെ ഈ പരിപാടിയിൽ സഹകരിച്ചു. പ്രധാനമായും ഫിഷറീസ് കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരും മിക്കവാറും എല്ലാ ഗ്രാമസഭകളിലും പങ്കെടുത്തു.

ഗ്രാമസഭകളിലെ വിഷയം തിരിച്ചുള്ള ചർച്ചകൾക്ക് പത്ത് ഗ്രൂപ്പ് വീതമായിരുന്നു ഉണ്ടായിരുന്നത്. സംസ്ഥാന ആസൂത്രണബോർഡ് നിർദ്ദേശിച്ച 12 വിഷയങ്ങളിൽ സഹകരണവും വിഭവസമാഹരണവും മറ്റു വിഷയങ്ങളോട് ചേർത്താണ് ഗ്രൂപ്പ് നിശ്ചയിച്ചത്. ഇതോടൊപ്പം തന്നെ വിദഗ്ദ്ധരുടെയും ജില്ലാപരിശീലകരുടെയും പഞ്ചായത്ത് പരിശീലകരുടെയും വാർഡ് മെമ്പർമാരുടെയും യോഗം വിളിക്കുകയും അതിലൂടെ പഞ്ചായത്ത് ഡാറ്റാ കളക്ഷനുവേണ്ടി 13 ടീം ഉണ്ടാക്കുകയും അവർക്ക് ഫോറം കൊടുത്ത് പ്രവർത്തനം തുടങ്ങുകയും ചെയ്തു.

ഗ്രാമസഭകളായിരുന്നു ഒന്നാം ഘട്ടത്തിന്റെ ലക്ഷ്യം. അത് പൂർത്തിയാക്കിയതോടെ 80 ഗ്രൂപ്പ് റിപ്പോർട്ടുകൾ പഞ്ചായത്തിന് ലഭിക്കുകയുണ്ടായി. ഇത് ക്രോഡീകരിച്ച് ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ പട്ടികപ്പെടുത്തുകയും അവയ്ക്കുള്ള പരിഹാരം നിർദ്ദേശിക്കുകയുമായിരുന്നു രണ്ടാം ഘട്ടത്തിൽ ഊന്നൽ നൽകിയത്. ഇതോടൊപ്പം പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കാനും ഭൂപ്രകൃതി, വിളകൾ, ജലലഭ്യത തുടങ്ങിയ വിവരങ്ങൾ കൂടി കണക്കാക്കാനും രണ്ടാം ഘട്ടത്തിൽ പരിപാടി ഇട്ടിരുന്നു. ഇതെല്ലാം ചേർത്ത് പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് തയ്യാറാക്കി വികസന സെമിനാറിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക എന്നതായിരുന്നു രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം.

ഇതിന്റെ പരിശീലനത്തിനായി അകത്തേത്തറയിൽ ചേർന്ന (ഒക്ടോ. 23, 24,25) ജില്ലാതല പരിശീലന പരിപാടിയിൽ നിലവിലുള്ള 8 D.R.P മാർക്ക് പുറമെ പഞ്ചായത്ത് പ്രസിഡൻറ്, വാർഡ് മെമ്പർ ഇ. വി. കോമളം പഞ്ചായത്ത് സെക്രട്ടറി, മൃഗസംരക്ഷണ ഡോക്ടർ, ബ്ലോക്ക് മെമ്പർ എന്നിവരും പങ്കെടുത്തിരുന്നു. ഇതിനെത്തുടർന്ന് നടന്ന പഞ്ചായത്ത് തല പരിശീലനം വേണ്ടത്ര വിജയിച്ചില്ല. പഠനപര്യടനവും ഉദ്ദേശിച്ച രീതിയിൽ നടത്താൻ കഴിഞ്ഞില്ല. അതിന്റെ കുറവ് വികസന റിപ്പോർട്ടിൽ നമുക്ക് ദർശിക്കാൻ കഴിയും.

പഞ്ചായത്തിലെ 35-ഓളം ഓഫീസ് മേധാവികളുടെ യോഗം വിളിച്ചു കൂട്ടി നിലവിലുള്ള പദ്ധതികളെപറ്റി ചർച്ചചെയ്യുകയുണ്ടായി. 25 ലധികം ഉദ്യോഗസ്ഥൻമാർ പങ്കെടുത്ത യോഗം ഒരു വിജയമായിരുന്നു.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും സ്ഥിതിവിവരക്കണക്കുകളും നാട്ടിലുടനീളം സഞ്ചരിച്ച് ലഭിച്ച വിവരങ്ങളും ചേർത്ത് പഞ്ചായത്ത് റിപ്പോർട്ടിന്റെ പ്രാഥമിക രൂപം തയ്യാറാക്കുന്നതിനുവേണ്ടി വാർഡുകളിലെ വിഷയഗ്രൂപ്പ് കൺവീനർമാരും ഉദ്യോഗസ്ഥൻമാരും വാർഡ്മെമ്പർമാരും ജില്ലാതലപരിശീലകരും ചേർന്ന് 12 ചർച്ചായോഗങ്ങൾ സംഘടിപ്പിച്ചു. ആ ചർച്ചകളിലൂടെയാണ് ഓരോവിഷയത്തിലുള്ള റിപ്പോർട്ട് എഴുതി ലഭിച്ചത്. പഞ്ചായത്തിന്റെ ചരിത്രം, ടൂറിസം, എന്നീ രണ്ടു വിഷയങ്ങൾ കൂടി ഗ്രാമസഭയിലുയർന്നു വന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ പിന്നീട് കൂട്ടിച്ചേർക്കുകയുണ്ടായി.

തുടർന്ന് പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാരുടെയും, ജില്ലാതല പരിശീലകരുടെയും, ബ്ലോക്ക് മെമ്പറും ചേർന്ന് ചർച്ച ചെയ്ത് റിപ്പോർട്ടിന്റെ അവസാനരൂപം തയ്യാറാക്കുകയും ചെയ്തു. വികസന സെമിനാർ നവമ്പർ 17-ാം തീയതി നടത്താനായിരുന്നു ഭരണസമിതി

തീരുമാനം. എന്നാൽ വിശദമായ റിപ്പോർട്ട് എഴുതിതീർക്കുവാനുള്ളതുകൊണ്ടും മറ്റു സാഹചര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി വന്ന കാലതാമസം കണക്കിലെടുത്തും വികസന സെമിനാർ ഡിസംബർ ഒന്നിലേക്ക് മാറ്റിവെയ്ക്കുക ഉണ്ടായി.

150 ലധികം ആൾക്കാരുടെ കൂട്ടായ യജ്ഞത്തിൻെറ ഫലമാണ് ഈ വികസന റിപ്പോർട്ട്. പഞ്ചായത്ത് ഭരണസമിതി ഒന്നടങ്കം ആദ്യം മുതലെ സംഘാടനത്തിൽ മുന്നിട്ട് നിന്ന് സഹായിച്ചിട്ടുണ്ട്

പഞ്ചായത്തിൽനിന്നുള്ള ജില്ലാപരിശീലകർ എല്ലാവരും തന്നെ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കുകയുണ്ടായി.

വിശദമായ വിഭവഭൂപടം സർവെയും, സാമൂഹ്യസാമ്പത്തിക സർവെയും നടത്തിയാൽ മാത്രമെ പഞ്ചായത്തിൻെറ വികസന റിപ്പോർട്ട് പൂർണമാകുകയുള്ളു. അതിനുവേണ്ടിയുള്ള സമയം ഇല്ലാത്തതുകൊണ്ട് റിപ്പോർട്ടിൻെറ ചില ഭാഗത്തെങ്കിലും നമുക്ക് വസ്തുതാപരമായ വിവരങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് പരമാവധി വസ്തുതാപരമാക്കാൻ ഭരണസമിതി അത്യധികം ശ്രദ്ധിച്ചിട്ടുണ്ട്. ഗ്രാമസഭയിൽ ഉയർന്നുവന്ന എല്ലാപ്രശ്നങ്ങളും റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്, പരിഹാരവും നിർദ്ദേശിച്ചിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും റിപ്പോർട്ട് പൂർണമാവുന്നില്ല. ഗ്രാമസഭയിൽനിന്ന് തിരഞ്ഞെടുത്ത വികസന സെമിനാറിൽ പ്രതിനിധികളായ നിങ്ങളുടെ ചർച്ചയിലൂടെ മാത്രമെ ഇതു പൂർണമാകു. അതിനുവേണ്ടി അംഗങ്ങളുടെ ചർച്ച ഫലപ്രദമായി നടക്കണം.

# 5
# പഞ്ചായത്തിൻെറ ചരിത്രം

മലമ്പുഴയുടെ ചരിത്രത്തിൻെറ ഏടുകൾ മറിക്കുമ്പോൾ സ്വാതന്ത്രസമരത്തിന് ഏറെ പങ്കുവഹിച്ച മഹത് വ്യക്തികൾ വളരെ കുറവുമാത്രം. ശങ്കരൻനായർ, കുട്ടൻ, പൊന്നൻ തുടങ്ങിയവർ ആയിരുന്നു സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത പ്രധാനികൾ. ഇവരിലാരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഇവിടെ സ്വാതന്ത്രസമരത്തിന് നേതൃത്വം വഹിച്ചത് മലമ്പുഴ പഞ്ചായത്തിന് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന അകത്തേത്തറയിലെ വിരമൃത്യു വരിച്ചവരും ജീവിക്കുന്നവരുമാണ്. ഇവിടെയാകട്ടെ കൃഷിപ്പണിയുമായി ബന്ധപ്പെട്ട് ജീവിച്ചവരാണ് ഏറിയ പങ്കും.

അകത്തേത്തറ രാജവംശത്തിൻെറ എല്ലാ അനുഭവങ്ങളും ഒരു പരിധിവരെ അനുഭവിച്ചവരാണ് ഇവിടെ ജീവിച്ചിരുന്നവർ. ദേശീയപ്രസ്ഥാനത്തിൻെറ പ്രവർത്തനത്തിന് സാധാരണജനങ്ങൾക്ക് ഏറെ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടില്ല എങ്കിലും കർഷക കർഷക - തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും അവർക്ക് നേതൃത്വം നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്.

ജാതിവ്യവസ്ഥക്കും കർഷകതൊഴിലാളി സമരങ്ങൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ള തളരാത്ത പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയവരിൽ കുഞ്ഞിരാമൻ മാഷ്, സി. എം. സുന്ദരം, എ.എൻ. യൂസഫ്, കെ.എ. ചിദംബരം തുടങ്ങിയ മൺമറഞ്ഞവരും ജീവിക്കുന്നവരുമായ ധീരർ നൽകിയ ആഹ്വാനം ഇന്നും നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

നാട്ടുരാജാക്കൻമാരുടെ ഉടമസ്ഥതയിലായിരുന്ന ഭൂപ്രദേശങ്ങൾ പാട്ടത്തിനായി കുടിയാൻമാർക്ക് വിട്ടുകൊടുത്തിരുന്നു. 1970-ലെ ഭൂപരിഷ്ക്കരണനിയമം നിലവിൽ വന്നതോടുകൂടി ഭൂവുടമാവകാശങ്ങളിൽ മാറ്റം വന്നു. ഇതോടെ കാർഷികമേഖലയിൽ വലിയ മാറ്റം വരുത്താൻ കഴിഞ്ഞു. മലമ്പുഴയുടെ ചരിത്രം അകത്തേത്തറയുടെ ചരിത്രവുമായി അഭേദ്യമായ ബന്ധങ്ങൾ ഉള്ളതായി നമുക്ക് ദർശിക്കാൻ കഴിയും.

പലപേരുകളിലായി അറിയപ്പെട്ടിരുന്ന ഇന്നത്തെ മലമ്പുഴയുടെ പേര് ഉത്ഭവിച്ചത് പുന്നപ്പാറ (ഇന്നത്തെ പമ്പ് ഹൗസ്) യുടെ പരിസരത്ത് കോഴിപ്പുറത്ത് മാധവമേനോൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽനിന്നും ഉയർന്നുവന്നതാണ്. ഇതിന്നാധാരം മലയിൽനിന്നും ഒഴുകിവരുന്ന ജലം കെട്ടിനിറുത്തി ഡാം നിർമ്മിക്കുക എന്ന ആശയത്തിലൂടെയാണ്. ഈ ആശയം നടപ്പിലായതോടെയാണ് ഇന്ത്യയിൽ തന്നെ മലമ്പുഴ ശ്രദ്ധാകേന്ദ്രമായത്.

1955 ന് മുൻപ് പുന്നപ്പാറ, ചോവയൻകാട്, ഇടുപ്പടി, വടുകംപാടം, താഞ്ഞിക്കാംപള്ളം, കാരക്കാട്, തൂപ്പള്ളം, വാരണി, അക്കരക്കാട്, കടുക്കാംകുന്നം, ആനക്കുഴിക്കാട്, തമ്പുരാട്ടിപ്പൊറ്റ, ആനമുക്കറ, പാണ്ടിപ്പൊട്ട, തെക്കുംപാടം, കൊശവൻ ഇടുക്ക് എന്നീ പേരുകളിൽ മലമ്പുഴ അറിയപ്പെട്ടിരുന്നു. ഈ പേരുകളിൽ പലതും ഇപ്പോഴില്ല. പല പേരുകളും വ്യത്യസ്ഥപേരുകളിലാണ് ഇപ്പോൾ അറിയപ്പെടുന്നത്.

തമിഴ്നാട് ഗവർണറായിരുന്ന ശ്രീ പ്രകാശവും, മുഖ്യമന്ത്രി ഭക്തവത്സലവും മുത്തൻപാറയിൽ"വന്നിരുന്ന് മലമ്പുഴഡാമിൻെറ നിർമ്മാണ ജോലികളെക്കുറിച്ച് ചർച്ച നടത്തി. മേൽപ്രദേശം "ഗവർണർ സീറ്റ്" എന്ന പേരിൽ അറിയപ്പെടുന്നു.

സ്വാതന്ത്ര്യാനന്തരം കേരള സംസ്ഥാനം രൂപീകൃതമാകുന്നതിന് മുൻപ് മദ്രാസ് ഗവൺമെൻറിൻെറ കീഴിലായിരുന്ന പാലക്കാടിൻ പ്രദേശത്തിൻെറ വികസനത്തിന് വേണ്ടി മലമ്പുഴയിൽ തുടക്കം കുറിച്ചു. 1948 ൽ കൃഷി ആവശ്യത്തിനുവേണ്ടി മലയുടെ വിവിധഭാഗങ്ങളിൽ ഒഴുകിവരുന്ന വെള്ളം തടഞ്ഞു നിറുത്തി ഡാം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുത്തു. കുറെയേറെ കർഷകർക്ക് ഇതുമൂലം ഭൂമി നഷ്ടപ്പെട്ടു. 1949- ൽ മദ്രാസ് ഗവർണർ ഡാമിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തറക്കല്ലിടൽ കർമ്മം നിർവഹിച്ചു. ഇത്രയും വലിയ ഡാമിൻെറ പണി പൂർത്തിയാക്കാൻ വെറും 6 വർഷം മാത്രമെ വേണ്ടിവന്നിട്ടുള്ളു. ഈ കാലയളവ് ഇന്നത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാതൃകയാക്കേണ്ടതാണ്.

ഡാമിൻെറ നിർമ്മാണപ്രവർത്തനങ്ങൾക്ക് വിയർപ്പൊഴുക്കിയ നിരവധിയാളുകളുടെ സ്മരണകൾ ഒളിമങ്ങാതെ നിലനിൽക്കുന്നു. നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് വാസു, നാരായണൻ, നബീസ എന്നിവർ മരണമടഞ്ഞവരിൽ മൂന്നുപേരാണ്. 1955- ൽ ഡാം പണി പൂർത്തിയാക്കി രാഷ്ട്രത്തിന് സമർപ്പിച്ചത് യശശ്ശരീരനായ മദ്രാസ് മുഖ്യമന്ത്രി "കാമരാജ് നാടാർ "ആയിരുന്നു.

കേരളപ്പിറവിക്കു മുൻപ് മദ്രാസ് സർക്കാറിൻെറ കീഴിൽ മലബാർ മേഖലയുടെ ഒരു എം.എൽ.എ. ആയിരുന്നു കെ. രാമകൃഷ്ണൻ, കോഴിപ്പുറത്ത് മാധവമേനോനുമായി മത്സരിച്ചാണ് അദ്ദേഹം ജയിച്ചത്.

ഡാമിൻെറ നിർമ്മാണത്തിന് മുമ്പ്തന്നെ കുപ്പുസ്വാമി നായിഡു എന്നയാളുടെ കീഴിൽ മലയിൽ നിന്നും വരുന്ന വെള്ളം കെട്ടിനിറുത്തി നായ്ക്കൻെറ അണ എന്നപേരിൽ കൃഷിക്കാവശ്യമായ വെള്ളം വിട്ടുകൊടുത്ത് നീർവാരം പിരിച്ചതായി കാരണവൻമാരിൽനിന്ന് അറിയാൻ സാധിച്ചു.

സിസിൽ രാജകുമാരൻെറ കീഴിലായിരുന്നു അകമലവാരത്ത് ഇന്നത്തെ "എലാക്ക് എസ്റ്റേറ്റ്"എന്ന് പറയപ്പെടുന്നു. ഇതിൻെറ ചരിത്രസ്മാരകമായി 1907 കാലഘട്ടങ്ങളിൽ ഇന്നത്തെ കള്ളിയറ എസ്റ്റേറ്റിനുമുകളിൽ "പാലമല" ബംഗ്ലാവിൻെറ അവശിഷ്ടങ്ങൾ കാണാം. അകമലവാരത്ത് താമസിച്ചിരുന്ന "ഡീഫാൽ" സായിപ്പാണ് കൊളോണിയൻ സംസ്ക്കാരത്തിൻെറ നമ്മുടെ പഞ്ചായത്തിൻെറ അവസാന കണ്ണി.

മലബാർ മേഖലയിലേക്ക് മദ്രാസിൽ നിന്ന് യന്ത്രസാമഗ്രികൾ കൊണ്ടുവരുന്നതിന് ഏകദേശം ഒന്നേകാൽ ശതവർഷം പഴക്കമുള്ള റെയിൽവെ ലൈനും അതിനോട് അനുബന്ധിച്ച് നിർമ്മിച്ച കാഞ്ഞിരക്കടവ് പാലവും ഒരു പോറലും ഏൽക്കാതെ ഇന്നും നിലനിൽക്കുന്നു. അന്നത്തെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന് ഉത്തമ ഉദാഹരണമാണ് ഇത്. രണ്ടാം ലോകമഹായുദ്ധ കാലഘട്ടങ്ങളിൽ യുദ്ധ സാമഗ്രികൾ ഇറക്കുന്നതിനുവേണ്ടി പല റെയിൽവെ സ്റ്റേഷനുകളും താൽക്കാലികമായി സ്ഥാപിച്ചിരുന്നു. അതിൽ ഒന്നാണ് കൊട്ടേക്കാട് റെയിൽവെ സ്റ്റേഷൻ. ഇന്ന് ഈ സ്റ്റേഷൻ നിലവിലില്ല.

മലമ്പുഴ ഡാമിൻെറ നിർമ്മാണഘട്ടത്തിനു ശേഷം ഒരു മഹാദുരന്തം സംഭവിച്ചത് കാരണവൻമാരുടെ മനസ്സിൽ മായാതെ നിൽക്കുന്നു. ജലസംഭരണിയിലൂടെ സഞ്ചരിച്ചിരുന്ന തോണി കാറ്റും മഴയും മൂലം മുങ്ങി 35 പേർ മരിക്കാനിടയായി. ഇതിൽ രക്ഷപ്പെട്ടത് ബാലൻ, ശോശാമ്മ എന്നിവരാണ്.

1964- ൽ നിലവിൽ വന്ന പഞ്ചായത്ത് ഭരണസമിതി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയും തുടർന്ന് 1971-72 കാലഘട്ടങ്ങളിൽ സ്വന്തമായി കെട്ടിടം പണിയുകയും ചെയ്തു. 1952

കാലഘട്ടത്തിലാണ് കുടിയേറ്റ കർഷകർ നമ്മുടെ പ്രദേശങ്ങളിലേക്ക് പ്രവേശിച്ചത്. പഞ്ചായത്തിൽ 60% വനമേഖലയായിരുന്നു. അതുകൊണ്ടുതന്നെ ധാരാളം മഴ ലഭിച്ചിരുന്നു. ഇന്നത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ മഴയുടെ കുറവ് കാണാൻ കഴിയും. ഇതിനു കാരണം വനനശീകരണമാണ്.

കന്നുകാലിവളർത്തൽ, കൃഷിപ്പണി എന്നിവയായിരുന്നു പ്രധാന ഉപജീവനമാർഗ്ഗം. കടുക്കാംകുന്നം ഹരിജനങ്ങളെ കേന്ദ്രീകരിച്ച് വല്ലിക്കുടനിർമ്മാണം നടത്തിയിരുന്നു. ഓല കിട്ടാത്തതുകൊണ്ടും വിപണനം നടക്കാത്തതു കൊണ്ടും ഈ തൊഴിലിൽ ഇപ്പോൾ ആരും ഏർപ്പെടുന്നില്ല.

പഞ്ചായത്തിൻെറ ജനകീയ ഭരണസംവിധാനം 1964-ൽ നിലവിൽ വന്നു. പി. നാരായണൻ പ്രസിഡൻറായുള്ള ഭരണസമിതിയിൽ 6 പേർ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഒരു വനിതാ പ്രതിനിധി നോമിനേറ്റഡ് അംഗവുമായിരുന്നു. ഈ ഭരണസമിതി 16 വർഷം തുടർച്ചയായി ഭരിച്ചു. 1978 - ൽ വീണ്ടും തിരഞ്ഞെടുപ്പ് നടക്കുകയും എം. ജെ. മാത്യു പ്രസിഡൻറായ ഭരണസമിതിയിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായിരുന്നു. 1987- ലെ തിരഞ്ഞെടുപ്പിൽ വി.പി. പുരുഷോത്തമൻ പ്രസിഡൻറായുള്ള ഭരണസമിതി നിലവിൽവന്നു. തുടർന്ന് 1995- ലെ തിരഞ്ഞെടുപ്പിൽ ഇന്നത്തെ ഭരണസമിതി അധികാരത്തിൽ വരുകയും "ജനകീയാസൂത്രണം"എന്ന മഹത്തായ ആശയം നടപ്പിലാക്കുന്നതിനുള്ള അവസരം ഉണ്ടാവുകയും ചെയ്തു.

രാഷ്ട്രീയാടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് എങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധിയാണ്. ഈ വിശ്വാസം ജനങ്ങളിൽ ഉണ്ടാക്കി ഭരിക്കുമ്പോൾ മാത്രമെ "ജനകീയ ഭരണം" എന്ന ആശയം ഫലപ്രദമാകു. ഇതിനെക്കാൾ മുഴുവൻ ജനങ്ങളുടെയും അകമഴിഞ്ഞ സഹകരണം ഭരണസമിതിക്കാവശ്യമാണ്. സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കാൻ മുഴുവൻ ജനങ്ങളും തയ്യാറാകണം. പഞ്ചായത്തിൻെറ ചരിത്രം നമ്മിലുളവാക്കുന്ന ആവേശം നിലനിറുത്തുന്നതിനുള്ള സംരംഭവുമായി ജനകീയാസൂത്രണ പ്രസ്ഥാനത്തെ കാണുക, അതിൽ മുഴുവൻ സമയവും പങ്കാളികളാകുക.

# 6

# മലമ്പുഴയുടെ ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവങ്ങൾ

പാലക്കാട് ജില്ലയിൽ പാലക്കാട് പട്ടണത്തിൻെറ വടക്കുഭാഗത്ത് സുമാർ 10 കിലോമീറ്റർ ദൂരെയായി സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് മലമ്പുഴ ഗ്രാമപഞ്ചായത്ത്. വിസ്തൃതിയിൽ കൂടുതലെങ്കിലും ജനവാസം കുറവായ ഒരു പ്രദേശമാണ് മലമ്പുഴ. വിസ്തൃതിയുടെ ഏറിയഭാഗവും റിസർവോയറും, വനപ്രദേശങ്ങളുമാണ്. കിഴക്കും വടക്കും പ്രദേശങ്ങൾ പൊതുവെ കുന്നിൻ പുറമാണ്. അവിടെയാണ് 1, 2 വാർഡുകൾ ഉള്ളത്. റിസർവോയറിനെ ചുറ്റിപ്പറ്റി ഈ രണ്ടു വാർഡുകളും നിലകൊള്ളുന്നു. ഈ രണ്ടു വാർഡുകൾക്കും ഏകദേശം 32 കി.മീ. ദൂരമുണ്ട്. ഇതോടൊപ്പം മൂന്നാം വാർഡിലെ ആരംങ്ങോട്ടുകുളംമ്പ് പ്രദേശവും ഒറ്റപ്പെട്ടതാണ്. പഞ്ചായത്തിൻെറ 3, 4 വാർഡുകൾ കീറിമുറിച്ചാണ് റെയിൽവെ ലൈൻ പോകുന്നത്.

ജനസംഖ്യാകണക്ക് പഞ്ചായത്ത് സ്ഥിതിവിവര പട്ടികയിലുണ്ട്. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളവും മഴയുമാണ് പ്രധാനമായും കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുന്നത്. കുറെയധികം സർക്കാർ ജീവനക്കാരുടെ മേഖല എന്ന വിശേഷതയും മലമ്പുഴക്കുണ്ട്. ഏകദേശം 51 സർക്കാർ സ്ഥാപനങ്ങളും 1000 -ാളം സർക്കാർ ജീവനക്കാരും ഇവിടെ ഉണ്ട്.

തൊഴിലില്ലാത്തവരായി ജനസംഖ്യയുടെ 25% ആൾക്കാരുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

വർഷത്തിൽ ശരാശരി 2079 മി.മി. മഴ ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ ജനസംഖ്യയുടെ ഏകദേശം 50% പേർക്കും ശുദ്ധജലം ലഭിക്കുന്നുണ്ട്.

വിപുലമായ ഒരു കണക്ക് ഇവിടെ ചേർക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇതിനുമുൻപ് സൂചിപ്പിച്ചതുപോലെ വിഭവഭൂപടം തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. സർവ്വേ നടത്താത്തതും പഠനപര്യടനം വേണ്ടത്ര ശരിയാകാത്തതുമാണ് കാരണം. പഞ്ചായത്തിൻെറ വിഭവ ഭൂപട സർവ്വേയും സാമൂഹ്യ സാമ്പത്തിക സർവേയും ഉടനെ തന്നെ വിപുലമായി നടത്തണമെന്നുദ്ദേശമുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിക്കുന്ന പഞ്ചായത്തിൻെറ പദ്ധതികൾ എല്ലാം തന്നെ മാറ്റമില്ലാതെ നടത്താൻ ഈ സർവ്വേ നമ്മെ സഹായിക്കും.

7

# സാമൂഹ്യ സാമ്പത്തികമേഖലകൾ

# 7.1.

# കൃഷി, ജലസേചനം

മലമ്പുഴ ഗ്രാമപഞ്ചായത്ത് അറിയപ്പെടുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണെങ്കിലും പ്രധാനപ്പെട്ട ഒരു കാർഷിക ഗ്രാമം കൂടിയാണ് 86 സ്ക്വ.കി. മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന പഞ്ചായത്തിൽ 8 വാർഡുകൾ ഉൾകൊള്ളുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളുടെ ജീവിതോപാധി കൃഷിയാണ്. കൃഷിഭൂമികളിൽ ഭൂരിഭാഗവും ദേവസ്വത്തിൻെറ കൈവശത്തിലായിരുന്നത് ഭൂപരിഷ്ക്കരണനിയമം മൂലം കുടിയാൻമാർക്ക് ലഭിച്ചതാകുന്നു. മലമ്പുഴ റിസർവൊയറിനു ചുറ്റും ഏതാണ്ട് 30 കിലോമീറ്ററോളം വിസ്തൃതിയിൽ കിടക്കുന്ന ഒന്നും രണ്ടും വാർഡു വളർന്നു വരുന്ന ഒരു നാണ്യവിള കേന്ദ്രമായി മാറുകയാണ്. പ്രധാനമായും റബ്ബർ. തെങ്ങ്, കവുങ്ങ്, ഇഞ്ചി, മഞ്ഞൾ, നെല്ല് മുതലായവ വ്യാപകമായി കൃഷിചെയ്തുവരുന്നു. കുന്നുകളും തോടുകളും മലഞ്ചരിവും കൊണ്ട് ഒറ്റപ്പെട്ട പ്രദേശമാണ് ഈ വാർഡുകൾ.

മലമ്പുഴ ജലസേചന പദ്ധതി ഉൾക്കൊള്ളുന്ന പഞ്ചായത്താണ് എങ്കിലും ഏകദേശം 200 ഹെക്ടറിൽ താഴെ കൃഷിസ്ഥലത്ത് മാത്രമെ പദ്ധതിയുടെ ഉപയോഗം ലഭിക്കുന്നുള്ളു. 1955- ൽ കമ്മീഷൻ ചെയ്ത മലമ്പുഴ ജലസേചന പദ്ധതി മുഖേന ജലസേചനസൗകര്യം ഇല്ലാതെ കിടന്ന ഭൂമികളിൽ ഇപ്പോൾ രണ്ടു വിളകൾ എടുത്തു വരുന്നു. പദ്ധതിയുടെ ഗുണം ലഭിക്കാത്ത സ്ഥലങ്ങൾ മഴയെ ആശ്രയിച്ചും മലവെള്ളം തിരിച്ചും മോട്ടോറുകൾ ഉപയോഗിച്ച് പമ്പു ചെയ്തുമാണ് കൃഷിചെയ്തുവരുന്നത്.

പഞ്ചായത്തിലെ 3, 4, 5, 6, 7 എന്നീ വാർഡുകൾ നെൽകൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കർഷക ഗ്രാമമാണ്. കൃഷിസ്ഥലങ്ങൾ മുഴുവനും തന്നെ ചെറുകിട കർഷകരുടെ കൈവശമുള്ള തുണ്ടു തുണ്ടു ഭൂമികളാണ്. കർഷക തൊഴിലാളികളുടെ ലഭ്യത കുറവും ഉല്പാദന ചിലവിൻെറ വർദ്ധനവും മോശമായ വിളവും കാരണം നെൽകൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന കർഷകരുടെ സ്ഥിതി വളരെ ശോചനീയാവസ്ഥയിലാണ്. ഭൂരിഭാഗം കർഷകതൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിൽ രംഗത്തേക്ക് തിരിഞ്ഞിരിക്കയാൽ കാർഷിക രംഗത്തെ തൊഴിലാളികളുടെ ലഭ്യത വളരെ കുറവുവരുത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ ഉള്ള 7, 8 വാർഡുകളിൽ നാമമാത്രമായി നെൽകൃഷി ചെതുവരുന്നുള്ളു. ഈ വാർഡുകളിലെ കൂടുതൽ ഭൂമിയും ഇറിഗേഷൻ വകുപ്പിൻെറ അധീനതയിൽ ആയതിനാൽ തരിശ് ഇട്ടിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ കൃഷിവകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഏകദേശം 138 ഹെക്ടറോളം സ്ഥലമുള്ള ഒരു പുഷ്പഫലവികസന തോട്ടമുണ്ട്. ഇവിടെ മേൽത്തരം തെങ്ങിൻ തൈ, കുരുമുളകു വള്ളി, നല്ലയിനം മാവിൻതൈ, അത്യുൽപ്പാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ, ഉദ്യാനവികസന ത്തിനാവശ്യമായ പൂച്ചെടികൾ, നല്ലയിനം നടീൽ വസ്തുക്കൾ എന്നിവ ഉല്പാദിപ്പിച്ച് കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

മലമ്പുഴ ജലസേചന പദ്ധതിയുടെ കനാൽ വഴിയുള്ള ജലസേചന സംവിധാനം ഒഴിച്ചാൽ പൊതു കിണറുകളോ കുളങ്ങളോ ജലസേചനത്തിനായി ഈ പഞ്ചായത്തിൽ ഇല്ല. 6 സ്വകാര്യ കുളങ്ങളും 3 സർക്കാർ വക സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ചെറിയ കുളങ്ങളും മാത്രമെ ഈ പഞ്ചായത്തിൽ ഉള്ളു. ആയതിൽ നിന്നും പൊതുജലസേചന സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ല.

എട്ടുവാർഡുകളിലായി താഴെ പറയുന്ന 15 പാടശേഖരസമിതികൾ പ്രവർത്തിച്ചു വരുന്നു.

| ക്രമനമ്പർ | സമിതിയുടെപേര് | വാർഡ് നമ്പർ |
|---|---|---|
| 1. | ഒന്നാം വാർഡ്പാടശേഖരസമിതി | ഒന്ന് |
| 2. | വലിയകാട് പാടശേഖരസമിതി | ഒന്ന് |
| 3. | ആനകല്ല് പാടശേഖരസമിതി | രണ്ട് |
| 4. | ചേമ്പന പാടശേഖരസമിതി | രണ്ട് |
| 5. | തൂപ്പള്ളം പാടശേഖരസമിതി | മൂന്ന് |
| 6. | പന്നിമട പാടശേഖരസമിതി | മൂന്ന് |
| 7. | വാക്കാട് പാടശേഖര സമിതി | മൂന്ന് |
| 8. | വടുകൻപാടം പാടശേഖരസമിതി | നാല് |
| 9. | കാഞ്ഞിരകടവ് പാടശേഖരസമിതി | നാല് |
| 10. | വാരണി പാടശേഖരസമിതി | നാല് |
| 11. | കിഴക്കേമുറി പാടശേഖരസമിതി | അഞ്ച് |
| 12. | കടുക്കാംകുന്നം പാടശേഖരസമിതി | ആറ് |
| 13. | മന്നാടിപാടം പാടശേഖരസമിതി | എട്ട് |
| 14. | വാഴപ്പള്ളം പാടശേഖരസമിതി | എട്ട് |
| 15. | ചെറാട് പാടശേഖരസമിതി | ഏഴ് |

ഒന്നാംവാർഡ് പാടശേകരസമിതിയുടെ ഉപസമിതിയായിവലിയകാട് സമിതി പ്രവർത്തിക്കുന്നു.

### ഭൂമിയെസംബന്ധിച്ചുള്ള വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 750 ഹെക്ടർ |
| പുരയിടം | 3000 ഹെക്ടർ |
| പുറമ്പോക്ക് | 3209 ഹെക്ടർ |
| കൃഷി യോഗ്യത്തിന് | 400 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്തതിന് | 1200 ഹെക്ടർ |
| ആകെ | 8559 ഹെക്ടർ |

### പ്രധാന വിളകൾ

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം |
|---|---|---|
| നെല്ല് ഒന്നാംവിള | 750 ഹെക്ടർ | 1312.5ടൺ |
| നെല്ല് രണ്ടാംവിള | 550ഹെക്ടർ | 1210എൺ |
| നെല്ല് മൂന്നാം വിള | 50ഹെക്ടർ | 115 ടൺ |
| തെങ്ങ് | 320ഹെക്ടർ | 12,40,000 എണ്ണം |
| റബ്ബർ | 1500ഹെക്ടർ | 1500 ടൺ |
| വാഴ | 200ഹെക്ടർ | 2000 ടൺ |
| പച്ചക്കറികൾ | 60 ഹെക്ടർ | 120ടൺ |
| മാവ് | 35 ഹെക്ടർ | 70ടൺ |
| കുരുമുളക് | 30 ഹെക്ടർ | 9000 കെ.ജി. |
| കശുമാവ് | 30 ഹെക്ടർ | 30ടൺ |
| കവുങ്ങ് | 25ഹെക്ടർ | 50ടൺ |
| പയർ വർഗ്ഗങ്ങൾ | 25 ഹെക്ടർ | 50ടൺ |
| ഇഞ്ചി | 20 ഹെക്ടർ | 60ടൺ |
| പൈനാപ്പിൾ | 1ഹെക്ടർ | 25ടൺ |
| മരച്ചീനി | 5 ഹെക്ടർ | 35ടൺ |

ഓരോവിളകളുടെയും ഉല്പാദനക്ഷമത താഴെകൊടുക്കുന്നു.

| | വിള | ഉല്പാദനക്ഷമതഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് | 2300 Kg/ha |
| 2 | പയർ | 2000kg/ha |
| 3. | പച്ചകറികൾ | 2000kg/ha |
| 4 | തെങ്ങ് | 7000 Nos/ha |
| 5 | വാഴ | 10 ടൺ/ha |
| 6 | മരച്ചീനി | 7000Kg/ha |
| 7 | കുരുമുളക് | 300 Kg/ha |
| 8 | കശുമാവ് | 110Kg/ha |
| 9 | മാവ് | 2 ടൺ/ha |
| 10 | റബ്ബർ | 1000Kg/ha |
| 11 | കവുങ്ങ് | 2ടൺ/ha |
| 12 | ഇഞ്ചി | 3 ടൺ/ha |
| 13 | പൈനാപ്പിൾ | 25ടൺ/ha |

### *നെൽകൃഷി*

ഏകദേശം 750 ഹെക്ടറോളം സ്ഥലത്ത് നെൽകൃഷി ഒന്നാം വിള ചെയ്തു വരുന്നുണ്ട്. രണ്ടാംവിള ഏകദേശം 550 ഹെക്ടറോളം സ്ഥലത്തും ചെയ്തുവരുന്നു. 50 ഓളം ഹെക്ടറിൽ മൂന്നാം വിളയും ചെയുന്നുണ്ട്. കാർഷിക രംഗത്തെ തൊഴിലാളികളുടെ ലഭ്യത കുറവും പുതിയ തലമുറയിൽപെട്ട തൊഴിലാളികൾ പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്തേക്ക് തിരിഞ്ഞിരിക്കയാലും ഈ രംഗത്ത് പരിചയമുള്ള തൊഴിലാളികളെ കിട്ടാതെ വന്നിരിക്കുന്നു. രാസവളത്തിനും കീടനാശിനിക്കുമെല്ലാം ക്രമാതീതമായി വില വർദ്ധിച്ചതു കാരണം കാർഷിക രംഗത്തെ പ്രതിസന്ധി കൂടുതൽ രൂക്ഷമായിരിക്കുകയാണ്.

### *തെങ്ങ്*

ഈ പഞ്ചായത്തിൽ 8 വാർഡുകളിലായി ഏകദേശം 320 ഹെക്ടറോളം സ്ഥലത്ത് തെങ്ങ് കൃഷി വ്യാപകമായി ചെയ്തു വരുന്നു. ഉത്പാദനക്ഷമതയിൽ സംസ്ഥാനശരാശരിയെക്കാളും കൂടുതലാണ്. ജലസേചന സൗകര്യമില്ലാത്തതിനാൽ കൂടുതൽ സ്ഥലത്ത് തെങ്ങ് കൃഷി വ്യാപകമാക്കുവാൻ സാധിക്കാതെ വരുന്നു. ജൈവവളം ഉപയോഗിക്കാത്തതിനാലും നാളികേരത്തിന് ന്യായമായ വിലകിട്ടാത്തതുകൊണ്ടും തെങ്ങു കൃഷിയുടെ കാര്യത്തിലും കർഷകർ വിമുഖത കാണിക്കുന്നു. മാത്രമല്ല വിളവെടുപ്പിന് കാത്തിരിക്കേണ്ടി വരുന്നതുകൊണ്ട് പല കർഷകരും പെട്ടന്ന് വിളവെടുക്കാവുന്ന നെൽകൃഷി മാത്രം ചെയ്തുവരുന്നു. ഈ പഞ്ചായത്തിൽ നാളികേര സംസ്കരണകേന്ദ്രമോ മറ്റനുബന്ധ വ്യവസായങ്ങളോ ഇതുവരെ തുടങ്ങാത്തതുകൊണ്ട് അയൽ ജില്ലകളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. കേരവികസനസമിതികൾപ്രവർത്തിക്കുന്നുണ്ടെങ്കിലും ഫലപ്രദമല്ല.

### *റബ്ബർ*

പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിലായി ഏകദേശം 1500ഓളം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്തുവരുന്നുണ്ട്. വിപുലമായ വലിയ തോട്ടങ്ങളും ചെറുകിടതോട്ടങ്ങളും ഈ വാർഡുകളിൽ ധാരാളമുണ്ട്. ചരിവുള്ള പ്രദേശങ്ങളായതിനാൽ ഈ കൃഷിക്ക് പറ്റിയ സ്ഥലമാണ്. റബ്ബർ സംസ്ക്കരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാലും മലമ്പുഴ റിസർവൊയറിനു ചുറ്റും ഗതാഗത സൗകര്യമില്ലാത്തതിനാലും ഉല്പാദനം വിപണിയിൽ എത്തിക്കുന്നതിന് ഭാരിച്ച ചിലവു വരുന്നത് കർഷകരെ വിഷമത്തിലാക്കിയിരിക്കുകയാണ്. കൂടാതെ നടീൽ വസ്തുക്കളുടെ വില കൂടുതലും ലഭ്യത കുറവും ഒരു കാരണമായി കർഷകർ കാണുന്നു.

### *കവുങ്ങ്*

ജലസേചന സൗകര്യങ്ങളുള്ള ഒന്നും രണ്ടും വാർഡുകളിൽ ഏകദേശം 25 ഹെക്ടറോളം സ്ഥലത്ത് കൃഷിചെയ്തു വരുന്നു. വിപണനത്തിന് മേൽപറഞ്ഞ ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ ഇത്തരം കൃഷികൾ ചെയ്യുവാൻ കർഷകർ വിമുഖത കാണിക്കുന്നു. ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയാണെങ്കിൽ ഈ കൃഷി കൂടുതൽ വിപുലമാക്കുവാൻ സാധിക്കുന്നതാണ്.

## വാഴ

ഈ പഞ്ചായത്തിൽ ഏകദേശം 200 ഹെക്ടറോളം സ്ഥലത്ത് വാഴ കൃഷി ചെയ്തുവരുന്നു. നല്ല വിളവു ലഭിക്കുന്ന വാഴ കൃഷിക്കും വിപണനത്തിന് അയൽ ജില്ലയെ ആശ്രയിക്കുകയാണ്. വാഴ കൃഷി വ്യാപകമാക്കി വിപണനത്തിനും, സംസ്ക്കരണത്തിനും സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ (ചിപ്സ് ഉണ്ടാക്കുന്ന കേന്ദ്രങ്ങൾ) കർഷകരെ ഈ കൃഷിയിലേക്ക് ആകർഷിക്കുവാൻ സാധിക്കും.

കൂടാതെ 200 ഹെക്ടറോളം സ്ഥലത്ത് പയർ പച്ചക്കറികൾ, മരച്ചീനി, കുരുമുളക്, കശുമാവ്, മാവ്, ഇഞ്ചി, പൈനാപ്പിൾ മുതലായവ കൃഷി ചെയ്തുവരുന്നു. ഉല്പാദനത്തിന് വിപണന സൗകര്യം കുറവായതിനാൽ കർഷകർ ഈ കൃഷികളോട് വൈമനസ്യം കാണിക്കുന്നുണ്ട്. വിപണനത്തിനും, ജലസേചനത്തിനും സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ മേൽ പറഞ്ഞ കൃഷികൾ കൂടുതൽ വിപുലമാക്കുവാൻ സാധിക്കും. ചെറിയ തോതിൽ ഏലം, കാപ്പി എന്നിവ ഒന്നും രണ്ടും വാർഡുകളിൽ കൃഷി ചെയ്തു വരുന്നുണ്ട്.

പഞ്ചായത്തു തലത്തിൽ സംഘടിച്ച ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ കർഷകരുടെ പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. ജലസേചന സൗകര്യമില്ലായ്മ
2. കാട്ടുമൃഗങ്ങളുടെ ശല്യം കാരണം കൃഷിനാശം സംഭവിക്കുന്നു.
3. ഉല്പാദനത്തിന് വിപണനസൗകര്യ കുറവ്
4. പാടശേഖരസമിതികളുടെ പ്രവർത്തന കുറവ്
5. വനാതിർത്തികളിലെ മരങ്ങളുടെ ചോല കാരണം കൃഷിനാശം സംഭവിക്കുന്നു.
6. മണ്ണൊലിപ്പ്, ചതുപ്പ് നിലം എന്നിവ മൂലം കൃഷി ചെയുവാൻ പറ്റാത്ത അവസ്ഥ.
7. കൃഷി ഡിപ്പാർട്ടുമെൻറിൻെറ സേവനം യഥാസമയം ലഭിക്കുന്നില്ല.
8. കൃഷി നാശത്തിനു സഹായം ലഭിക്കുന്നില്ല.
9. ഭൂമികളുടെ കൈവശ രേഖ ലഭിക്കാത്തതു കാരണം കാർഷിക വായ്പകൾ ലഭിക്കുന്നില്ല.
10. വളം, കീടനാശിനി എന്നിവയുടെ വില വർദ്ധനവും, ലഭ്യതകുറവും.
11. നല്ലയിനം വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വേണ്ടത്ര ലഭിക്കുന്നില്ല
12. നല്ലയിനം റബ്ബർ തൈകൾ ലഭിക്കുന്നില്ല.
13. കാർഷികാവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നില്ല.
14. കൃഷിനാശം സംഭവിച്ചവർക്കുള്ള ധനസഹായം ഇൻഷൂറൻസ് പദ്ധതി ലഘൂകരിച്ച് വിപുലമാക്കി കാണുന്നില്ല.
15. കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാര തുക ലഭിക്കുന്നതിനുള്ള കാലതാമസം.
16. വേണ്ടത്ര കൃഷി തൊഴിലാളികളെ ലഭിക്കുന്നില്ല.
17. ഫാം റോഡ് ഇല്ലാത്തതുകാരണം ട്രാക്ടർ മുതലായ ഉപകരണങ്ങൾ ഇറക്കുവാനുള്ള ബുദ്ധിമുട്ട്.

18. ഉൽപ്പന്നങ്ങളുടെ വിപണനത്തിനും, സംസ്കരണത്തിനും സംവിധാനമില്ല.
19. നെൽകൃഷി ലാഭകരമല്ല.

*നിർദ്ദേശങ്ങൾ*

1. മായപ്പാറപ്പുഴ, വേലകംപൊറ്റ പുഴ, ചെറുപുഴ, പൂക്കുണ്ടുചാൽ, ഒറ്റകൊമ്പൻചോല, കയറംകുണ്ട് തോട് എന്നീ ജലസ്രോതസ്സുകളിൽ തടയണകെട്ടി പൈപ്പ് വഴി വെള്ളം തിരിച്ചു വിട്ട് ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.
2. വന്യമൃഗങ്ങളിൽ നിന്നും (കാട്ടുപന്നികൾ മുതലായവ) കാർഷിക വിളകളെ നിയന്ത്രിക്കാനുള്ള ശാശ്വത പരിഹാരം ഉണ്ടാവണം- ഇലക്ട്രിക് ഷോക്ക് കൊടുക്കാനുള്ള കമ്പിവേലി കെട്ടി സൗകര്യപ്പെടുത്താം.
3. മലഞ്ചരക്കുകളും, മറ്റുകാർഷിക ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നുതിനാവശ്യമായ സഹകരണ സംഘം രൂപീകരിക്കണം.
4. നിലവിലുള്ള പാടശേഖര സമിതികളെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് പ്രവർത്തനം സജ്ജമാക്കണം.
5. 1 ഹെക്ടറിൽ താഴെ കൃഷിയുള്ള എല്ലാ കർഷകർക്കും സൗജന്യമായി കിണറും, ഇലക്ട്രിസിറ്റിയും, പമ്പു സെറ്റും അനുവദിക്കണം.
6. മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനുള്ള നടപടി ഉണ്ടാവണം.
7. കൃഷിയിടങ്ങളിലേക്ക് നീണ്ടു നിൽക്കുന്ന വനാതിർത്തിയിലുള്ള മരങ്ങളുടെ ശിഖരങ്ങൾ ഫോറസ്റ്റ് അധികൃതരുടെ അനുമതിയോടെ മുറിച്ചു നീക്കുവാൻ നടപടി വേണം.
8. ചതുപ്പുനിലം കൃഷിയോഗ്യമാക്കുവാൻ വേണ്ട ധനസഹായം ലഭ്യമാക്കണം.
9. മണ്ണ്, ഇല എന്നിവയുടെ ഗുണമേൻമ പരിശോധിച്ച് കുറവുകൾ നികത്തുന്നതിനും കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം ലഭിക്കുന്നതിനും വേണ്ട നടപടി കൃഷി വകുപ്പിൽ നിന്നും ഉണ്ടാവണം.
10. 
    a) കാർഷിക വായ്പകൾ യഥാസമയം ലഭിക്കുവാൻ നടപടി ഉണ്ടാവണ്.
    b) സർവ്വെ ചെയ്യാത്ത ഭൂമികൾ സർവെ നടത്തി ആവശ്യമായ രേഖകൾ നൽകി കൃത്യസമയത്ത് വായ്പകൾ ലഭിക്കുവാൻ വേണ്ട നടപടികൾ ഉണ്ടാക്കണം.
11. വിത്ത്, നടീൽ വസ്തുക്കൾ എന്നിവ വിതരണം ചെയ്യുന്നത് പാടശേഖര സമിതികൾ മുഖേന ആകണം.
12. റബ്ബറിൻെറ നടീൽ സബ്സിഡി വർദ്ധിപ്പിക്കണം.
13. രാസവളങ്ങൾക്ക് നൽകുന്ന സബ്സിഡി ജൈവവളങ്ങൾക്കും അനുവദിക്കണം.
14. നിലവിലുള്ള ഇൻഷൂറൻസ് പദ്ധതി ഓരോ കർഷകർക്കും ഗുണകരമായ രീതിയിൽ നടപ്പിൽ വരുത്തണം.
15. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി, പെട്ടെന്ന് ലഭിക്കുവാൻ വേണ്ട നടപടി ഉണ്ടാവണം.
16. 3-ാം വാർഡിൽ നിലവിലുള്ള പന്നിമട കുളം നവീകരിച്ച് ജലസേചനത്തിന് ഉപയുക്തമാക്കണം.

17. ഭൂമികൾ സർവെ ചെയ്തപ്പോൾ വന്ന അപാകതകൾ പരിഹരിച്ച് കൈവശകാർക്ക് ലഭിക്കുവാൻ വേണ്ട നടപടി വേണം.
18. കൊച്ചിതോട്, കല്ലംപുഴ, നക്കമടതോട് എന്നിവയിലെ വെള്ളം കൃഷിക്ക് പ്രയോജനപ്പെടുത്തുവാൻ വേണ്ട നടപടി ഉണ്ടാവണം.
19. കോരയാർ പുഴയിൽ തടയണ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം ആറങ്ങോട്ടുകുളമ്പ് പ്രദേശത്തെ കൃഷിക്ക് പ്രയോജനപ്പെടുത്താം.
20. കാർഷിക വിളകൾക്ക് താങ്ങു വില നിശ്ചയിക്കണം.
21. വിപണനത്തിന് ഗ്രാമചന്തകൾ സംഘടിപ്പിക്കണം.
22. 4-ാം വാർഡിൽ നിലവിലുള്ള ഇറിഗേഷൻ ചാനലുകളും കൈചാലുകളും റിപ്പയർ ചെയ്ത് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക. കൂടാതെ മന്തക്കാടു നിന്നും കടുക്കാംകുന്നുവഴിയുള്ള കാഡാ കനാൽറിപ്പയർ ചെയ്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.
23. നെടുങ്ങോട് തോട് ഇരുഭാഗവും കരിങ്കൽ കെട്ടി സംരക്ഷിച്ച് - മഴക്കാലത്ത് അധികവെള്ളംമൂലം കൃഷിനാശത്തിൽ നിന്നും ഒഴിവാക്കാനും ജലസേചനത്തിനും സൗകര്യപ്പെടുത്തണം.
24. മലമ്പുഴ എച്ച്. ഡി.ഫാം ജില്ലാ ഫാമാക്കി ഉയർത്തി ആവശ്യമായ വിത്തും നല്ലയിനം നടീൽ വസ്തുക്കളും ലഭ്യമാക്കണം.
25. കാവിൽപ്പാട് ചാനലിലെ 4-ാം നമ്പർ സ്ളൂയിസ് പുനഃ സ്ഥാപിച്ച് ഉപ്പുപൊറ്റ ഭാഗത്ത് ജലസേചനം സൗകര്യടുത്താം.
26. ഫാം റോഡുകൾ നിർമ്മിച്ച് പാടശേഖരങ്ങളിൽ കൃഷി ഉപകരണങ്ങൾ കൊണ്ടുപോകുവാൻ സൗകര്യം ഏർപ്പെടുത്തണം.
27. മന്ദക്കാട് വാട്ടർ ടാങ്കിൽ നിന്നും പുറന്തള്ളുന്ന വെള്ളം ചെറാട് ഭാഗത്തെ കൃഷിക്കു പ്രയോജനപ്പെടുത്തിയാൽ രണ്ടാം വിള ഉണക്കം തട്ടാതെ എടുക്കാം.
28. എലിച്ചിരം ഭാഗത്ത് ചെക്ക് ഡാം നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താം.
29. 1 ഹെക്ടർ കൃഷിയുള്ള കർഷകനും ട്രാക്ടർ മുതലായ കൃഷി ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.
30. പുറമ്പോക്ക് തരിശു ഭൂമികൾ പൊതു പച്ചക്കറി കൃഷി നടത്തുന്നതിന് അനുവദിച്ചാൽ പഞ്ചായത്തിൽ പച്ചക്കറിക്ക് സ്വയംപര്യാപ്തത കൈവരിക്കാം.
31. തരിശുഭൂമികളിൽ വ്യാപകമായി ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും വെച്ചുപിടിപ്പിക്കുക.
32. കർഷക തൊഴിലാളികളെ കർഷക മേഖലയിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ ഭാഗത്തുനിന്നും ഉണ്ടാവണം.
33. ഉത്പ്പന്നങ്ങളുടെ സംസ്ക്കരണത്തിനുവേണ്ട സംവിധാനം ഉണ്ടാക്കുക.
34. മലമ്പുഴ പഞ്ചായത്തിനെ നീർമറി (വാട്ടർ ഷെഡ്) പദ്ധതിയിൽ ഉൾപ്പെടുത്തുക.
35. മലമ്പുഴ ബോട്ട് ഡാമിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി മൂലം പമ്പ് ചെയ്ത് ചെറാട്, പന്നിമട, വടുകൻ പാടം എന്നീ പാടശേഖര സമിതികളിലെ ഭാഗത്തെ കൃഷിക്ക് ജലസേചനസൗകര്യമുണ്ടാക്കണം.
36. കാവിൽപ്പാട് ബ്രാഞ്ച് കനാലിലെ ഒന്നാം നമ്പ്ര് സ്ളൂയിസിൽ നിന്നും പേച്ചിപൊറ്റ മന്നാടിപാടം എന്നീ സ്ഥലങ്ങളിലൂടെ പോകുന്ന കൈചാല് ഇരുഭാഗവും കെട്ടി ജലസേചന-ജലനിർഗ്ഗമന ചാലാക്കി ഉപയോഗപ്പെടുത്തണം.

37. നീറാ തോടിൻെറ ഇരുഭാഗവും കരിങ്കല്ലു കെട്ടി സംരക്ഷിക്കണം.
38. നിലവിലുള്ള ചെറാട് തോടിൻെറ ഇരുഭാഗവും കോൺക്രീറ്റ് ചെയ്ത് ജലസേചനത്തിന് ഉപയോഗപ്രദമാക്കണം.
39. കൂൺകൃഷി, തേനീച്ചവളർത്തൽ എന്നിവയ്ക്ക് പരിശീലനം നൽകി വ്യാപകമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
40. ട്രാക്ടർ, ട്രില്ലർ, കൊയ്ത്തുയന്ത്രം, മെതിയന്ത്രം മുതലായ കൃഷി ഉപകരണങ്ങൾ ഓരോ പാടശേഖരസമിതിക്കും സൗജന്യ നിരക്കിൽ ലഭിക്കുവാൻ വേണ്ട നടപടി ഉണ്ടാവണം.
41. 'ചോങ്കൊളമ്പ് ഏരി' നവീകരിച്ച് ആഴം കൂട്ടി ജലസേചനസൗകര്യത്തിനുവേണ്ട നടപടി ഉണ്ടാവണം.

ഈ പഞ്ചായത്തിൽ മലമ്പുഴ സർവ്വീസ് സഹകരണ ബാങ്കിൻെറ ഒരു രാസവള-കീടനാശിനി വിപണനകേന്ദ്രവും സ്വകാര്യ മേഖലയിൽ ഒരു വിപണനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

## കൃഷിഭവൻ

1987 സെപ്തംബർ ഒന്നിന് നിലവിൽ വന്ന കൃഷിഭവൻെറ പ്രവർത്തനം പഞ്ചായത്തിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ അയവുവരുത്തിയിട്ടുണ്ടെങ്കിലും കൃഷി വിദഗ്ദ്ധരുടെ കുറവു മൂലം കൃഷിഭവൻെറ പ്രവർത്തനം പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തുള്ള കർഷകർക്ക് ലഭിക്കുന്നില്ല.

1993-94 ൽ ഉണ്ടായ വെള്ളപ്പൊക്കം മൂലം 365.43 ഹെക്ടർ കൃഷി നശിക്കുകയും ആയതിന് കൃഷിഭവൻ മുഖാന്തിരം 346 കർഷകർക്കായി 1,08,173 രൂപ ധനസഹായം നൽകുകയും ഉണ്ടായി.

ഈ പഞ്ചായത്തിലെ കർഷകർക്കും പാടശേഖരസമിതിക്കും കൂടി താഴെ പറയുന്ന കാർഷികോപകരണങ്ങൾ സബ്സിഡിനിരക്കിൽ വിതരണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| ട്രാക്ടർ | 14 എണ്ണം |
| ടില്ലർ | 3 എണ്ണം |
| നാടൻ കലപ്പ | 100 എണ്ണം |
| റോക്കർ സ്പ്രെയർ | 16 എണ്ണം |
| നാപ്സ്റ്റാക്ക് സ്പ്രെയർ | 35 എണ്ണം |
| പൗവർ സ്പ്രെയർ | 4 എണ്ണം |
| മെതിയന്ത്രം | 6 എണ്ണം |
| തെങ്ങുകയറ്റയന്ത്രം | 1 എണ്ണം |
| പോർട്ടബിൾ പമ്പ് സെറ്റ് | 60 എണ്ണം |

കൂടാതെ താഴെ പട്ടികയിൽ പറയുന്ന നടീൽ വസ്തുക്കളും കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

| | | *1993-94* | *1994-95* | *95-96* |
|---|---|---|---|---|
| 1. | തെങ്ങിൻതൈ | 2000 എണ്ണം | 1800 എണ്ണം | 1600 എണ്ണം |
| 2. | കശുമാവ് | 700എണ്ണം | 500 എണ്ണം | 200 എണ്ണം |
| 3. | കുരുമുളക് | 7000 എണ്ണം | 6000 എണ്ണം | 6000 എണ്ണം |
| 4. | കവുങ്ങ് | 300 എണ്ണം | 325 എണ്ണം | 400 എണ്ണം |
| 5. | വാഴ | 40000 എണ്ണം | 3,65,750 എണ്ണം | 4,15,500 എണ്ണം |
| 6. | പയർ | 300 കിലോ | 325 കിലോ | 450 കിലോ |

| Temperature Reading : 1 - 1 - 91 to 12 - 1 - 96 | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | JAN | FEB | MAR | APR | MAY | JUN | JUL | AUG | SEP | OCT | NOV | DEC |
| 1991 | MIN | 30.0 | 32.0 | 34.00 | 34.40 | 34.4 | 25.6 | 23.3 | 24.4 | 30.2 | 24.4 | 28.9 | 27.8 |
| | MAX | 36.7 | 36.70 | 40.00 | 40.00 | 40.0 | 35.6 | 31.1 | 30.0 | 33.3 | 34.4 | 32.2 | 32.2 |
| 1992 | MIN | 28.9 | 32.2 | 32.2 | 33.3 | 31.1 | 26.7 | 23.3 | 24.0 | 25.6 | 26.7 | 26.7 | 26.7 |
| | MAX | 32.2 | 36.7 | 41.1 | 40.0 | 38.9 | 36.7 | 32.2 | 32.2 | 33.3 | 33.3 | 36.7 | 35.6 |
| 1993 | MIN | 26.7 | 30.0 | 32.2 | 37.8 | 27.8 | 26.7 | 23.3 | 25.6 | 26.7 | 24.4 | 26.7 | 26.7 |
| | MAX | 33.3 | 36.7 | 38.9 | 40.0 | 40.0 | 35.7 | 32.1 | 31.1 | 33.3 | 35.6 | 33.3 | 32.2 |
| 1994 | MIN | 28.9 | 32.2 | 32.2 | 32.2 | 31.1 | 25.6 | 23.3 | 22.2 | 25.6 | 26.7 | 26.7 | 28.3 |
| | MAX | 34.4 | 35.6 | 37.8 | 38.9 | 37.8 | 32.2 | 31.1 | 32.2 | 34.4 | 32.2 | 31.7 | 32.2 |
| 1995 | MIN | 27.8 | 31.1 | 33.9 | 34.4 | 27.8 | 25.6 | 24.4 | 23.3 | 24.4 | 28.3 | 27.8 | 28.9 |
| | MAX | 33.3 | 36.1 | 33.3 | 38.9 | 37.2 | 35.0 | 30.0 | 32.2 | 32.8 | 32.2 | 32.2 | 32.2 |
| 1996 | MIN | 30.0 | 31.1 | 33.9 | 27.8 | 32.0 | 23.3 | 24.4 | 25.0 | 25.6 | 26.7 | 27.2 (4.11.96) | |
| | MAX | 34.1 | 36.7 | 40.00 | 38.9 | 36.7 | 38.8 | 33.9 | 30.6 | 3.1 | 31.7 | 32.2 (12.11.96) | |

# RAIN FALL DATA

FOR THE PERIOD FROM 1991 TO 1996
MALAMPUZHA

| Year | Rainfall in mm | No of Rainy days |
|---|---|---|
| 1991 | 2034 - 50 mm | 12days |
| 1992 | 2130 - 10 mm | 127 days |
| 1993 | 1489 - 50 mm | 91 days |
| 1994 | 2079 - 20 mm | 136 days |
| 1995 | 1987 - 60 mm | 133 days |
| 1996 | 1789 - 70 mm | 114 days (Upto 12.11.96) |

## WIND SPEED Km / Hour

| 1994 | | 1995 | | 1996 | |
|---|---|---|---|---|---|
| Km/H | Date | Km/H | Date | Km/H | Date |
| 24 . 07 | 27.01.94 | 24.81 | 19.01.95 | 23.77 | 29.01.96 |
| 18.29 | 28.02.94 | 26.01 | 07.02.95 | 23.05 | 19.02.96 |
| 18.91 | 01.03.94 | 17.70 | 21.03.95 | 14.66 | 24.03.96 |
| 14.56 | 15.04.94 | 7.37 | 26.04.95 | 10.41 | 10.04.96 |
| 10.46 | 11.05.94 | 10.65 | 28.05.95 | 10.49 | 12.05.96 |
| 11.00 | 16.06.94 | 16.01 | 01.06.96 | 10.10 | 14.06.96 |
| 11.51 | 17.07.94 | 8.90 | 17.07.95 | 10.88 | 17.07.96 |
| 12.61 | 01.08.94 | 10.98 | 29.08.95 | 10.74 | 20.08.96 |
| 11.36 | 09.09.94 | 11.88 | 02.09.95 | 8.82 | 13.04.96 |
| 11.17 | 21.10.94 | 11.30 | 28.10.95 | 8.55 | 27.10.96 |
| 21.25 | 11.11.94 | 13.88 | 30.11.95 | | |
| 25.40 | 24.12.94 | 23.82 | 20.12.95 | | |

# 7.2
# മൃഗസംരക്ഷണം - മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ 6355 കന്നുകാലികളും 12070 വളർത്തുപക്ഷികളും ഉണ്ടെന്നാണ് സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ പഞ്ചായത്തിലെ മുഴുവൻ മൃഗങ്ങളുടെയും വളർത്തു പക്ഷികളുടെയും കൃത്യമായ കണക്കല്ലിത്. വനവുമായി ബന്ധപ്പെട്ടു കിടക്കുന്ന നമ്മുടെ പഞ്ചായത്തിൽ കന്നുകാലികളെ വളർത്തുന്നത് ഒരു ലാഭകരമായ തൊഴിലാണ്. മിക്കവാറും വനത്തിനുള്ളിൽ തീറ്റക്കുവേണ്ടി അഴിച്ചുവിടുന്ന രീതിയാണ് ഇവിടെ ഉള്ളത്. കറവ ഉള്ള പശു, എരുമ മുതലായവക്കു മാത്രമെ മിക്കവാറും കന്നുകാലിതീറ്റ വാങ്ങികൊടുക്കുന്നുള്ളു.

വീടുകളിൽ പശുക്കളേയും എരുമകളേയും വളർത്തി പാൽ, സൊസൈറ്റികളിലും മറ്റുള്ളവർക്കും വില്പന നടത്തുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ധാരാളം ഉണ്ട്. ഒന്നും രണ്ടും വാർഡുകളിൽ നിന്നു മാത്രം ശരാശരി 650 ലിറ്റർ പാൽ പ്രതിദിനം സൊസൈറ്റികളിൽ എത്തിക്കുന്നുണ്ട്. മറ്റുഭാഗങ്ങളിൽ നിന്നും ശേഖരിക്കുന്ന പാലിൻെറ കണക്കു ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ ഒരു പാൽ സൊസൈറ്റി രൂപീകരിച്ചാൽ നല്ലനിലയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്നതും കർഷകർക്ക് ഉപകാരപ്രദവുമായിരിക്കും. ആടുവളർത്തൽ ലാഭകരമായ ഒരു തൊഴിലാണെങ്കിലും ഈ രംഗത്തേക്ക് കൂടുതൽ ആളുകൾ കടന്നുവരുന്നില്ല. പന്നി, മുയൽ എന്നിവ നാമമാത്രമാണ്. കോഴിവളർത്തൽ സ്വകാര്യമേഖലയിൽ വ്യവസായാടിസ്ഥാനത്തിൽ ഇല്ല. മലമ്പുഴയിൽ സർക്കാർവക ഒരു കോഴിവളർത്തൽ കേന്ദ്രം ഉണ്ട്. ഏതാണ്ട് 60% വീടുകളിൽ രണ്ടോ, നാലോ, കോഴികളെ വീതം വളർത്തുന്നവരാണ്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ട്. ഇത് മുഴുവൻ സമയവും പ്രവർത്തിക്കുന്നതാണ്. പഞ്ചായത്തിൻെറ എല്ലാഭാഗത്തും ഈ ആശുപത്രിയുടെ സേവനം ലഭ്യമല്ല. മൃഗാശുപത്രിയുടെ കെട്ടിടം സുരക്ഷിതമല്ല. ജീവനക്കാർക്ക് താമസസൗകര്യവും ഇല്ല. പഞ്ചായത്തിൻെറ ഒരറ്റത്താണ് ആശുപത്രി പ്രവർത്തിക്കുന്നത്. ഇത് കർഷകർക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാകുന്നു.

***ലഭ്യമായ സ്ഥിതിവിവരണ കണക്കുകൾ:-***

| | | |
|---|---|---|
| 1. | പശു | 2474 |
| 2. | കാള | 853 |
| 3. | എരുമ | 152 |
| 4. | പോത്ത് | 261 |
| 5. | ആട് | 1921 |

| | | |
|---|---|---|
| 6. | വളർത്തുപട്ടി | 580 |
| 7. | പന്നി | 114 |
| 8. | മുയൽ | 36 |
| 9. | കോഴി | 11928 |
| 10. | താറാവ് | 39 |

***വിശദമായ സ്ഥിതിവിവര കണക്കുകൾ നിശ്ചിതഫാറത്തിൽ ചേർത്തിട്ടുണ്ട്.***

***പ്രശ്നങ്ങൾ :-***

1. അത്യുല്പാദനശേഷി ഉള്ള പശുക്കൾ കുറവാണ്.
2. പാൽ വിറ്റഴിക്കുന്നതിന് നിലവിലുള്ള സൗകര്യം പോര.
3. മൃഗാശുപത്രിയുടെ സേവനം എല്ലാവർക്കും ലഭ്യമല്ല.
4. തീറ്റിപ്പുൽ കൃഷി നടത്തുനതിന് ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ല.
5. കന്നുകാലികൾക്ക് വേണ്ട രീതിയിൽ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് സൗകര്യക്കുറവ്.
6. മൃഗങ്ങൾക്ക് ആവശ്യമായ പോഷകാഹാരം സബ്സിഡിയായി ലഭിക്കുന്നില്ല.
7. ഗോബർഗ്യാസ് പ്ലാൻറുകൾ വേണ്ടത്രയില്ല.
8. ഇറച്ചിക്കോഴി, മുട്ടക്കോഴി എന്നിവക്ക് സ്വകാര്യഫാമുകൾ ഇല്ല.
9. സർക്കാർ ഉടമയിലുള്ള കോഴിവളർത്തു കേന്ദ്രം പൊതുജനങ്ങൾക്ക് വേണ്ടത്ര ഉപകാരപ്രദമല്ല.

***നിർദ്ദേശങ്ങൾ :-***

1. അകമലവാരം കേന്ദ്രീകരിച്ച്, പഞ്ചായത്തിൽ ഒരു മൃഗാശുപത്രികൂടി സ്ഥാപിക്കണം.
2. പുറമ്പോക്കു സ്ഥലങ്ങളിൽ തീറ്റപുൽ കൃഷി നടത്തുന്നതിനുള്ള സൗകര്യവും സാമ്പത്തിക സഹായവും ലഭിക്കണം.
3. അത്യുല്പാദനശേഷിയുള്ള പശുക്കളേയും എരുമകളേയും വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും അവയെ വളർത്തുന്നതിനുള്ള പരിശീലനം നൽകുകയും വേണം.
4. ഈരണ്ട് വാർഡുകൾക്ക് ഒരു പാൽ സൊസൈറ്റി സ്ഥാപിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ചില്ലിംഗ് പ്ലാൻറ് സ്ഥാപിക്കുകയും വേണം.
5. സ്വകാര്യമേഖലയിൽ ഇറച്ചി കോഴികളേയും മുട്ടകോഴികളേയും വളർത്തുന്നതിന് ആവശ്യമായ പരിശീലനം നൽകുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക.
6. ഗോബർഗ്യാസ് ഉല്പാദിപ്പിക്കുന്നതിന് ബോധവല്ക്കരണം നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും വേണം
7. പന്നി, മുയൽ എന്നിവയെ വളർത്തുന്നതിന് ആവശ്യമായ സാമ്പത്തികസഹായവും വിദഗ്ദ്ധ ഉപദേശവും നൽകുക.
8. മൃഗാശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുക.
9. ആടുവളർത്തൽ ലാഭകരമായ തൊഴിൽ ആയതുകൊണ്ട് ആവശ്യമായ ബോധവൽക്കരണം നടത്തുകയും വേണ്ടത്ര സാമ്പത്തിക സഹായം നൽകുകയും വേണം.
10. സഹകരണാടിസ്ഥാനത്തിൽ കോഴിവളർത്തൽകേന്ദ്രം ആരംഭിക്കുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

11. വനിതാ സഹകരണസംഘങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി പാൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

12. സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിക്കുക.

ഇതു കൂടാതെ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധ്യതയുള്ള ചില പദ്ധതികളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

## *I പാലുല്പാദനം വർദ്ധിപ്പിക്കൽ*

1. ഓരോ വാർഡിൽ നിന്നും താല്പര്യമുള്ള 5 കർഷകരെ വീതം തെരഞ്ഞെടുത്ത് രണ്ട് കറവ പശുക്കളെ വീതം വിതരണം ചെയ്യുക.

ഇതിനായി ആകെ 40 കർഷകരെ തെരഞ്ഞെടുക്കുക. രണ്ടു കറവ പശുവിന് (പശുവിൻെറ വില, ഷെഡ് നിർമ്മാണ ചിലവ്, ഇൻഷൂറൻസ് തുടങ്ങിയവ) രൂപ 21, 200/- നൽകണം.

| | |
|---|---|
| ആകെ ഉദ്ദേശിക്കുന്ന ചിലവ്= | 21,200x40 |
| | 8,48,000.00 |

ഓരോ കർഷകർക്കും രൂപ 5000/- വീതം സബ്സിഡി ആയി നൽകാം.

ആകെ അനുവദിക്കേണ്ട സബ്സിഡി

= 5000 x 40

= 2,00000.00

## *II മുട്ടയുല്പാദനം വർദ്ധിപ്പിക്കൽ*

1. ഓരോ വാർഡിൽ നിന്നും 50 കുടുംബങ്ങൾക്ക് വീതം 5 കോഴികുഞ്ഞുങ്ങളെ പകുതി വിലയ്ക്ക് നൽകുക.

| | |
|---|---|
| ആകെ 8 വാർഡ് | = 8x 50 |
| ആകെ കർഷക കുടുംബങ്ങൾ | = 400 |
| 5 കോഴികുഞ്ഞുങ്ങളുടെ വില | = 5x 35 |
| | = 175/– |
| അനുവദിക്കേണ്ട സബ്സിഡി | = 90x400 |
| | = 36,000/- |

## *III ഇറച്ചിയുല്പാദനം വർദ്ധിപ്പിക്കൽ*

1. പഞ്ചായത്തിൻെറ നേരിട്ടുള്ള മേൽ നോട്ടത്തിലും ഭരണത്തിലും തെരഞ്ഞെടുക്കപ്പെടുന്ന ഒരാളിനെ ഇറച്ചി കോഴി വളർത്തുന്ന ഫാം തുടങ്ങുക.

ആകെ ഒരു വർഷം 2500 ഇറച്ചി കോഴികളെ ഉല്പാദിപ്പിക്കുന്ന രീതിയിലുള്ള ക്രമീകരണം ചെയ്യുക.

ഇതിലേയ്ക്കായി ഉദ്ദേശിക്കുന്ന മുതൽമുടക്ക്

| | |
|---|---|
| ഷെഡ് നിർമ്മാണം | 50,300.00 |
| കോഴികുഞ്ഞുങ്ങളുടെ വില - | 33,000.00 |
| ഒരു വർഷത്തെക്ക്, തീറ്റ ചെലവ് - | 78,750.00 |
| മറ്റു ചിലവുകൾ - | 10,000.00 |
| ആകെ | = 1,72,050.00 |

2. **ആടുവളർത്തൽ;** –തെരഞ്ഞെടുത്ത് ഏതെങ്കിലും 2 വാർഡിൽ നിന്നും 10 ആളെ തെരഞ്ഞെടുത്ത് ഒരു സഹകരണ സംഘം രൂപീകരിച്ചു ആടുവളർത്തൽ നടത്താം. ഏകദേശം 500 ആടുകളെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പാക്കി മാംസോല്പാദനത്തിനുവേണ്ടി വളർത്താം. അതിനായി ഷെഡ് നിർമ്മാണത്തിൽ 25000 രൂപയും ആടു വാങ്ങുന്ന ചിലവിന് 2,50,000 രൂപയും വകയിരുത്തണം.

3. പന്നി വളർത്തൽ - മാംസാവശ്യത്തിനായി പന്നികളുടെ വ്യാപനം ലഭിക്കുന്ന രീതിയിൽ സഹായം ഒരു ഗുണഭോക്താവിൽ 2 പന്നികുഞ്ഞുങ്ങൾ വീതം സബ്സിഡി നിരക്കിൽ എത്തിച്ചു കൊടുക്കണം.

   ഇതിനായി 50 പേരെ തെരഞ്ഞെടുത്ത് ഓരോരുത്തർക്കും 2 പന്നിക്കുഞ്ഞുങ്ങൾ വീതം നൽകുക. ഒരാളിന് 300 രൂപ സബ്സിഡി അനുവദിക്കാം.

   ആകെ ചിലവ് - 300x50 = 15,000.00

## *IV പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി*

ഉയർന്ന ജനിതക ഗുണമുള്ള പശുകുട്ടികൾക്ക് പരിചരണം നൽകി 30-ാം പ്രായം വരെ മേൽത്തരം കന്നുകാലിതീറ്റ 50% സബ്സിഡിയായി നല്കാം. മലമ്പുഴ ഗ്രാമപഞ്ചായത്തിൽ നിന്നും 100 കുടുംബങ്ങളെ ഇതിൽ ഉൾപ്പെടുത്താം. ഒരു കുടുംബത്തിൽ ആകെ 30 മാസം പ്രായം വരെ അനുവദിക്കേണ്ട സബ്സിഡി തുക രൂപ 4500/– ആണ്.

ആകെ ചിലവ് = 100x4500
= 4,50,000 /-

## *V എഗ്ഗർ നഴ്സറി:*

മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ ഒരാളിനെ തിരഞ്ഞെടുത്ത് ഒന്നാം ദിവസം മുതൽ 2 മാസം പ്രായം വരെ കോഴിക്കുഞ്ഞുങ്ങളെ വളർത്തുന്നതിന് സാമ്പത്തിക സഹായം നല്കാം. ഇതിലേയ്ക്കായി സബ്സിഡി ആയി രൂപ 30,000/– നൽകാം.

## *VI വിജ്ഞാന വ്യാപാര സൗകര്യം:*

ഓരോ വാർഡിൽ നിന്നും 5 കർഷകരെ വീതം തെരഞ്ഞെടുത്തു വർഷത്തിൽ രണ്ടു പ്രാവശ്യം ശാസ്ത്രീയമായ പരിപാലന രീതികളും ആധുനിക സാങ്കേതിക വിദ്യകളും ചർച്ചയിലൂടെ പഠിപ്പിക്കാം.

40 കർഷകർക്ക് ആറു മാസത്തിലൊരിക്കൽ ഇതിലൂടെ പ്രയോജനം ലഭ്യമാക്കാം. ക്ലാസുകളിൽ പങ്കെടുക്കുന്നവർക്ക് യാത്രാകൂലി ഭക്ഷണം തുടങ്ങിയവ ഏർപ്പെടുത്താം. ഒരു കർഷകന് വർഷത്തിൽ രൂപ 100 എന്ന ക്രമത്തിൽ 5 വർഷത്തേയ്ക്ക് രൂപ 500 ക്രമത്തിൽ ആകെ ചിലവ് 20,000/–

## *VII പെ വിഷബാധ നിർമ്മാർജ്ജന പരിപാടി*

ഘട്ടം ഘട്ടമായി പേ വിഷബാധ നിർമ്മാർജ്ജനം ചെയ്യുക. പേ വിഷത്തിനെതിരെയുള്ള വാക്സിൻ പകുതി വിലക്ക് വിതരണം ചെയ്യുക, ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുക. പഞ്ചായത്തു തലത്തിൽ പേ വിഷബാധയെപറ്റി ബോധവത്ക്കരണം നടത്തുക. ഇതിനായി രൂപ 50,000/– നീക്കിവയ്ക്കാം.

## മലമ്പുഴ ഗ്രാമ പഞ്ചായത്ത്

# വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള - നാടൻ | | കാള - സങ്കരം | | പശു - നാടൻ | | പശു - സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | പന്നി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | – | 7 | 2 | 116 | 10 | 8 | 182 | 121 | 17 | 10 | 96 | 246 | 88 | 101 |
| 2 | – | 214 | 3 | 347 | 109 | 20 | 481 | 207 | 23 | 20 | 128 | 1195 | 65 | 5 |
| 3 | – | 4 | – | 64 | 4 | 20 | 270 | 186 | 20 | 25 | 15 | 244 | 39 | 6 |
| 4 | – | 5 | – | 24 | 32 | 10 | 164 | 69 | 10 | 3 | 10 | 29 | 101 | – |
| 5 | – | – | – | – | 63 | 24 | 41 | 6 | – | – | 1 | 44 | 12 | – |
| 6 | – | 3 | – | 19 | 9 | 4 | 73 | 32 | 7 | 4 | – | – | 31 | – |
| 7 | – | 29 | – | 13 | 74 | 33 | 98 | 24 | 6 | 3 | 10 | 156 | 131 | 2 |
| 8 | – | 3 | – | – | 7 | 5 | 80 | 8 | 2 | 2 | 1 | 7 | 113 | – |

## മലമ്പുഴ ഗ്രാമ പഞ്ചായത്ത്

# വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 449 | 465 | 466 | 3 | 6 | 16 |
| 2 | 1435 | 1518 | 1856 | – | – | 17 |
| 3 | 279 | 231 | 189 | 6 | 17 | 33 |
| 4 | 641 | 376 | 308 | – | – | 8 |
| 5 | 49 | 26 | 20 | – | – | – |
| 6 | 46 | 104 | 100 | – | – | 20 |
| 7 | 97 | 306 | 250 | 1 | 5 | 2 |
| 8 | 163 | 1734 | 116 | – | 1 | 7 |
| | 3159 | 4424 | 4345 | 10 | 29 | 103 |

മലമ്പുഴ ഗ്രാമ പഞ്ചായത്ത്

# രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| | ദഹനസംബന്ധമായവ<br>Digestive disorders | 1094 | 46 | 496 | 65 | - | - | - | - | - | - |
| | ശ്വാസകോശസംബന്ധം<br>Respiratory Diseases | 28 | - | 41 | 9 | - | - | - | - | - | - |
| | ഉപാപചയ സംബന്ധം<br>Metabolic Diseases | 189 | - | 3 | - | - | - | - | - | - | - |
| | ത്വക് രോഗങ്ങൾ<br>Skin Diseases | 21 | - | 3 | - | 4 | - | - | - | - | - |
| | ധാതുലവണങ്ങളുടെ അഭാവം<br>Deficiency Diseases | 39 | - | 59 | 10 | - | - | - | - | - | - |
| | പരാദരോഗങ്ങൾ<br>Parasitic Diseases | 743 | 13 | 141 | - | - | - | - | - | - | - |
| | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacological Disorders | 177 | 1 | 48 | - | - | - | - | - | - | - |
| | വന്ധ്യത<br>Infertility | 180 | - | 5 | - | - | - | - | - | - | - |
| | അകിടുവീക്കം<br>Mastitis | 770 | 2 | 15 | - | - | - | - | - | - | - |
| | മുടന്തൻപനി<br>Ephemeral Fever | 302 | - | - | - | - | - | - | - | - | - |
| | പകർച്ച വ്യാധികൾ<br>Contagion Diseases | - | - | - | - | - | - | - | - | - | - |

| വളർത്തുമൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | - | 716 | 439 |
| കിടാരി | - | 611 | 275 |
| എരുമ | - | 13 | 5 |

## മത്സ്യബന്ധനം

ഉൾനാടൻ മത്സ്യസമ്പത്ത് നാമമാത്രമാണ്. പുഴമത്സ്യം ലഭിക്കാറില്ല. സ്വകാര്യമേഖലയിൽ മത്സ്യം വളർത്തുന്നില്ല. മലമ്പുഴഡാമിൽ സർക്കാർ ഉടമയിൽ മത്സ്യം വളർത്തുന്നു. ഇതിന് ഒരു ഹരിജൻ ഗിരിജൻ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 150 മത്സ്യതൊഴിലാളികൾ പ്രസ്തുത സൊസൈറ്റിയിൽ പ്രവർത്തി എടുക്കുന്നു. എങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

### പ്രശ്നങ്ങൾ :-

1. മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയവർ നാമമാത്രമാണ്.
2. സ്വകാര്യമേഖലയിൽ മത്സ്യം വളർത്തുന്നവർ ഇല്ല.
3. മത്സ്യവ്യാപാരത്തിന് ആവശ്യമായ മാർക്കറ്റ് നിലവിൽ ഇല്ല.
4. ശാസ്ത്രീയമായ രീതിയിൽ മത്സ്യം വളർത്തുന്നതിന് പരിശീലനം ലഭിച്ചവർ ഇല്ല.
5. ശാസ്ത്രീയമായ പരിശീലനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

### നിർദ്ദേശങ്ങൾ :-

1. മത്സ്യം വളർത്തുന്നതിന് ശാസ്ത്രീയമായ പരിശീലനം നൽകുക.
2. സർക്കാർ ഉടമയിലുള്ളതും സ്വകാര്യ ഉടമയിലുള്ള ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യം വളർത്തുക.
3. ഇതിന് മലമ്പുഴ ഫിഷ്ഫാമിലെ സാങ്കേതിക വിദഗ്ദരുടെ സേവനം ഉറപ്പു വരുത്തുക.
4. ജലലഭ്യത ഉള്ള നെൽപാടങ്ങളിൽ സങ്കരകൃഷി പരിപാടി നടത്താവുന്നതാണ്. ഇത് ലാഭകരവുമാണ്.
5. മലമ്പുഴ ഫിഷ് ഫാമിൻെറ കീഴിലുള്ള 127 കുളങ്ങളും പ്രവർത്തനക്ഷമമാക്കി മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനം കാര്യക്ഷമമാക്കുക.
6. "ഫിഷറീസ് ടെക്നിക്കൽ" സ്ക്കൂൾ സ്ഥാപിക്കുക.
7. പഞ്ചായത്തു വക മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

# 7.3
# വ്യവസായം

മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ വ്യവസായ മേഖലയുടെ സ്ഥിതി വളരെ ദയനീയമാണ്, ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം വളരെ പരിമിതമാണ്. വൻകിട വ്യവസായ മേഖലയിൽ പൊതു മേഖലയുടെ നിയന്ത്രണത്തിലുള്ള "മിൽമാഫീഡ് ഫാക്ടറി" മാത്രമാണ്. നിലവിലുള്ളത്. ടൂറിസം മേഖല സ്വകാര്യ സംരംഭങ്ങളായ ഫാൻറസി പാർക്ക്, ഗോവർദ്ധന ഹോട്ടൽ, ഡാം പാലസ് ഹോട്ടൽ തുടങ്ങിയവയിൽ ഒതുങ്ങി നിൽക്കുന്നു. മലമ്പുഴയുടെ പെര് വ്യവസായികമായി ടൂറിസത്തിൽ അധിഷ്ഠിതമായിരിക്കുന്നു. ഈ മേഖലയിലുള്ള പുരോഗതിയാണ് വ്യവസായികമായി സാധ്യത കൽപ്പിക്കപ്പെടുന്നത്.

ചെറുകിട വ്യവസായ യൂണിറ്റുകൾ "ജ്യോതി സർജിക്കൽസ്", അസ്ബത്ത് റബ്ബർ", "ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ", "ഓയിൽ മില്ലുകൾ", "നെല്ല്കുത്ത്മില്ലുകൾ" എന്നിവയാണ് നിലവിൽ ഉള്ളത്.

വിവിധ രംഗങ്ങളിൽ തൊഴിൽ പരിശീലനം ലഭിച്ചിട്ടും വ്യവസായം തുടങ്ങുവാൻ യുവാക്കൾ മുന്നോട്ട് വരുന്നില്ല. നാണ്യവിളകളായ റബ്ബർ, നാളികേരം എന്നിവയാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഈ സാധ്യത ഉപയോഗപ്പെടുത്തി വ്യവസായ യൂണിറ്റ്കൾക്ക് പ്രോത്സാഹനം നൽകാത്തതാണ് വ്യവസായ മുരടിപ്പിന് കാരണം.

***ട്രൈസം പദ്ധതിയുടെ കീഴിൽ പരിശീലനം ലഭിച്ച ട്രേഡുകൾ***

| | | | പരിശീലനം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 1. | റേഡിയോ റിപ്പയറിംഗ് | - | 5 |
| 2. | ഖാദി നെയ്ത്ത് | - | 6 |
| 3. | പ്രിൻറിംഗ് | - | 5 |
| 4. | വെൽഡിംഗ് | - | 2 |
| 5. | ട്രാക്ടർ ഡ്രൈവിംഗ് | - | 3 |
| 6. | T.V. V.C.R റിപ്പയറിംഗ് | - | 2 |
| 7. | മരപ്പണി | - | 2 |
| 8. | ടൈയിലറിംഗ് | - | 2 |

***തൊഴിൽ പരിശീലനം ലഭിക്കേണ്ട മേഖല***

1. റബ്ബർ അധിഷ്ഠിത വ്യവസായം
2. അടക്ക സംസ്ക്കരണ യൂണിറ്റ്.
3. കൊപ്ര സംസ്ക്കരണം
4. സോപ്പ് നിർമ്മാണം
5. ചന്ദനത്തിരി നിർമ്മാണം
6. മെഴുകുതിരി നിർമ്മാണം
7. ബേക്കറി - അച്ചാർ നിർമ്മാണം
8. റെഡിമേയ്ഡ് വസ്ത്രനിർമ്മാണം
9. ശീതള പാനീയ നിർമ്മാണം
10. കരകൗശല നിർമ്മാണം
11. കൈത്തറി പുല്പ്പായ നിർമ്മാണം
12. കെട്ടിട നിർമ്മാണം.

***പ്രശ്നങ്ങൾ***

1. പഞ്ചായത്ത് തലത്തിൽ വ്യവസായം ആരംഭിക്കാനുള്ള അറിവില്ലായ്മ.
2. യഥാസമയങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തത് പോരായ്മയാണ്.
3. പഞ്ചായത്ത് ഒഴികെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കാൻ കാലതാമസം നേരിടുന്നു.
4. ഉല്പാദകന് ഉൽപ്പന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങളിൽ എത്തിക്കുവാൻ ചെലവ് കൂടുതലാണ്.

6. ഉൽപ്പന്നങ്ങൾ വിപണനം നടത്തുവാൻ പഞ്ചായത്ത് തലത്തിൽ "വിപണനകേന്ദ്രം " ഇല്ല.
7. വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്തത.
8. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള മൂലധനക്കുറവ്.
9. വാർത്താ മാദ്ധ്യമങ്ങളിൽ പരസ്യങ്ങളുടെ "അതിപ്രസരം" മൂലം പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വേണ്ടത്ര വിപണനം ലഭിക്കുന്നില്ല.
10. സ്വയം തൊഴിൽ ചെയ്യുവാനുള്ള താത്പര്യമില്ലായ്മ.

***നിർദ്ദേശങ്ങൾ***

1. പഞ്ചായത്ത് തലത്തിൽ വ്യവസായ സംരംഭകർക്ക് പരിശീലനം നല്കുകയും വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കണം.
2. പ്രാദേശിക ഉല്പ്പന്നങ്ങളുടെ മൂല്യം മനസ്സിലാക്കാൻ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറും സംഘടിപ്പിക്കുക.
3. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുക.
4. ഇറിഗേഷന്റെ കീഴിലുള്ള "മോട്ടൽസ്" പഞ്ചായത്ത് ഏറ്റെടുത്ത് ടൂറിസ്റ്റ് കോംപ്ലക്സ് സ്ഥാപിക്കാവുന്നതാണ്.
5. പഞ്ചായത്ത് തലത്തിൽ സ്വയം തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതിയുവാക്കൾക്ക് വേണ്ടി "സ്വയം തൊഴിൽ എക്സ്ചേഞ്ച്" തുടങ്ങാവുന്നതാണ്. ഇത് വ്യവസായ സംരംഭകർക്ക് ഉപകരിക്കും.
6. കരകൗശലരംഗത്ത് വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിന് "DEPUTYCOMMISSIONERMINISTRY OFHANDLOOMANDTEXTILES" TRICHUR എന്നിവരുമായി ബന്ധപ്പെട്ട് ഒരു CRAFT DEVOLOPMENT CENTRE സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.
7. വാർഡുകളിൽ സുലഭമായി ലഭിക്കുന്ന 'നാളികേരത്തെ അടിസ്ഥാനമാക്കി വിവിധതരം വ്യവസായങ്ങളെപ്പറ്റി നാളികേര വികസന ബോർഡ് 'കേരഫെഡ്' തുടങ്ങിയ സ് ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുക.
8. റെഡിമേയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് ഈ രംഗത്ത് നവീന രീതിയിലുള്ള തുന്നൽ പരിശീലനവും വിപണനസാദ്ധ്യതകളെപ്പറ്റിയും പരിശീലനം നൽകണം.
9. പഞ്ചായത്ത് വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം പഞ്ചായത്ത് ഓഫീസിന് പുറകിലുള്ള ഇറിഗേഷൻ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് "വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് കൊടുക്കുന്ന പദ്ധതി നടപ്പിലാക്കണം.

പഞ്ചായത്ത് തലത്തിൽ വ്യവസായ സംരംഭകരെ കണ്ടെത്തി"വ്യവസായ വികസന സമിതി" രൂപീകരിച്ച് നിരന്തരം പ്രോത്സാഹിപ്പിക്കുകയും വേണം. അതിനുശേഷം സ്ഥിരം"മോണിറ്റിംഗ് കമ്മിറ്റി" രൂപീകരിക്കണം.

## പുതുതായി തുടങ്ങേണ്ട വ്യവസായ യൂണിറ്റുകൾ.

**റബർ അധിഷ്ഠിതവ്യവസായം :** പഞ്ചായത്തിൽ ഒന്ന് രണ്ട് വാർഡുകളിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്ന റബ്ബർ ഉപയോഗിച്ച് 'റിട്രെഡിങ്ങ് റബ്ബർ യൂണിറ്റ് റബ്ബർ ബാൻറ് നിർമ്മാണയൂണിറ്റ് വരെ ആരംഭിക്കുവാൻ കഴിയും.

**കരകൗശല നിർമ്മാണ യൂണിറ്റ് :** ചിരട്ട, ചകിരി, വാഴനാര് തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കരകൗശലയൂണിറ്റുകൾ ആരംഭിക്കുവാൻ കഴിയും. ടൂറിസ്റ്റ് മേഖലയിൽ വളരെയധികം വില്പന നടത്തുവാൻ സാധിക്കും.

**അടക്ക സംസ്ക്കരണ യൂണിറ്റ് :** നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന അടക്കയുപയോഗിച്ച് പാക്ക് നിർമ്മാണ യൂണിറ്റ് തുടങ്ങാം. നമ്മുടെ സംസ്ഥാനത്ത് ഇതിന് വളരെയധികം വിപണന സാധ്യതയുണ്ട്.

**സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണം :** സഹകരണാടിസ്ഥാനത്തിലോ കുടിൽ വ്യവസായങ്ങളുടെയോ പരിധിയിൽ ഇത് നടത്തുവാൻ കഴിയും. മെഴുകുതിരി നിർമ്മാണത്തിന് സർക്കാർ ഏജൻസികളിൽ നിന്ന് മെഴുകിൻെറ ലഭ്യത ഉറപ്പാക്കണം. സോപ്പ് ചന്ദനത്തിരി എന്നിവയ്ക്ക് പ്രാദേശികാടിസ്ഥാനത്തിൽ നല്ല വിപണന സാധ്യതയാണുള്ളത്.

**ഖാദി നെയ്ത്ത് - പുല്ല് പായ് നിർമ്മാണം :** മേൽ രംഗത്ത് പരിശീലനം ലഭിച്ചവരെ പ്രോത്സാഹിപ്പിച്ച് കുടിൽ വ്യവസായമായി ഇത് തുടങ്ങാവുന്നതാണ്. ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴയിൽ വിപണന സാധ്യത വളരെ കൂടുതലാണ്.

**അച്ചാർ- ബേക്കറി നിർമ്മാണം:** വായ്പാ സൗകര്യവും പരിശീലനവും നല്ല രീതിയിൽ നടത്താൻ കഴിയുന്ന മേഖലയാണ് ഇത്. പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കും.

**ശീതളപാനീയ നിർമ്മാണ യൂണിറ്റ് :** പഞ്ചായത്തിൽ ധാരാളം ലഭിക്കുന്ന ഇളനീര് ഉപയോഗിച്ച് "ഇളനീര് വെള്ളം പയ്ക്കറ്റുകളിലാക്കി വിപണനം നടത്താവുന്നതാണ്.

**ആയുർവ്വേദ വ്യവസായ യൂണിറ്റ്:** പഞ്ചായത്തിലെ അകമലവാരത്ത് ധാരാളം പച്ചമരുന്നുകൾ ലഭ്യമാണ്. ഇത് ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കാവുന്നതാണ്. ഇത് മൂലം ആദിവാസിമേഖലയിൽ ധാരാളം തൊഴിലവസരം ലഭിക്കുന്നതാണ്.

**തേങ്ങാപ്പൊടി നിർമ്മാണം :** വിദേശരാജ്യങ്ങളിൽ പ്രിയങ്കരമായി കൊണ്ടിരിക്കുകയും നാഗരികതയുടെ പുതിയ പതിപ്പായ "പായ്ക്കറ്റ് സംസ്ക്കാരം" എന്ന കംബോള സാധ്യത മുന്നിൽ കണ്ടുകൊണ്ട് തേങ്ങാപ്പൊടി പ്രാദേശിക തലത്തിൽ നിർമ്മാക്കാവുന്നതാണ്. അസംസ്കൃത വസ്തുവായ തേങ്ങാ പഞ്ചായത്തിൽ സുലഭമാണ്.

# 7.4
# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനം കൂടിയാണ്. ആയതിനാൽ ഒരു പ്രദേശത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസ പ്രക്രിയക്ക് കഴിയണം.

ലോക ഭൂപടത്തിൽ തന്നെ ഉയർന്ന ഒരു സ്ഥാനം പിടിച്ച ടൂറിസ്റ്റ് കേന്ദ്രമായ മലമ്പുഴ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് 1896 ലാണ്. സർക്കാർ ഉടമസ്ഥതയിലുള്ള എൽ.പി.സ്ക്കൂളായിട്ടാണ് കടുക്കാംകുന്നത്ത് അതാരംഭിച്ചത്. അതിനു മുൻകൈയെടുത്തവർ ആരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല.

ഇതിനുശേഷം 1952 ൽ മലമ്പുഴയിൽ ഒരു എൽ.പി. സ്ക്കൂൾ ആരംഭിച്ചിരുന്നു. മലമ്പുഴ അണക്കെട്ടിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇവിടെ പ്രവർത്തി എടുത്ത നാട്ടുകാരും ഇവിടെ വന്ന് താമസമാരംഭിച്ചവരും ആണ് ഈ സ്ക്കൂൾ ആരംഭിക്കുന്നതിനു തുടക്കം കുറിച്ചത് ഇന്ന് മലമ്പുഴയിലെ സർക്കാർ ഹൈസ്ക്കൂളായും തുടർന്ന് വൊക്കേഷനൽ ഹയർസെക്കണ്ടറിയായും മാറിയ സ്ക്കൂൾ 1962 ൽ യു.പി സ്ക്കൂളായും 1980 ൽ ഹൈസ്ക്കൂളായും 1990 ൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായും ഉയർത്തപ്പെട്ടു. തുടർന്ന് ഏതാനും വർഷങ്ങൾക്കുശേഷം ആനകല്ലിൽ ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കുകയും പിന്നീട് യു.പി. സ്ക്കൂളായും 1991 ൽ ഹൈസ്ക്കൂളായും ഉയർത്തുകയുണ്ടായി. ഇതു മൂന്നും സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. ആനക്കല്ലിലേത് പട്ടികജാതി/വർഗ്ഗ സ്ക്കൂളാണ്.

അകമലവാരം 1-ാം വാർഡിൽ വലിയ കാട്ടിൽ 1975 ൽ ക്രിസ്ത്യൻ മാനേജ്മെൻറിന്റെ നേതൃത്വത്തിൽ ഒരു എയ്ഡഡ് എൽ.പി.സ്ക്കൂൾ ആരംഭിക്കുകയുണ്ടായി. 7-ാം വാർഡിൽ ഒരു അൺ എയ്ഡഡ് അൺ റെക്കഗ്നൈസ്ഡ് എൽ.പി. സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നമ്പർ | സ്ക്കൂൾ | മാനേജ്മെൻറ് | കുട്ടികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | സ്ത്രീ. | പു. | ആകെ |
| 1. | G.V.H.S, മലമ്പുഴ | സർക്കാർ | 874 | 867 | 1741 | 37 | 15 | 52 |
| 2. | G.T.W.H.S, ആനക്കല്ല് | സർക്കാർ | 142 | 147 | 289 | - | 11 | 11 |
| 3. | G.L.P.S, കടുക്കാംകുന്ന് | സർക്കാർ | 73 | 75 | 148 | 2 | 2 | 4 |
| 4. | ഹോളിഫാമിലി L.P.S. വലിയകാട് | എയ്ഡ്ഡ് | 75 | 79 | 154 | 4 | - | 4 |
| 5. | St ജൂഡ്സ് LPS മലമ്പുഴ | അൺ എയ്ഡഡ് | 64 | 50 | 114 | 6 | - | 6 |
| | | ആകെ | 1228 | 1218 | 2446 | 49 | 28 | 77 |

കഴിഞ്ഞ 5 വർഷത്തെ കണക്കെടുത്താൽ ഒരു കാര്യം വ്യക്തമാകും, കുട്ടികളുടെ എണ്ണം കുറിഞ്ഞു വരികയാണ്. ജനസംഖ്യ നിയന്ത്രണവും, ഇംഗ്ലീഷ് മീഡിയം തേടി കുട്ടികൾ പുറത്തേക്കു പോകുന്നതും നഗരത്തിലെ സ്ക്കൂളുകളിൽ പ്രവേശനം തേടിപോകുന്നതും ഇതിനു കാരണമായി കണക്കാക്കാം.

ഔപചാരിക വിദ്യാലയങ്ങൾക്കു പുറമെ രണ്ടു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും 3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 2 ഐ.ടി.ഐ കൾ (വനിതാ ഐ.ടി.ഐ. ഉൾപ്പെടെ) പഞ്ചായത്തിലുണ്ട്. മലമ്പുഴ ഹൈസ്ക്കൂളിൽ വൊക്കേഷണൽ വിഷയങ്ങളിൽ 150 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. അതിൽ ഈ പഞ്ചായത്തിലെ കുറച്ചു വിദ്യാർത്ഥികളേ ഉള്ളൂ. ബാക്കി ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽ നിന്നുള്ളവരാണ്. ഫിഷറീസ്, കൃഷി, ലൈവ്സ്റ്റോക്ക് എന്നിങ്ങനെ 3 വിഷയങ്ങളിലാണ് കോഴ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇവരെ പഠിപ്പിക്കാൻ 9 അദ്ധ്യാപകരും ഉണ്ട്. (5 പുരുഷൻമാരും 4 സ്ത്രീകളും)

ജില്ലയിലെ ഏക എൻജിനീയറിംഗ് കോളേജ് തൊട്ടടുത്ത അകത്തേത്തറ പഞ്ചായത്തിലാണ്. പ്രൊഫഷണൽ കോളേജുകൾ ഒന്നും പഞ്ചായത്തിലില്ല. മതപഠനസ്ഥാപനമായ മദ്രസ്സയും ബൈബിൾ പഠന ക്ലാസ്സും ഒന്നു വീതമുണ്ട്.

പഞ്ചായത്തിൽ ആകെ 15 അങ്കണവാടികളാണുള്ളത്. ഇതിൽ സ്വന്തം കെട്ടിടമുള്ള അങ്കണവാടികൾ 6 എണ്ണമാണ്. കേന്ദ്ര ഗവൺമെൻറിൻെറ ജവഹർ നവോദയ വിദ്യാലയം മലമ്പുഴയിലാണ് സ്ഥിതിചെയ്യുന്നത്. ഇത് ഒരു റസിഡൻഷ്യൽ സ്ക്കൂളാണ്. 5-ാം ക്ലാസുമുതൽ കുട്ടികൾ ഇവിടെ താമസിച്ച് പഠിക്കുന്നു. ഈ പഞ്ചായത്തിലെ 2-3 കുട്ടികൾക്കു മാത്രമേ ഇവിടെ പ്രവേശനം കിട്ടിയിട്ടുള്ളു.

10860 ജനസംഖ്യയുള്ള പഞ്ചായത്തിൽ ആകെ 5 വിദ്യാലയങ്ങളിലായി 2446 കുട്ടികൾ അദ്ധ്യയനം നടത്തുന്നു. LP, UP, HS വിഭാഗത്തിലെ കുട്ടികളുടെ പങ്കാളിത്തം താഴെ കൊടുക്കുന്നു.

| ആകെ വിദ്യാർത്ഥികൾ | | | എൽ. പി. | | | യു.പി | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1228 | 1218 | 2446 | 448 | 462 | 910 | 385 | 369 | 754 | 395 | 387 | 782 |

**പട്ടികജാതി- പട്ടികവർഗ്ഗ കുട്ടികളുടെ എണ്ണം**

| ആകെ വിദ്യാർത്ഥികൾ | | | LP - SC/ST | UP/SC/ST | HS/ SC/ST |
|---|---|---|---|---|---|
| B. | G. | Total | B. G. T % | B. G. T. % | B.G.T % |
| 1228- | 1218 | 2446 | 114-123-237= 26% | 57-44-101= 14% | 57-45-102=- 13% |

കൂടുതലും സർക്കാർ വിദ്യാലയങ്ങളാണ്, പഞ്ചായത്തിൽ ഉള്ളത്. വിദ്യാർത്ഥികളിൽ 90% വും അദ്യാപകരിൽ 90% വും സർക്കാർ മേഖലയിലുള്ള സ്ക്കൂളുകളിലാണ്.

പഞ്ചായത്തിലെ ഏക ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് - അൺറെഗ്ഗെനൈസ്ഡ് വിദ്യാലയത്തിൽ SC/ST വിഭാഗത്തിൽപ്പെട്ട ഒരു കുട്ടിമാത്രമേ പഠിക്കുന്നുള്ളു. പഞ്ചായത്തിലുള്ള സർക്കാർ ജീവനക്കാരുടെ മക്കളാണ് പ്രധാനമായും ഇവിടെ പഠിക്കുന്നത്. ഇവരെ ഒലവക്കോട് M.E.S വിദ്യാലയത്തിലും സെൻറ് തോമസ് വിദ്യാലയത്തിലുമാണ് പിന്നീട് പരീക്ഷ എഴുതി ചേർക്കുന്നത്. ഈ സ്ക്കൂളുകളും അൺ എയ്ഡഡ് ആണ്.

പ്രീ പ്രൈമറി സ്ക്കൂളുകൾ പഞ്ചായത്തിലില്ല. കോളേജുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. ഉന്നത വിദ്യാഭ്യാസത്തിന് മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നവർ ഏകദേശം 200 ഓളം വരും. സ്ക്കൂൾ വിദ്യാഭ്യാസത്തിനു തന്നെ ഈ പഞ്ചായത്തിലുള്ള ഏകദേശം 250 ഓളം കുട്ടികൾ പോകുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കുള്ള പ്രയാണമാണിവിടെ കാണിക്കുന്നത്. അതേപോലെ തൊട്ടടുത്ത പഞ്ചായത്തിലെ കുറച്ചു വിദ്യാർത്ഥികൾ മലമ്പുഴ സ്ക്കൂളിൽ പഠിക്കുന്നുണ്ട്.

പഞ്ചായത്തിലെ 2 ഹൈസ്ക്കൂളുകളിലെയും വിജയശതമാനം വളരെ കുറവാണ്. വിജയിക്കുന്നവർക്കു തന്നെ മാർക്ക് കുറവായതുകൊണ്ട് അഫിലിയെറ്റഡ് കോളേജുകളിൽ പ്രവേശനം കുറച്ചു മാത്രമേ കിട്ടുന്നുള്ളു. വർഷംതോറും 50 നടുത്ത കുട്ടികൾ പഞ്ചായത്തിനപ്പുറത്തുള്ള കോളേജുകളിൽ പ്രവേശനം തേടുന്നുണ്ട്. കോളേജുതല വിദ്യാഭ്യാസം സ്വകാര്യമായി നൽകുന്ന ട്യൂഷൻ ഹോമുകളോ, പാരലൽ കോളേജുകളോ പഞ്ചായത്തിലില്ല.

ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടിൽ 60 - നടുത്ത കുട്ടികൾ പരിശീലനം തേടുന്നുണ്ട്. ഫോട്ടോസ്റ്റാറ്റ് മെഷീൻെറ കടന്നുവരവ് ടൈപ്പ് റൈറ്റിംഗ് പഠിക്കുന്നവരുടെ പ്രതീക്ഷകളെ നശിപ്പിക്കുന്നു എന്നത് സത്യം. സ്വകാര്യ കമ്പ്യൂട്ടർ ട്രെയിനിംഗ്/ സ്വകാര്യ ITC എന്നിവയൊന്നും പഞ്ചായത്തിലില്ല.
അദ്ധ്യാപകരിൽ 10% പേർ മാത്രമേ തദ്ദേശീയരായുള്ളു. ബാക്കി 70% തൊട്ടടുത്ത പഞ്ചായത്തുകളിലുള്ളവരും 20% പേർ ജില്ലയ്ക്കു പുറത്തുള്ളവരുമാണ്.

പഞ്ചായത്തിനുവെളിയിൽ അദ്ധ്യാപകരായി ജോലിചെയ്യുന്ന വിരലിലെണ്ണാവുന്നവർ പഞ്ചായത്തിലുണ്ട്. കോളേജ്, അദ്ധ്യാപകരാരും പഞ്ചായത്തിലില്ല.

പഞ്ചായത്തിലെ നിരക്ഷരത 91 ലെ സാക്ഷരതാ യജ്ഞത്തിൽ ഏതാണ്ട് തുടച്ചു നീക്കിയതാണ്. പക്ഷേ തുടർ സാക്ഷരതാ പരിപാടിയുടെ അഭാവം വീണ്ടും നിരക്ഷരത ക്ഷണിച്ചു വരുത്തിയിട്ടുണ്ട്. 328 ആദിവാസികളെ കൂടി അന്ന് സാക്ഷരരാക്കിയിരുന്നു. ഇന്നിപ്പോൾ പഞ്ചായത്തിൽ ഏകദേശം 30% നിരക്ഷരരുണ്ടാകുമെന്ന് കണക്കാക്കുന്നു.

SSLC യുടെ തുടർച്ചയായ വിജയശതമാനം താഴെ കൊടുക്കുന്നു.

| | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| GVHS മലമ്പുഴ 25% | 24% | 25% | 17% | 30% | |
| GTWS ആനക്കല്ല് | - | - | - | - | 8% |

രക്ഷിതാക്കളും അദ്ധ്യാപകരും സാമൂഹ്യ പ്രവർത്തകരും സന്നദ്ധസംഘടനകളും ചേർന്ന് നടത്തുന്ന ഒരു പ്രക്രിയ തുടർച്ചയായ വിജയത്തിലെത്തിയാൽ മാത്രമേ നമുക്ക് വിജയശതമാനം ഉയർത്താൻ പറ്റൂ. ആദ്യ ക്ലാസുകൾ മുതൽക്കുതന്നെ വിജയശതമാനം ഉയർത്തുന്നതിനുവേണ്ട പരിപാടികൾ ആരംഭിക്കണം.

## അക്കദമിക്ക് നിലവാരം

| ക്ലാസ്സ് | ആകെ | 30% | 30-40% | 40-50% | 50-60% | 60% മുകളിൽ |
|---|---|---|---|---|---|---|
| 1. | 258 | 19 | 26 | 100 | 48 | 65 |
| 2 | 213 | 27 | 55 | 41 | 34 | 56 |
| 3. | 239 | 54 | 66 | 51 | 38 | 30 |
| 4 | 235 | 61 | 58 | 45 | 37 | 37 |
| 5 | 251 | 73 | 68 | 66 | 23 | 21 |
| 6 | 244 | 94 | 98 | 16 | 27 | 12 |
| 7 | 255 | 90 | 98 | 34 | 18 | 15 |
| 8 | 316 | 118 | 108 | 36 | 32 | 22 |
| 9 | 244 | 96 | 70 | 25 | 27 | 26 |
| 10 | 191 | 138 | 33 | 10 | 8 | 2 |
| ആകെ | 2446 | 770 | 680 | 424 | 289 | 283. |

സമർത്ഥരായ വിദ്യാർത്ഥികൾക്ക് സമ്മാനവും പ്രോത്സാഹനവും നൽകുന്നുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ വകയും PTA യുടെ വകയും ക്യാഷ് അവാർഡുകളും മറ്റും SSLC ജേതാക്കൾക്കും എല്ലാ ക്ലാസ്സിലെയും ഉയർന്ന മാർക്ക് വാങ്ങുന്നവർക്കും വർഷം തോറും നൽകുന്നുണ്ട്. എൻഡോവ്മെൻറ് കടുക്കാംകുന്നം സ്ക്കൂളിൽ ഒരെണ്ണം ഒഴികെ മറ്റ് സ്ക്കൂളുകളിൽ ഒന്നും നിലവിലില്ല.

അക്കാദമിക്ക്/ ഭൗതിക സൗകര്യങ്ങൾ പല സ്ക്കൂളുകളിലും കുറവാണ്. സ്വന്തം കെട്ടിടം എല്ലാ സ്ക്കൂളുകൾക്കുമുണ്ട്. മറ്റു പഠനോപകരണങ്ങൾ ചുറ്റുമതിൽ - കുടിവെള്ളം തുടങ്ങിയ പലതും സ്ക്കൂളുകളിൽ വേണ്ടത്ര ഇല്ല. പരമപ്രധാനമായ ഈ സൗകര്യങ്ങളുടെ പരിമിതി താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും വ്യക്തമാക്കാം.

| സ്കൂൾ | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് | ടി. വി | വി. സി. ആർ | പ്രൊജക്ടർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകപ്പുര | മാതൃസംഗമം | പി. ടി. എ | ഭക്ഷണ കുടിയ അലമാര | കളിസ്ഥലം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| G.V..H.S. Malampuzha | ✓ | ✓ | ✓ | ✓ | ✓ | | | | 5 | 2 | pipe | ✓ | ✓ | ✓ | ✓ | ✓ | ✓ | |
| GAIN HS Anakkal | | | | ✓ | | | | | 1 | | Pipe | ✓ | | | | | | |
| GLP Kadukkamkunnam | ✓ | | | ✓ | ✓ | | | | 1 | 1 | Pipe<br>Well | | ✓ | | | ✓ | | |
| Holifamily | | | | ✓ | | | | | 1 | - | Well | ✓ | ✓ | | | | ✓ | |
| St. Joods | | | | ✓ | | | | | 2 | 1 | Well | | | | | | | |

മേൽ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. മൂത്രപ്പുര കക്കൂസ് എന്നിവ ഇല്ലാത്ത സ്ക്കൂളുകൾ ഇല്ലെങ്കിലും അവയുടെ എണ്ണം പരിമിതമാണ്. ശരാശരി 240 വിദ്യാർത്ഥികൾക്ക് ഒരു മൂത്രപ്പുരയും 800 വിദ്യാർത്ഥകൾക്ക് ഒരു കക്കൂസും ആണ് ഇന്നുള്ളത്. ഉള്ളതു തന്നെ ശോചനീയാവസ്ഥയിലാണ്.

കുട്ടികൾക്ക് സ്ക്കൂളുകളിൽ എത്തുന്നതിന് യാത്രചെയ്യേണ്ടി വരുന്നദൂരം ഒരു പ്രധാന ഘടകമാണ് മലമ്പുഴ പഞ്ചായത്തിന്റെ പ്രത്യേകത അനുസരിച്ച് ഈ ദൂരം സാധാരണയിൽ കൂടുതലാണ്. അകമലവാരത്തുള്ള കുട്ടികൾ തൊട്ടടുത്ത സ്ക്കൂളിൽ എത്തുന്നത് ഏറ്റവും കുറഞ്ഞത് 10 കിലോമീറ്റർ നടക്കുകയോ അല്ലെങ്കിൽ 3-4 കി.മി. നടന്ന് പിന്നീട് ബോട്ടിൽ യാത്രചെയ്ത് ബസ്സിൽ യാത്ര തുടർന്ന് എത്തുകയോ ചെയ്യണം. 2 കി.മീറ്ററിനുള്ളിൽ എൽ.പി. യും 3 കി.മീറ്ററിനുള്ളിൽ യു.പി യും 4 കി.മീറ്ററിനുള്ളിൽ ഹൈസ്ക്കൂളും എന്നത് അകമലവാരം 1,2 വാർഡ് നിവാസികൾക്കും 3-4 വാർഡുകളിലുള്ളവർക്കും ബാധകമല്ലാതായിരിക്കയാണ്.

സ്കോളർഷിപ്പ് നേടുന്ന കുട്ടികൾ കുറവാണ്. പട്ടികജാതി വർഗ്ഗ കുട്ടികൾക്ക് ലംപ്സംഗ്രാൻറും മുസ്ലീം വിദ്യാർത്ഥികൾക്കുള്ള ഗ്രാൻറും യഥാസമയം വാങ്ങികൊടുക്കുന്നുണ്ട്. പഠനത്തിൽ മികവുകാട്ടുന്ന ചിലരെങ്കിലും സബ്ജില്ലാതലംവരെ എത്തുന്നുണ്ടെങ്കിലും ജില്ല സംസ്ഥാന തലത്തിലേക്കെത്തി സ്ക്കോളർഷിപ്പ് വാങ്ങുന്നവർ ആരുംതന്നെയില്ല എന്നു പറയാം.

സമരം മൂലം അദ്ധ്യയന ദിവസം നഷ്ടപ്പെടുന്നത് വളരെ വിരളമാണ്. മലമ്പുഴ ഹൈസ്ക്കൂളിൽ മാത്രമേ വല്ലപ്പോഴും സമരങ്ങൾ ഉണ്ടാകാറുള്ളു. അതും പ്രധാനമായും വൊക്കേഷണൽ സ്ക്കൂളാക്കിയതിനുശേഷം കുട്ടികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നത് കൊണ്ടാണ് സമരം ഒഴിവാക്കാൻ സാധിക്കുന്നത്. കഴിഞ്ഞ കൊല്ലം വരെ സ്ക്കൂളിൽ സംഘടനാടിസ്ഥാനത്തിൽ തന്നെയാണ് തെരഞ്ഞെടുപ്പ് നടന്നത്.

ട്യൂഷൻ ക്ലാസുകളെ ആശ്രയിക്കുന്ന വിദ്യാർത്ഥികൾ750 ഓളം വരും. നല്ലൊരുശതമാനം ഗൈഡുകളേയും ആശ്രയിക്കുന്നുണ്ട്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വിജ്ഞാനോത്സവം സ്ക്കൂൾ തലത്തിൽ നടത്തുന്ന ക്വിസ് മത്സരങ്ങൾ എന്നിവ കുട്ടികളിൽ രസകരമായ അനുഭൂതിയും പഠനത്തിൽ താല്പര്യവും ഉളവാക്കുന്നുണ്ട്.

യുവജനോത്സവങ്ങൾ നടത്താറുണ്ടെങ്കിലും ജില്ലാ സംസ്ഥാനതലത്തിലേക്കെത്തുന്നവർ ഇല്ല എന്ന് തന്നെ പറയാം. മ്യൂസിക് ടീച്ചർ ഉണ്ടെങ്കിലും സംഗീതത്തോട് പ്രിയം ഉള്ള കുട്ടികളുടെ എണ്ണം കുറവാണ്. കായികാദ്ധ്യാപകരുണ്ടെങ്കിലും സ്പോർട്ട്സിനോടും വേണ്ടത്ര താൽപ്പര്യം കുട്ടികൾ പ്രകടിപ്പിക്കുന്നതായി കാണുന്നില്ല. ആനക്കൽ ഹൈസ്ക്കൂളിൽ മ്യൂസിക് /പി.ടി. ടീച്ചർമാരില്ല.

മലമ്പുഴ സ്ക്കൂളിലും ആനക്കൽ സ്ക്കൂളിലും പി.ടി.എ. വളരെ ശക്തമായി പ്രവർത്തിക്കുന്നുണ്ട്. ക്ലാസ്സ് മുറികൾ ബഞ്ച് , ഡസ്ക് തുടങ്ങിയവ ഉണ്ടാക്കുന്നതിനാവശ്യമായ സഹായസഹകരണം പി.ടി.എ. യുടെ ഭാഗത്തു നിന്നുണ്ടാവുന്നുണ്ട്. ഉച്ചക്കഞ്ഞിക്കുള്ള ചിലവിൽ നല്ലൊരു ഭാഗവും പി.ടി.എ. ആണ് വഹിക്കുന്നത്. പഞ്ചായത്തും സഹകരിക്കുന്നുണ്ട്. നിർദ്ധനരായ കുട്ടികൾക്ക് വർഷം തോറും യൂണിഫോറം പഞ്ചായത്ത് വിതരണം ചെയ്യുന്നുണ്ട്.

***ഗ്രാമ സഭയിലുയർന്ന പ്രശ്നങ്ങൾ***

1. അകമലവാരം പ്രദേശങ്ങളിൽ പഠനസൗകര്യം കുറവാണ്. വേണ്ടത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.

2. പ്രീപ്രൈമറി, നഴ്സറിസ്ക്കൂളുകളുടെ അഭാവം
3. നിരക്ഷരത വർദ്ധിച്ചുവരുന്നു. പ്രത്യേകിച്ച് ആദിവാസികളുടെ ഇടയിൽ .
4. സാങ്കേതിക വിദ്യാലയങ്ങൾ വേണ്ടത്ര ഇല്ല.
5. 3-4 വാർഡുകളിൽ പഠന സൗകര്യം കുറവാണ്.
6. അകമലവാരത്ത് ഉന്നതപഠന സൗകര്യം ഇല്ല.
7. ആനക്കൽ സ്ക്കൂളിൽ അദ്ധ്യാപകരുടെ ഒഴിവ് നികത്തുന്നില്ല.
8. അങ്കണവാടികളിൽ വേണ്ടത്ര കളിസാധനങ്ങൾ ഇല്ല.
9. ആനക്കൽ സ്ക്കൂളിനോടനുബന്ധിച്ച് ട്രൈബൽ ഹോസ്റ്റൽ വേണം.
10. സ്ക്കൂളുകളിൽ അക്കാദമിക്, ഭൗതിക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല.
11. എല്ലാക്ലാസ്സുകളിലെയും പാവപ്പെട്ട കുട്ടികൾക്ക് ഉച്ചകഞ്ഞി ലഭിക്കുന്നില്ല.
12. ഒറ്റപ്പെട്ട പല സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്ക്കൂളിലേക്ക് വന്നുപോകുവാൻ വളരെ ദൂരയാത്ര ചെയ്യേണ്ടി വരുന്നു. നല്ലറോഡോ ഗതാഗതസൗകര്യമോ ഇല്ല.
13. സ്ക്കൂളുകൾക്ക് കളിസ്ഥലം കുറവാണ്.
14. നഗരത്തിലെ സ്ക്കൂളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
15. കലാഭ്യാസനത്തിന് വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.

***അടുത്ത 5 വർഷത്തേക്കുള്ള പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന പരിപാടി***

1. 1-ാം വാർഡിലെ എലകുത്താൻപാറ, 2-ാം വാർഡിലെ കവ, 3-ാം വാർഡിലെ മനക്കൽകാട്, 4-ാം വാർഡിലെ കാഞ്ഞിരക്കടവ് എന്നിവിടങ്ങളിൽ ഓരോ എൽ.പി. സ്ക്കൂളുകൾ പഞ്ചായത്തിൻെറതായി ആരംഭിക്കുക.
2. വലിയകാട് എയ്ഡഡ് എൽ.പി. സ്ക്കൂളും കടുക്കാംകുന്ന് എൽ.പി. സ്ക്കൂളും, യു.പി. സ്ക്കൂളാക്കി ഉയർത്തുക.
3. അകമലവാരത്തിൻെറ പ്രത്യേകത കണക്കിലെടുത്ത് 2 കിലോമീറ്റർ ചുറ്റളവിൽ (തെക്കേമലമ്പുഴ, പൂക്കണ്ട്, കൊല്ലുകുന്ന്, എലാക്കാ, കുന്നുംപുറം, അയ്യപ്പൻപൊറ്റ, ചേമ്പന) ഏകാദ്ധ്യാപക ജനകീയ വിദ്യാലയങ്ങൾ ആരംഭിക്കുക.
4. വലിയകാട്, ആനക്കൽ, കടുക്കാംകുന്ന്, മലമ്പുഴ എന്നിവിടങ്ങളിലെ സ്ക്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറിവിദ്യാലയങ്ങൾ ആരംഭിക്കുക.
5. പ്രധാനമായും എസ്.സി. എസ്.ടി. വിഭാഗക്കാരെ ഉദ്ദേശിച്ചും തുടർ സാക്ഷരതാപരിപാടി നടത്തണം.
6. ഉച്ചക്കഞ്ഞി വിതരണത്തിൻെറ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കണം. 10-ാം ക്ലാസുവരെയുള്ള പാവപ്പെട്ടവർക്ക് ഉച്ചക്കഞ്ഞി നൽകണം.
7. 1-10 വരെ പഠിക്കുന്ന കുട്ടികളിൽ ഉയർന്ന നിലവാരം പുലർത്തുന്നവരെ കണ്ടെത്തി അവർക്ക് പഞ്ചായത്ത് പ്രോത്സാഹനം കൊടുക്കുകയും പഠനനിലവാരം കുറഞ്ഞവരെ കണ്ടെത്തി അവർക്ക് സൗജന്യമായി ട്യൂഷൻ ഏർപ്പെടുത്തുകയും വേണം.
8. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ നടത്തുക.
9. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സ് സംവിധാനം ആരംഭിക്കുക.
10. പി.ടി.എ. മദർ പി.ടി.എ. എന്നിവ സജീവമാക്കുക.

11. പഞ്ചായത്തിനെ മാത്രം ആദ്യം ലക്ഷ്യമിട്ടുകൊണ്ട് കുട, നോട്ടുബുക്ക്, ഡസ്റ്റർ, ചോക്ക് എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് വെക്കേഷന് ഹ്രസ്വകാലപരിശീലനം നൽകുക.
12. പഞ്ചായത്തിലുള്ള നവോദയ, ഗവ. ഐ.ടി.ഐ. വൊക്കേഷണൽ കോഴ്സ് എന്നിവയിൽ ചേരുന്നതിന് മലമ്പുഴ പഞ്ചായത്ത് നിവാസികളുടെ കുട്ടികൾക്ക് ഗ്രേസ്മാർക്ക് നൽകി പ്രത്യേകപരിഗണന ഏർപ്പെടുത്തുക.
13. മലമ്പുഴയിൽ അഗ്രി. യൂണിവേഴ്സിറ്റി ആരംഭിക്കുക.

ഇതു കൂടാതെ പാരാ അക്കാഡമിക് പ്രവർത്തനങ്ങൾ സജീവമായി നടത്താവുന്നതാണ്. സ്ക്കൂൾ അടിസ്ഥാനത്തിൽ സാഹിത്യസമ്മേളനങ്ങൾ, ക്ലബ്ബുകൾ, കൈയെഴുത്ത് മാസികകൾ, ഫിഷ് അക്വേറിയങ്ങൾ പൂന്തോട്ട പച്ചക്കറി തോട്ടങ്ങൾ, കലാപരിശീലന പരിപാടികൾ വിനോദയാത്രകൾ, ദിനാചരണങ്ങൾ (ജനവരി 26 റിപ്പബ്ളിക്ദിനം, ജൂൺ 5 - പരിസ്ഥിതി ദിനം, ജൂലായ് 21- ചാന്ദ്രദിനം, ആഗസ്റ്റ് 15- സ്വാതന്ത്ര്യദിനം , സെപ്റ്റംബർ 6- അദ്ധ്യാപകദിനം, ഒക്ടോബർ 2 ഗാന്ധി ജയന്തി, നവംബർ 1 കേരളപ്പിറവി ദിനം, നവംബർ 14 - ശിശുദിനം) എന്നിവയൊക്കെ ബുദ്ധിമുട്ടില്ലാതെ നടപ്പാക്കാവുന്നതാണ്.

കൃഷിയും പശുവിനെ വളർത്തലും തുണിനെയ്ത്ത്, ഇഷ്ടികപണി - കെട്ടിട നിർമ്മാണം - ആശാരിപണി തുടങ്ങിയ സാധാരണ തൊഴിലുകളിൽ ഏർപ്പെട്ടിട്ടാണ് ബഹുഭൂരിപക്ഷവും നിത്യവൃത്തിക്ക് വകതേടുന്നത്. വിദ്യാഭ്യാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഈ പ്രവർത്തനങ്ങളിൽ ആളുകൾ ഏർപ്പെട്ടേ പറ്റൂ. പക്ഷേ ഇവയൊന്നും ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചട്ടക്കൂടിൽ പെടുന്നില്ല. മാത്രമല്ല ഔപചാരിക വിദ്യാഭ്യാസം സിദ്ധിച്ചവരിൽ ഇമ്മാതിരി സാധാരണ തൊഴിലിനോട് ഒരുതരം അവജ്ഞ വളർന്നു വരുന്നതായി കാണുന്നു. ഇന്ന് നിലവിലുള്ള ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായം ഇത്തരം പണികൾ ചെയ്യുന്നതിൽ നിന്ന് കുട്ടികളെ മാനസികമായി അകറ്റുന്നു. ഇത് തെറ്റായ സമീപനമാണ്. ഒരു പ്രദേശത്തെ ഭൗതികസാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്ന് ആ സാഹചര്യങ്ങൾക്കനുസൃതമായ സേവനങ്ങളും ഉല്പാദന പ്രവർത്തനങ്ങളും നിർവ്വഹിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായം നമുക്കുണ്ടാവണം. ഇതിന് ഇന്നത്തെ ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തെ പ്രൈമറി തലം മുതൽ തൊഴിലിനോടാഭിമുഖ്യം വളർത്തുന്ന രീതിയിൽ പുനഃസംഘടിപ്പിക്കണം.

ജനകീയപങ്കാളിത്തമാണ് പ്രധാനം. കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന ചുമതല നമ്മുടെതാണെന്ന ബോധം ഉണ്ടാവണം. അങ്ങിനെ ഉണ്ടായാൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള വിഭവങ്ങൾ കണ്ടെത്താൻ കഴിയും. ആസൂത്രണത്തിൽ മാത്രമല്ല, നടത്തിപ്പിലും ജനകീയമായാൽ എല്ലാ പ്രശ്നവും പരിഹരിക്കാം എന്നത് തർക്കമറ്റ കാര്യമാണ്.

# 7.5
# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നാണ് കുടിവെള്ളം. നമ്മുടെ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 60% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. വേനൽകാലത്ത് ഭൂരിഭാഗം കിണറുകളിലും വേണ്ടത്ര ജലം ലഭ്യമല്ല. പഞ്ചായത്തിൽ 26 പൊതു കിണറുകളും 8 കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല.

മലമ്പുഴ ഡാമിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ രണ്ട് പമ്പ് ഹൗസുകൾ നിലവിലുണ്ട്. എന്നാൽ മലമ്പുഴ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം ഇന്നും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ കിണറുകളിലെ ജല ലഭ്യത ഉറപ്പുവരുത്താൻ പുഴകളിൽ തടയണകൾ നിർമ്മിക്കുകയും, മണൽ ഖനനം തടയുകയും ചെയ്താൽ വേനൽകാലത്ത് ജലസമ്പത്തിൻെറ കാര്യത്തിൽ സ്വാശ്രയത്വം നേടാവുന്നതാണ്.

പഞ്ചായത്തിൽ ഭൂരിഭാഗവും ചരിവ് പ്രദേശം ആയതുകൊണ്ട് മഴക്കാലത്ത് മഴവെള്ളം മുഴുവൻ നദികളിലേക്ക് കുത്തി ഒലിച്ചു പോകുന്നു. ഇത് തടയാൻ വനവൽക്കരണവും കയ്യാലകളുടെ നിർമ്മാണവും നടത്തണം.

*__പ്രശ്നങ്ങൾ__*

1. പഞ്ചായത്ത് കിണറുകളിൽ പലതും ശോചനീയാവസ്ഥയിലാണ്. യഥാ സമയങ്ങളിൽ പൊതു കിണറുകളുടെ അറ്റകുറ്റപണികൾ നടത്താത്തതുമൂലം സംരക്ഷണ ചുമരുകളും പ്ലാറ്റ് ഫോറവും ഇടിഞ്ഞ് പൊളിഞ്ഞിരിക്കുന്നു.
2. കുഴൽ കിണറുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്തുന്നില്ല.
3. പൈപ്പ് വഴിയുള്ള കുടിവെള്ളം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.
4. 3-ാം വാർഡിൽ ആരംകോട് കുളമ്പിൽ പൈപ്പ് ലൈൻ വലിച്ച് ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്. വെള്ളം ലഭിക്കാറില്ല.

### നിർദ്ദേശങ്ങൾ

1. മായപാറ തോട്ടിൽ നിന്നും, വേലാപൊറ്റ, പുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് സംഭരിച്ച് പുക്കുണ്ട്, മുത്തുകുളം, കടലികാട്, എലാക്ക്, വലിയകാട് എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.
2. ഒന്നാംപുഴ, കല്ലൻപുഴ, കൊച്ചിതോട് മുതലായ പുഴകളിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് 2-ാം വാർഡിലെ കുടിവെള്ളം പ്രശ്നം പരിഹരിക്കാം.
3. കോരയാർ പുഴയിൽ നിന്നോ മലമ്പുഴഡാമിൽ നിന്ന് ഒഴുകുന്ന പുഴയിൽ നിന്നോ വെള്ളം സംഭരിച്ച് ഓവർഹൈഡ് ടാങ്ക് കെട്ടി 3,4, വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യാൻ കഴിയും.
4. ജനപങ്കാളിത്തത്തോടുകൂടി പല പൊതു കിണറുകളും നേരെയാക്കി കുടിവെള്ള പ്രശ്നം പരിഹരിക്കണം.
5. ഹരിജൻ, ഗിരിജൻ, കോളനികളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ പ്രത്യേകശ്രദ്ധ ആവശ്യമാണ്.

### പൊതുജനാരോഗ്യം

സാധാരണക്കാരൻെറ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രം നിലവിലുണ്ട്. രണ്ട് സബ് സെൻററുകളും, ഒരു ഹോമിയോ ഹോസ്പിററലും പ്രവർത്തിച്ചു വരുന്നു. ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്നുകൾ ലഭ്യമല്ലാത്തതുകൊണ്ട് പതുക്കെ, പതുക്കെ ഗ്രാമീണ ജനത സ്വകാര്യ ഹോസ്പിററലുകളെ ആശ്രയിക്കുന്നു. ആരോഗ്യകേന്ദ്രങ്ങളിൽ വേണ്ടത്ര ജീവനക്കാരും കിടത്തി ചികിത്സിക്കാൻ സൗകര്യവും ഉണ്ട്. ഇത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തി ജന വിശ്വാസം നേടാൻ കഴിയണം.

പഞ്ചായത്തിലെ ജനനമരണ കണക്കുകൾ പരിശോധിച്ചാൽ 100 പേർ ജനിക്കുമ്പോൾ 15 പേർ മരിക്കുന്നുണ്ട്. അതുപോലെ സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. മലവിസർജനം പൊതുനിരത്തുകളിൽ നടത്തുന്നതുമൂലം സാക്രമികരോഗങ്ങൾക്ക് വളരെ സാധ്യതയുണ്ട്. വീടുകളുടെ പരിസരത്ത് ചളിവെള്ളം കെട്ടിനിൽക്കുകയും, ചപ്പ്ചപ്പറുകൾ കുന്നുകൂടുകയും ചെയ്യുന്നതുകൊണ്ട് കൊതുക് ശല്യം വളരെ കൂടുതലാണ്. കിണറുകളുടെ മുകൾഭാഗം വലകെട്ടി സംരക്ഷിക്കുന്ന ഏർപ്പാട് വളരെ കുറച്ച് മാത്രമാണ്. തിളപ്പിച്ച് വെള്ളം ഉപയോഗിക്കുന്ന ശീലം വളരെ കുറവാണ്.

ഭക്ഷണാവശിഷ്ടങ്ങളും മറ്റും മാലിന്യങ്ങളും വീടിൻെറ പരിസരത്തു തന്നെ അലക്ഷ്യമായി ഇടുന്ന പ്രവണത പൊതുവെയുണ്ട്. കച്ചവട കേന്ദ്രത്തിലെ എല്ലാ വിധ മാലിന്യങ്ങളും റോഡിലേക്ക് വലിച്ചെറിയുന്ന പ്രവണത നിലവിലുണ്ട്.

അലഞ്ഞു നടക്കുന്ന നായ്ക്കളുടെ ബാഹുല്യം വളരെ കൂടുതലാണ്. പൊതുജനാരോഗ്യത്തിന് കാര്യമായ ഭീഷണി ഉയർത്തുന്ന പ്രശ്നമാണ്.

ശവശരീരം മറവ് ചെയ്യുന്നതിനുള്ള പൊതുശ്മശാനം പല വാർഡുകളിലും ഇല്ല. ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ മറവ് ചെയ്യാൻ വളരെ ബുദ്ധിമുട്ടുണ്ട്.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിലെ പി.എച്ച്.സി. യിൽ ആവശ്യമായ മരുന്ന് ഇല്ല.
2. വിഷ ചികിത്സാ സൗകര്യമില്ല.
3. ആമ്പുലൻസ് സൗകര്യം ഇല്ല.
4. ലാബ് സൗകര്യം ഇല്ല.
5. ബോധവത്ക്കരണ പ്രവർത്തനങ്ങൾനടക്കുന്നില്ല.
6. അകമലവാരത്ത് കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല.

*നിർദ്ദേശങ്ങൾ.*

1. പഞ്ചായത്തിലെ പി.എച്ച്.സി. യിൽ ഒരു പുരുഷ ഡോക്ടറും ഒരു വനിത ഡോക്ടറും ആവശ്യമാണ്.
2. ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തണം
3. ലാബ് സൗകര്യം എർപ്പെടുത്തണം.
4. മലമ്പുഴയിലെ നിലവിലുള്ള പി.എച്ച്. സി. മദർ പി.എച്ച്.സി. ആയി ഉയർത്തുക.
5. ദാരിദ്രരേഖക്ക് താഴെയുള്ള എല്ലാവർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കുക.
6. പൊതു സ്ഥലങ്ങളിലെ മലിനീകരണം തടയുന്നതിന് ബോധവത്ക്കരണം നടത്തുക.
7. മൂന്ന്, നാല് വാർഡുകളെ കേന്ദ്രീകരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻെറ സബ് സെൻറർ സ്ഥാപിക്കുക.
8. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
9. വാർഡിലുള്ള പൊതു ശ്മശാനങ്ങൾ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുകയും അതിലേക്കുള്ള വഴി ഗതാഗത യോഗ്യമാക്കുകയും ചെയ്യുക.
10. അകമലവാരത്ത് കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രി നിർമ്മിക്കണം.
11. വ്യാപാരകേന്ദ്രങ്ങളിലെ മാലിന്യങ്ങൾ പൊതചു നിരത്തുകളിൽ ഇടുന്നത് കർശനമായി നിരോധിക്കുക.
12. കടുക്കാം കുന്നം കേന്ദ്രമാക്കി ആയുർവേദ ഹോസ്പിറ്റൽ സ്ഥാപിക്കുക.
13. പേപ്പട്ടി വിഷബാധ തടയുന്നതിന് വേണ്ടി അലഞ്ഞു തിരിഞ്ഞ് നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കുക. വളർത്തു നായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവെയ്പുകളും നിർബന്ധമാക്കുക.
14. ജനപങ്കാളിത്തത്തോടുകൂടി രക്ത നിർണ്ണയ ക്യാമ്പ് നടത്തുക.
15. പ്രതിരോധ ചികിത്സ വ്യാപകമായി പ്രചരിപ്പിക്കുക.
16. യോഗ പരിശീലനകേന്ദ്രം ആരംഭിക്കുക.
17. ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

# 7.6

# ഗതാഗതം

പഞ്ചായത്തിൽ 6k.m. ടാർ റോഡും 60 k.m. പക്കാറോഡും 10-110 k.m. മെറ്റൽ റോഡും ഉൾപ്പെടെ ആകെ 76.110 k.m റോഡ് നിലവിലുണ്ട്. ഒന്നും രണ്ടും വാർഡുകളിലെ യാത്രാസൗകര്യങ്ങൾ വളരെ ശോചനീയമാണ്. ഒന്നു മുതൽ 4 വരെയുള്ള വാർഡുകളിൽ ഇന്നും ബസ്സ് സർവ്വീസ്സുകൾ ജനങ്ങൾക്ക് അപ്രാപ്യമാണ്. ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ വികസനം പോലും മുരടിച്ച അവസ്ഥയിൽ ആണ്. മേൽപ്പറഞ്ഞ വാർഡുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക വിളകൾക്കുപോലും ന്യായമായ വില കർഷകർക്ക് ലഭിക്കാറില്ല.

പഞ്ചായത്ത് റോഡുകളിൽ പലതും ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കിയാൽ ബസ്സ് സർവ്വീസ് നടത്താവുന്നതാണ്. റോഡു കയ്യേറ്റങ്ങളും മറ്റും അടിയന്തിരമായി ഒഴിപ്പിക്കേണ്ടതാണ്. ജലഗതാഗതം സുരക്ഷിതവും സുഗമവുമല്ലാത്തതിനാൽ അകമലവാരം ഭാഗത്ത് വിദ്യാർത്ഥികൾ ഉൾപ്പെടെ ഉള്ള ജനങ്ങൾ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. നിർദ്ദിഷ്ട റിങ്ങ് റോഡ് നിലവിൽ വന്നാൽ പഞ്ചായത്തിൻെറ ഒന്നും രണ്ടും വാർഡുകൾക്ക് വളരെയധികം പുരോഗതി ഉണ്ടാകുന്നതും ടൂറിസം വികസനത്തിന് ഏറെ ഗുണകരവുമാണ്. മലമ്പുഴയിൽ നിന്നും കുരുത്തിക്കടവ് വരെ ഏതാണ്ട് 12 കി.മീറ്റർ നീളത്തിൽ പണി പൂർത്തിയാക്കിയിരിക്കുന്ന പ്രസ്തുത റോഡ്, ആശ്രമം മൊതിരംകുന്ന് - ആനക്കൽ - വലിയകാട് - എലാക്കാ - എലകുത്താം പാറ - എലിവാൽ - കൊല്ലം കുന്നുവഴി തെക്കെ മലമ്പുഴ - മലമ്പുഴ വരെ ഏതാണ്ട് 26 കിലോമീറ്റർ നീളം പണിപൂർത്തിയാക്കേണ്ടതുണ്ട്. ഈറോഡിൻെറ നിർമ്മാണത്തിൽ സംസ്ഥാന സർക്കാരിൻെറ പ്രത്യേക പരിഗണന ആവശ്യവുമാണ്.

ചെറിയപാലങ്ങൾ നിർമ്മിച്ച് ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കേണ്ടതും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയാൽ ബസ്സ് സർവ്വീസ് നടത്താവുന്നതുമാണ്. റോഡുകൾക്ക് ആവശ്യമായ കാനകൾ നിർമ്മിച്ച് വെള്ളം ഒലിച്ചു പോകുവാൻ വേണ്ട സൗകര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. വീതികുറഞ്ഞ ഭാഗങ്ങളിൽ ജനങ്ങൾ റോഡിന്നാവശ്യമായ സ്ഥലം വിട്ടുകൊടുക്കേണ്ടതും പൊതു ജനപങ്കാളിത്തത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടതു മാകുന്നു.

**പ്രശ്നങ്ങൾ : –**

1. പഞ്ചായത്തിൻെറ ഒന്നും രണ്ടും വാർഡുകളിൽ സഞ്ചാരയോഗ്യമായ റോഡുകൾ ഒന്നും തന്നെ ഇല്ല.
2. നിലവിലുള്ള റോഡുകൾക്ക് അത്യാവശ്യം വേണ്ട പാലങ്ങൾ ഒന്നു പോലുമില്ല.
3. ഒന്നുമുതൽ നാലുവരെ ഉള്ള വാർഡുകൾ ബസ്സ് സർവ്വീസുകൾ ഇല്ലാത്ത പ്രദേശങ്ങളാണ്.
4. റോഡുകയ്യേറ്റങ്ങൾ തടയാൻ ആവശ്യമായ നടപടികൾ ഒന്നും കൈക്കൊള്ളുന്നില്ല.
5. പഞ്ചായത്തിലെ ഭൂരിപക്ഷം റോഡുകൾക്കും കാനകൾ നിർമ്മിച്ചിട്ടില്ല.
6. അകമലവാരത്ത് "റിങ്ങ്" റോഡിൻെറ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

7. ആവശ്യമായ ടാക്സിസ്റ്റാൻറുകൾ നിലവിൽ ഇല്ല.
8. ജലഗതാഗതത്തിന് ആവശ്യമായ ബോട്ടുകൾ നിലവിൽ ഇല്ല.
9. ആവശ്യമായ വെയിറ്റിങ്ങ് ഷെഡുകൾ നിലവിലില്ല.
10. റോഡുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്തുന്നില്ല.

**നിർദ്ദേശങ്ങൾ :-**

1. പൊതുജന പങ്കാളിത്തത്തോടെ റോഡുകൾ അളന്ന് ആവശ്യമായ വീതി തിട്ടപ്പെടുത്തുക.
2. ആവശ്യമായ പാലങ്ങളും നടപാലങ്ങളും പണിത് ഒറ്റപ്പെട്ട പ്രദേശങ്ങളെ ബന്ധപ്പെടുത്തുക.
3. റോഡുകൾ ടാർ ചെയ്യുന്നതിനും കാനകൾ കെട്ടുന്നതിനും ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കുക.
4. ആവശ്യമായ ബസ്സ് സർവ്വീസുകൾ നടത്തുക. ഈ കാര്യത്തിൽKSRTC യുടെ സേവനം ലഭ്യമാക്കുക.
5. റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം ചെയ്യുക.
6. ജലഗതാഗതത്തിന് രണ്ട് ബോട്ടുകൾ എങ്കിലും ഉണ്ടാകേണ്ടതാണ്.
7. ആവശ്യമായ വെയിറ്റിങ്ങ് ഷെഡുകൾ സ്ഥാപിക്കുക.
8. ടാക്സിസ്റ്റാൻറുകൾ നിർമ്മിക്കുക.
9. നിലവിലുള്ള മലമ്പുഴ ബസ്സ് സ്റ്റാൻറ് റോക് ഗാർഡന്റെ സമീപത്തേക്ക് മാറ്റി സ്ഥാപിക്കുക.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ആയി ഏതാണ്ട് 61 കിലോമീറ്റർ ദൂരം നിലവിലുള്ള റോഡുകൾ പുതുക്കിപണിത് ടാർ ചെയ്യുകയോ കോൺക്രീറ്റ് ചെയ്യുകയോ വേണം. ഓരോ വാർഡുകളിലും പ്രവർത്തി എടുക്കേണ്ട റോഡുകളും ദൂരവും താഴെ കൊടുത്തിരിക്കുന്നു.

| | | | |
|---|---|---|---|
| **വാർഡ് I** | 1. | മായപാറ - വലിയകാട് റോഡ് | 00.200 K.m. |
| | 2. | കൊല്ലംകുന്നുറോഡ് | 01.000 k.m. |
| | 3. | വലിയകാട് എലാക്കാറോഡ് | 01.000 K.m. |
| | 4. | എലകുത്താംപാറ റോഡ് | 00.700 K.m. |
| | 5. | വലിയകാട് - ഗിരിജൻ കോളനി റോഡ് | 01.000 k.m. |
| | 6. | തോണിക്കടവ് - കൊല്ലംകുന്ന് | 08.000 k.m. |
| | 7. | മായപാറ - വലിയകാട് റോഡ് | 00.200 k.m. |
| | 8. | വലിയകാട്-ഹരിജൻ കോളനിറോഡ് | 01.000 k.m. |
| | 9. | മൊതിരം കുന്ന് റോഡ് | 01.000 k.m. |
| | | | 14-100 k.m |
| **വാർഡ് II** | 1. | തോണിക്കടവ് - ആതുരാശ്രമം റോഡ് | 03.000 K.m |
| | 2. | പാലാഴി - ആതുരാശ്രമം റോഡ് | 04.500 k.m. |
| | 3. | ആനക്കൽ - ഹോമിയോ ഡിസ്പൻസറി | 02.000 k.m. |
| | 4. | കാഞ്ഞിരംപതി- മേട്ടുപതി റോഡ് | 01.000 k.m. |
| | 5. | കാഞ്ഞിരംപതി - അയ്യപ്പൻ പൊറ്റ (TSP) | 00.500 k.m. |
| | 6. | ചൂരിപള്ളം-കുന്നുംപുറംറോഡ് | 01.000 k.m |

| | | | |
|---|---|---|---|
| | 7. | മൊതിരം കുന്നു റോഡ് | 01.000 K.m. |
| | 8. | ആനക്കൽ പള്ളി - ആനക്കൽ എസ്റ്റേറ്റ് റോഡ് | 01.000 K.m. |
| | | | 14.000 k.m. |
| വാർഡ് III | 1. | കാഞ്ഞിരക്കടവ് - ആറങ്ങോട്ടു കുളമ്പ് (ഹരിജൻ കോളനി) | 02.000 k.m. |
| | 2. | കിഴക്കേത്തറ പുഴക്കടവ് - ആറങ്ങോടു കുളമ്പ് - റെയിൽ വെലൈൻപോക്കറ്റ് റോഡ് | 00.500 K.m |
| | 3. | RLY ലൈൻ ഓവുപാലം - പൈപ്പ് ലൈൻ | 00.500 k.m. |
| | 4. | ആറങ്ങോടുകുളമ്പ് 2 പോക്കറ്റ് റോഡുകൾ | 00.500 k.m. |
| | 5. | പന്നിമടവടക്കും ഭാഗം - പുതുശ്ശേരി പഞ്ചായത്തതിർത്തി | 01.000 k.m. |
| | 6. | പൈപ്പുലൈൻ - (കവറോഡ്) കോമ്പള്ളം | 00.500 k.m. |
| | 7. | കരടിയോട് - ആരക്കോട് | 00.750 k.m |
| | 8. | റോക്ക് ഗാർഡൻ - കുനുപുള്ളിപാലം | 00.500 k.m |
| | 9. | മനക്കൽക്കാട് - കുനുപ്പുള്ളി | 00.500 k.m. |
| | 10. | കനാൽ ബണ്ട് റോഡ് - കുനുപ്പുള്ളിവരെ | 02.000 k.m. |
| | 11. | ചടയൻകാലായ് റോഡ് | 02.000 k.m. |
| | 12. | കനാൽബണ്ട് - വിളയൽപൊറ്റ( ഹരിജൻ കോളനി) | 00.500 K.m. |
| | 13. | പുല്ലൻകുന്ന് - കുനുപുള്ളി | 00.500 k.m. |
| | 14. | പൈപ്പ് ലൈൻ റോഡ് | 02.000 k.m. |
| | | | 13.750 k.m. |
| വാർഡ് IV | 1. | അക്കരക്കാട് റോഡിൻെറ ഇടതുവശം പോക്കറ്റ് റോഡ് | 00.200 k.m. |
| | 2. | അക്കരക്കാട് - വടക്കെക്കടവ് | 00.300 k.m. |
| | 3. | അക്കരക്കാട് - വാരണികോരയാർ പുഴറോഡ് | 01.000 k.m. |
| | 4. | കാഞ്ഞിരക്കടവ് - റെയിൽവെ ഗെയിറ്റ് | 00.500 k.m. |
| | 5. | കാഞ്ഞിരക്കടവ് - കാരക്കാട് | 01.000 k.m. |
| | 6. | പുഴക്കൽഹൗസ്സ് റോഡ് | 00.200 k.m. |
| | 7. | പുഴക്കടവ് റോഡ് | 00.200 k.m. |
| | 8. | കോരയാർ പുഴ റോഡിൻെറ പടിഞ്ഞാറ് കിണർ വരേയും തെക്കും വടക്കുമുള്ള പോക്കറ്റ് റോഡുൾപ്പടെ | 00.600 k.m. |
| | 9. | കളത്തിൽ റോഡ് | 00.500 k.m. |
| | 10. | പനംകാട് കോളനി റോഡ് | 00.100 k.m. |
| | 11. | വാരണി - കാഞ്ഞിരക്കടവ് റോഡിൻെറ കിഴക്ക് പോക്കറ്റ് റോഡ് | 00.250 k.m. |
| | 12. | കാഞ്ഞിരക്കടവ് തെക്കുംഭാഗം പോക്കറ്റ് റോഡ് | 00.100 k.m. |
| | 13. | കാഞ്ഞിരക്കടവ് വായനശാലാ റോഡ് | 00.150 k.m. |
| | 14. | കാഞ്ഞിരക്കടവ് കനാൽബണ്ട് റോഡ് | 00.250 k.m. |
| | | | 5.350 k.m. |

| | | | |
|---|---|---|---|
| **വാർഡ് V** | 1. | നായർ തറ റോഡും അതിന്റെ 2 പോക്കറ്റ് റോഡും | 01.000 k.m. |
| | 2. | ചാത്തൻകുളങ്ങര പുഴക്കടവ്റോഡും അമ്പലക്കടവ് റോഡും | 00.300 k.m. |
| | 3. | കിഴക്കെ മുറി റോഡിന്റെ തെക്കുഭാഗം പോക്കറ്റ് റോഡ് | 00.050 k.m |
| | 4. | കടുക്കാംകുന്നം - വാരണി റോഡിന്റെ വടക്കും ഭാഗം പോക്കറ്റ് റോഡ് | 00.050 k.m |
| | 5. | കടുക്കാംകുന്നം പഴയ പോസ്റ്റാഫീസിന്റെ വടക്കുഭാഗം പോക്കറ്റ് റോഡ് | 00.050 k.m. |
| | 6. | കടുക്കാം കുന്നം ആൽത്തറയുടെ കിഴക്കുഭാഗം റോഡ് | 00.050 k.m. |
| | | | 1.500 k.m |
| **വാർഡ് VI** | 1. | കടുക്കാംകുന്നം പടിഞ്ഞാറെ മുറി റെയിൽവെ ലൈൻ റോഡ് | 00.750 k.m |
| | 2 | പടിഞ്ഞാറെ മുറി - പൂവ്വത്തിങ്കൽ റോഡ് | 00.500 k.m |
| | 3. | കടുക്കാംകുന്നം- കമ്മാന്തറ റോഡ് | 00.500 k.m |
| | 5. | കടുക്കാം കുന്നം ആൽത്തറയുടെ കിഴക്കുഭാഗം റോഡ് | 00.050 k.m. |
| | 6. | ശ്രീകുറുംബഭഗവതി റോഡ് - ഉപ്പുപൊറ്റ വരെ | 00.500 k.m. |
| | | | 2.300 k.m. |
| **വാർഡ് VII** | 1. | കവിതാതിയേറ്റർ - ചെറാട് റോഡ് & ബൈപാസ്സ് | 01.500 k.m. |
| | 2. | ഐ.ടി.ഐ- ശാസ്ത്രാനഗർ (ലക്ഷം വീട് ) | 00.500 k.m. |
| | 3. | R.B.കനാൽ - ശാസ്താ കോളനി (ലക്ഷം വീട്) | 01.000 k.m. |
| | 4. | L&P വെള്ളുമാർ ചോല | 00.250 k.m. |
| | 5. | കവിതാ തിയേറ്റർ- ദുർഗ്ഗാ നഗർ | 01.500 k.m. |
| | 6. | R.B. കനാൽ - കൊടുകാട് ചോല - ലക്ഷം വീട് | 00.700 k.m. |
| | 7. | R.B കനാൽ - മില്ല് | 00.200 k.m. |
| | 8. | R.B. കനാൽ പാലം - പൈപ്പു വരെ നടവഴി | 00.250 k.m. |
| | 9. | ഗാന്ധിനഗർ റോഡ് | 00.300 k.m |
| | | | 06.200 k.m. |
| **വാർഡ് VIII** | 1. | തോട്ടപ്പുരറോഡ് | 00.100 k.m. |
| | 2. | മന്തക്കാട് - തലയം കൊളം (കാവിൽപാട് കനാൽ വലതുവശം)റോഡ് & 2 പോക്കറ്റ് റോഡ് | 01.500 k.m. |
| | 3. | മന്തക്കാട് ഐശ്വര്യാ നഗർ റോഡ് | 00.300 k.m. |
| | 4. | മന്തക്കാട് R.B കനാൽ - പ്ലാംപറമ്പം റോഡ് | 00.750 k.m. |
| | 5. | പഞ്ചായത്തു ബസ്സ് സ്റ്റോപ്പ് - നീറാതോട് | 00.500 k.m. |
| | 6. | പുന്നപ്പാറ - കൊളപ്പരുത്തിറോഡ് | 00.500 k.m. |
| | | | 3.650 k.m. |

## ഊർജ്ജം

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലേക്ക് വൈദ്യുതി ലഭിക്കുന്നത് മലമ്പുഴ 66 കെ.വി.സബ്സ്റ്റേഷനിൽ നിന്നുമാണ്. 4 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 27 വിവിധ ട്രാൻസ്ഫോമറുകളിലൂടെയാണ് വൈദ്യുതി എത്തിക്കുന്നത്. ട്രാൻസ്ഫോമറുകളുടെ പേരുകളും മറ്റും ഇതോടൊപ്പമുണ്ട്. തെരുവു വിളക്കുകൾക്കായി 342 ബൾബുകളും 27 ട്യൂബുകളും 10 സോഡിയംവേപ്പർ വിളക്കുകളും കത്തുന്നുണ്ട്. ആവശ്യമായ സോഡിയം വേപ്പർ ലാമ്പുകൾ ഇനിയും സ്ഥാപിക്കേണ്ടിയിരിക്കുന്നു. 5391 രൂപ പ്രതിമാസം സ്ട്രീറ്റ് ലൈറ്റിനു വേണ്ടി അടച്ചു കൊണ്ടിരിക്കുന്നു.തെരുവു വിളക്കുകൾ പോലും എത്താത്ത പ്രദേശങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിനിർമ്മിച്ച പട്ടികജാതിപട്ടിക വർഗ്ഗ കോളനികളിൽ121 വീടുകൾക്ക് കഴിഞ്ഞ 3 വർഷമായി വയറിങ്ങ് കഴിഞ്ഞിട്ടും കണക്ഷൻ ലഭിച്ചിട്ടില്ല.

180 ഓളം തൊഴിലാളികൾ വനത്തിൽനിന്നും വിറക് ശേഖരിച്ച് വിറ്റു വരുന്നു. ഇതിൽ ഭൂരിഭാഗവും ഈ പഞ്ചായത്തിൽ തന്നെയാണ് വിറ്റഴിക്കുന്നത്.51 ബയോഗ്യാസ് പ്ലാൻറുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.120 എൽ.പി.ജി.ഗ്യാസ് കണക്ഷൻ ഉണ്ട്. മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം ലഭ്യമല്ല. പരിഷത്ത്അടുപ്പുകൾവളരെ കുറച്ചുമാത്രമെ ഉള്ളു. ആവശ്യമായ ബോധവൽക്കരണവും സാമ്പത്തികസഹായവും ഉണ്ടെങ്കിൽ 10% വീടുകളിൽ എങ്കിലും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ കഴിയും.

### പ്രശ്നങ്ങൾ

1 വർഷങ്ങളായി വയറിങ്ങ് നടത്തിയ വീടുകൾക്ക് കണക്ഷൻ ലഭിക്കുന്നില്ല..
2. സ്ട്രീറ്റ് ലൈറ്റ് ഇല്ലാത്തനിരവധി പ്രദേശങ്ങൾ ഉണ്ട്.
3. നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകൾ യഥാസമയം കത്തുന്നില്ല.
4. അകമലവാരത്തുള്ളലൈൻ പൊതുജനങ്ങൾക്ക്ഉപകരിക്കുന്നില്ല.
5. ആവശ്യമായ വോൾട്ടേജ് ഇല്ല.
6. ഇലക്ട്രിക്ബിൽ അടക്കാൻ പഞ്ചായത്തിൽ സൗകര്യംഇല്ല.
7. വൈദ്യുതി തകരാറായാൽ യഥാസമയം നന്നാക്കുന്നില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1 വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
3. മലമ്പുഴയിൽ നിർമ്മാണത്തിലിരിക്കുന്ന 'മിനി' ജലവൈദ്യുത പദ്ധതിയിൽ നിന്നും ലഭിക്കുന്ന വൈദ്യുതി ഈ പഞ്ചായത്തിൽ തന്നെ ഉപയോഗിക്കുക.
4. കള്ളിയറ എസ്റ്റേറ്റിനുമുകൾ വശത്ത് കമ്പി ഇട്ട പാറക്കടുത്തുള്ള വെള്ളച്ചാട്ടത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുക.
5. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിനാവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകുക.
6. വൈദ്യുതി എത്തിക്കുവാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
7. പുകയില്ലാത്തപരിഷത്ത് അടുപ്പുകൾ ജനങ്ങളുടെ ഇടയിൽപ്രചരിപ്പിക്കുക.

8. ദുർബ്ബല വിഭാഗങ്ങളുടെ വീടുകളിൽ കുടിൽ ജ്യോതി പദ്ധതി എത്രയുംവേഗം നടപ്പാക്കുക.
9. 7-ാം വാർഡിൽ എസ്.പി.ലൈനിനു പിന്നിലുള്ള പുന്നപ്പാറ കുന്നിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ നടപടി എടുക്കുക.
10. ഇലക്ട്രിക്ബിൽ അടക്കുവാൻ പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിൻെറ ഒരു ഓഫീസ് പ്രവർത്തിപ്പിക്കുക.
11. വൈദ്യുതി തകരാറായാൽ നന്നാക്കുവാൻ വേണ്ട ജീവനക്കാരെ ഈ ഓഫീസിൽ നിയമിക്കുക.
12. മലമ്പുഴ ബസ്സ്റ്റാൻറിൽ നിന്നും എച്ച്.ഡി.ഫാം അഗ്രിക്കൾച്ചർ വർക്ക്ഷാപ്പ് ക്വാർട്ടേഴ്സ് വരെയുള്ള റോഡിൽ തെരുവു വിളക്ക് സ്ഥാപിച്ച് സൗകര്യപ്പെടുത്തുക.

**ഓരോ വാർഡുകളിലും വൈദ്യുതീകരിക്കാത്ത വീടുകൾ ശതമാന കണക്കിൽ**

**പട്ടിക ഒന്ന്**

| | | | |
|---|---|---|---|
| വാർഡ് 1 | 90% | വാർഡ് 5 | 5% |
| വാർഡ് 2 | 90% | വാർഡ് 6 | 20% |
| വാർഡം 3 | 50% | വാർഡ് 7 | 25% |
| വാർഡ് 4 | 50% | വാർഡ് 8 | 20% |

**പട്ടിക 2**

**പഞ്ചായത്ത് പരിധിയിലുള്ള L T ട്രാൻസ്ഫോർമറുകളുടെ പേരുകൾ**

| | | | | | |
|---|---|---|---|---|---|
| 1. | മന്തക്കാട് | 160 K V A | 15 | ഈസ്റ്റ് മലമ്പുഴ | 100 K V A |
| 2. | കടുക്കാംകുന്ന് I | 50 K V A | 16 | പുല്ല ം കുന്ന് I | 100 K V A |
| 3 | കടുക്കാംകുന്ന് II | 50 K V A | 17 | പുല്ലം കുന്ന് II | 100 K V A |
| 4 | കടുക്കാം കുന്ന് III | 160 K V A | 18 | അടപ്പ് | 100 K V A |
| 5 | വാരണി | 250 K V A | 19 | സൗത്ത് മലമ്പുഴ | 100 K V A |
| 6 | ഫിൽട്ടർ പ്ലാൻറ് I | 250 K V A | 20 | എലിവാൽ | 100 K V A |
| 7. | ഫിൽട്ടർപ്ലാൻറ് II | 250 K V A | 21 | പൂക്കുണ്ട് | 100 K V A |
| 8 | ഐ. ടി. ഐ | 250 K V A | 22 | എലകുത്താൻ പാറ | 100 K V A |
| 9 | പോലീസ് സ്റ്റേഷൻ | 25 K V A | 23 | വോലാംപൊറ്റ | 100 K V A |
| 10 | മോട്ടൽസ് | 100 K V A | 24 | ആനക്കല്ല് | 100 K V A |
| 11 | ബസ്സ്റ്റാൻറ് | 100 K V A | 25 | റോപ്പ് വേ I | 100 K V A |
| 12 | പാലക്കാട് ബൂസ്റ്റർ | 250 K V A | 26 | റോപ്പ് വേ II | 50 K V A |
| 13 | മലമ്പുഴ ഡാം | 150 K V A | 27 | കാഞ്ഞിരം പതി | 100K K V A |
| 14. | മലമ്പുഴ ഗാർഡൻ | 250 K V A | | | |

**പട്ടിക 3**

**വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ**

1 വിളയിൽ പൊറ്റ
2 ആരംഞ്ഞോട്ടു കുളമ്പ്
3. വാരണി
4. കടുക്കാം കുന്ന്

# 7.7
# പാർപ്പിടവും സാമൂഹിക ക്ഷേമവും

ഭൂപരിഷ്കരണത്തോടുകൂടി ജന്മി കുടിയാൻ ബന്ധങ്ങൾ അവസാനിക്കുകയും താമസിക്കാൻ വീടും അതിനോടനുബന്ധിച്ച് കുറച്ച് പറമ്പും ഉള്ള ഒട്ടേറെ കുടുംബങ്ങൾ നിലവിലുണ്ടായി. കൂലിപ്പണി എടുത്ത് ഉപജീവനം നടത്തുന്നവരാണ് അധികവും.അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് ഭൂരി ഭാഗവും. 7, 8 വാർഡുകളിൽ കൂടുതലുംസർക്കാർ ഉദ്യോഗസ്ഥരാണ്. ഇവരിൽ ഭൂരിഭാഗവും സർക്കാർകെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമായി താമസിച്ചു വരുന്നു.

1991-ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിൽ 2701 വീടുകളിൽ 2709 കുടുംബങ്ങൾ താമസിച്ചു വരുന്നു. ഇതിൽ ഭൂരിഭാഗം വീടുകളും ഓടുമേഞ്ഞതാണ്. അടുത്ത കാലത്തായി കോൺക്രീറ്റുകെട്ടിടങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കാണാം. കുറച്ചു വീടുകൾ മാത്രമാണ് ഓലപ്പുരകൾ. കെട്ടിടങ്ങളിൽ ഭൂരിഭാഗവും ഇഷ്ടിക കൊണ്ട് നിർമ്മിച്ചവയാണ്. കെട്ടിട നിർമ്മാണത്തിന് ഹൗസിംഗ് സൊസൈറ്റികളോ നിർമ്മാണ സഹകരണ സംഘടനകളോ പഞ്ചായത്തിൽ ഇല്ല. ലക്ഷം വീടുകളും ഹരിജൻ കോളനികളും ചില ഭാഗങ്ങളിലുണ്ട്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഇഷ്ടിക പഞ്ചായത്തിൽ തന്നെ ലഭ്യമാണ്.

കെട്ടിടനിർമ്മാണ തൊഴിലാളികൾ ധാരാളം പഞ്ചായത്തിലുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ വിഷമിക്കുന്ന കുടുംബങ്ങളും ഉണ്ട്. ഇവരെ സഹായിക്കാൻ ഭവന-നിർമ്മാണ പദ്ധതികൾ മുഖേന സബ്സിഡി സഹിതം ലോൺ അനുവദിച്ചാൽ ഉപകാര പ്രദമായിരിക്കും.

വിവിധ സാമൂഹിക സന്നദ്ധ സംഘടനകൾ മുഖേന വീടുകളുംകക്കൂസും നിർമ്മിച്ച് കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കിയാൽ നന്നായിരിക്കും. പഞ്ചായത്തിലെ 1202 കുടുംബങ്ങളാണ് ഐ.ആർ.ഡി.പി. കണക്കനുസരിച്ച് ദാരിദ്ര്യരേഖക്ക്താഴെയുള്ളത് ഇതിൽ സ്വന്തമായി വീടില്ലാത്ത 671 കുടുംബങ്ങളാണ് നിലവിലുള്ളത്. വിവിധ ഭവന-നിർമ്മാണ പദ്ധതികളിലൂടെ 255 കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്.ഇതിൽ214 വീടുകൾ മാത്രമാണ് പണി പൂർത്തിയായത്.

സാധന സാമഗ്രികളുടെ വിലകയറ്റവും കൂലി നിരക്കിലുള്ള വർദ്ധനവും കാരണം ദുർബ്ബല വിഭാഗങ്ങൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ അനുവദിക്കുന്ന തുക തികയാതെ വരുന്നു. ഭവന നിർമ്മാണ പദ്ധതികൾക്ക് അനുവദിക്കുന്ന വായ്പ പരിധി വർദ്ധിപ്പിക്കാനും വായ്പക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും കഴിയണം.

ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള തരിശായി കിടക്കുന്ന ഇറിഗേഷൻെറ ഭൂമിയും മിച്ചഭൂമിയും ഇതിനായി ഉപയോഗിക്കാവുന്നതാണ്.

***പ്രശ്നങ്ങൾ***

1. സൗജന്യ വീട് വെയ്ക്കാനുള്ള പദ്ധതികൾ പ്രധാനമായും പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്ക് മാത്രമെ ലഭിക്കുന്നുള്ളു.

2. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് അനുവദിക്കുന്ന വായ്പകൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.
3. ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തെ കുറിച്ചുള്ള ബോധവല്ക്കരണംനടത്തിയിട്ടില്ല.
4. ഭൂമിയുടെ പെട്ടെന്നുള്ള വിലകയറ്റം പാർപ്പിടപ്രശ്നത്തെ ബാധിച്ചിട്ടുണ്ട്.
5. ഏകദേശം 700 കുടുംബങ്ങൾക്ക്സ്വന്തമായി വീടില്ല.

### നിർദ്ദേശങ്ങൾ

1. സ്വന്തമായിവീടുംസ്ഥലവും ഇല്ലാത്ത എല്ലാവർക്കും സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച്കൊടുക്കണം.
2. പട്ടയം ഇല്ലാത്ത ലക്ഷം വീട് കോളനികൾക്ക് പട്ടയം വിതരണം നടത്തണം.
3. പഞ്ചായത്തിലെ ഓലപ്പുരകൾ മുഴുവനും മാറ്റി ഓടുമേയുന്നതിനുള്ള സാമ്പത്തിക സഹായം നൽകണം.
4. ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കണം.
5. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണ രീതികളെ കുറിച്ച് ബോധവൽക്കരണം നടത്തുകയും നിർമ്മാണ തൊഴിലാളികളുടെ വൈദഗ്ദ്ധ്യം ഉയർത്താനുള്ള പരിശീലനവും നടത്തുക.

### സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത്കാര്യമായസഹായംലഭ്യമാക്കി കൊണ്ടിരിക്കുന്നത് മലമ്പുഴ പഞ്ചായത്തും പഞ്ചായത്ത്ഓഫീസിനടുത്ത് പ്രവർത്തിക്കുന്ന വില്ലേജ്സർക്കിൾ വഴിയുമാണ്.IRDPസർവ്വെ പ്രകാരം 1202 കുടുംബങ്ങളുണ്ട്. ഏകദേശം 188 കുടുംബങ്ങളാണ് SC/ST യിൽ പെട്ടവർ ട്രൈസം പദ്ധതി പ്രകാരം വിവിധ ട്രേഡുകളിൽ27 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

1996 ലെ കണക്കനുസരിച്ച് 3989 വീടുകളിൽ 1174 വീടുകളിൽ മാത്രമാണ് കക്കൂസുകൾ നിലവിലുള്ളത്. കക്കൂസില്ലാത്തവീടുകളിൽസാമ്പത്തിക സഹായം നൽകി കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതാണ്.

പഞ്ചായത്തിൽ 15 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 6 എണ്ണത്തിന് സ്വന്തമായി കെട്ടിടം നിലവിലുണ്ട്. കെട്ടിടം നിർമ്മിക്കാൻ പറ്റാവുന്ന സ്ഥലംകണ്ടെത്തി അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടംനിർമ്മിച്ച് നൽകി, പ്രവർത്തനം വിപുലീകരിക്കണം. ഇന്നുള്ള അങ്കണവാടികളിൽ പലതിലും കുട്ടികൾക്ക് കളിക്കാനോ മലമൂത്രവിസർജ്ജനം ചെയ്യുവാനോ സൗകര്യം ഇല്ല. ഇത് പരിഹരിക്കപ്പെടണം.

കർഷക തൊഴിലാളി ക്ഷേമനിധിയിൽ കുറെയേറെ അംഗങ്ങൾ ചേർന്നിട്ടുണ്ട്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി പ്രവർത്തനം വളരെ കുറച്ച് മാത്രമെ നടന്നിട്ടുള്ളു. എല്ലാ ക്ഷേമനിധി പദ്ധതികളുടെയും വ്യാപ്തിയും പ്രവർത്തനവും വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിലൂടെയും ശേഖരിച്ച വിവരങ്ങളുടെയുംഅടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമരംഗത്ത് പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. സാമൂഹ്യ ക്ഷേമ പദ്ധതികളിലൂടെ ലഭിക്കുന്ന പല ആനുകൂല്യങ്ങളും കൃത്യസമത്ത് ലഭിക്കുന്നില്ല.

2. അവശ ജനവിഭാഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
3. 1, 3, 4വാർഡുകളിൽ റേഷൻഷാപ്പുകൾഇല്ല.
4. പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ല.
5. I.R.D.Pയിൽ ഉൾപ്പെടാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ നിരവധിയാണ്.

മേൽപറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. 1, 3, 4 വാർഡുകളിൽ റേഷൻഷാപ്പ് പഞ്ചായത്ത് മുഖേനയോ, സഹകരണസംഘങ്ങൾ വഴിയോ നടത്തേണ്ടതാണ്. വർഷത്തിലൊരിക്കൽ IRDP സർവ്വെ നടത്തി ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തണം.

അങ്കണവാടി കുട്ടികളുടെ പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുകയും അതുവഴി കുട്ടികളുടെ ആരോഗ്യനില മെച്ചപ്പെടുത്തുകയും വേണം.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തി സാമൂഹ്യ ക്ഷേമരംഗത്ത് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിഞ്ഞാൽ കുറെയേറെ മെച്ചപ്പെടുത്താൻ കഴിയും.

# 7-8
# സാംസ്ക്കാരികം

മനുഷ്യരുടെ മനസ്സിൽ മാറ്റം വരുത്തി അവരെ കർമ്മനിരതരാക്കി അതുവഴിയുണ്ടാവുന്ന പരിവർത്തനത്തിലൂടെ നൻമയിലേക്ക് കൂട്ടികൊണ്ട് പോകുന്നതിന് സഹായിക്കുന്നൊരു ഘടകമാണ് സംസ്ക്കാരം. ഇത് സാഹിത്യത്തിലുണ്ട്, കലയിലുണ്ട്, വിശ്വാസങ്ങളിലുണ്ട്, സംഘർഷത്തിലുണ്ട് ജാതിയിലുണ്ട്, മതത്തിലുണ്ട്, കുടുംബന്ധങ്ങളിലുണ്ട്, ആഘോഷത്തിലുണ്ട്, എല്ലായിടത്തുമുണ്ട്. ജാതിമതഭിന്നതകളും ഭാഷാഭേദങ്ങളും വർഗ്ഗവിഭജനങ്ങളുമെല്ലാം വിവിധ സാംസ്ക്കാരിക രൂപങ്ങൾക്ക് ജന്മം നൽകുന്നു. ഇവയെ വിശദീകരിച്ച് വിശകലനം ചെയ്ത് നമുക്ക് മേൻമക്ക് തെരഞ്ഞെടുക്കപ്പെടുകയും ലക്ഷ്യപ്രാപ്തിയിലേക്ക് എത്തിക്കുകയുമാണ് നമ്മുടെ കർത്തവ്യം.

മലമ്പുഴ പഞ്ചായത്തിലെ സാംസ്ക്കാരിക രംഗത്തെ കുറിച്ച് പഠിക്കുമ്പോൾ നമ്മൾക്ക് മനസ്സിലാക്കാൻ കഴിയുന്നത് കേരളത്തിലെ മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്തമായി തമിഴ് സംസ്ക്കാരത്തിൻെറ സ്വാധീനം ഇവിടെ കാണാൻ കഴിയും എന്നതാണ്. ഒന്ന്, രണ്ട് വാർഡുകളിൽ ആദിവാസികളുടെയും കുടിയേറ്റ കർഷകരുടെയും സമ്മിശ്ര സംസ്ക്കാരം നിലനിൽക്കുന്നു. 7, 8 വാർഡുകളിൽ ഉദ്യോഗസ്ഥ സംസ്ക്കാരവുമാണ്. മലമ്പുഴയുടെ ചരിത്രപരമായ സംസ്ക്കാരത്തെക്കുറിച്ച് കൂടുതൽ ആധികാരികമായി പറയാൻ കഴിയുന്ന ചരിത്ര രേഖകൾ ലഭ്യമല്ല. സാംസ്ക്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭാധനൻമാരുടെ കാര്യത്തെപ്പറ്റി നമ്മുടെ പഞ്ചായത്തിന് കാര്യമായി ഒന്നും ഇല്ല.

കലാരംഗത്ത് പ്രാചീനകലകളായ പൊറാട്ട് നാടകം, ഹരിശ്ചന്ദ്ര നാടകം, നല്ലമ്മപ്പാട്ട്, ആദിവാസിനൃത്തം, വട്ടക്കളി, ആര്യമാലക്കളി തുടങ്ങിയ കലാരൂപങ്ങൾ അഭ്യസിച്ച് വരുന്ന കലാകാരൻമാർ സുലഭമാണ്. ഇന്ന് ആ കലാരൂപങ്ങൾ വംശനാശം നേരിട്ടു കൊണ്ടിരിക്കുന്നു. ഈ കലാരൂപങ്ങളെ സാമൂഹിക മാറ്റങ്ങൾക്ക് ആസൂത്രിതമായി പരിഷ്ക്കരിച്ച് തുടരാവുന്നതാണ്. കലാരംഗത്ത് ഇന്ന് മൂല്യച്ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിൻെറ സാസ്ക്കാരിക രംഗത്ത് സൃഷ്ടിപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന സാംസ്ക്കാരിക സംഘടനകളോ അതിനോടനുബന്ധിച്ച് വായനശാലകളോ തൃപ്തികരമായി പ്രവർത്തനം നടത്തുന്നില്ല.

കായികരംഗത്ത് പല സംഘടനകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർക്ക് പ്രോത്സാഹനം നൽകി കായിക പ്രതിഭകളെ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് തലത്തിൽ കായികരംഗത്ത് താത്പര്യമുള്ളവരെ പരിശീലനം നല്കിയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ കായികരംഗത്തെ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാവുന്നതാണ്.

വർഷംതോറും നടക്കുന്ന "കേരളോത്സവം" വഴി ഇതിന് തുടക്കം കുറിക്കാവുന്നതാണ്.

വായനാശീലം വളർത്തുന്നതിനുതകുന്ന ലൈബ്രറി നിലവിലില്ല. ബോധവത്ക്കരണ ക്യാമ്പുകളും സെമിനാറുകളും വേണ്ടവിധത്തിൽ നടത്താത്തതിന്റെ അഭാവം നിലവിലുണ്ട്. നിരവധി പോരായ്മകൾ നിലവിലുണ്ടെങ്കിലും സാംസ്ക്കാരിക രംഗത്ത് വളർന്ന്വരുന്ന ചെറുപ്പക്കാർ നിരവധിയാണ്. അവരെ കണ്ടെത്തി പ്രോത്സാഹനം നല്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിൽ 15 ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് കൊടുക്കുന്ന പത്രം വാങ്ങി വെയ്ക്കുക എന്ന ജോലി മാത്രമെ പല ക്ലബ്ബുകളും ചെയ്യുന്നുള്ളൂ. ഇതിൽ രജിസ്ട്രേർഡ് ക്ലബ്ബ് 5 എണ്ണം മാത്രമേയുള്ളു. ക്ലബ്ബുകളുടെ ലിസ്റ്റ് താഴേ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | യുവജനവായനശാല, | തെക്കെ മലമ്പുഴ |
| 2. | യുവജനവായനശാല | കൊല്ലംകുന്ന് |
| 3. | യുവരശ്മിവായനശാല | ദമട്ടുപ്പതി |
| 4. | ചൈത്രം ആർട്ട്സ് ക്ലബ്ബ് | മലമ്പുഴ |
| 5. | പൗർണ്ണമി ആർട്സ് ക്ലബ്ബ് | അയപ്പൻപ്പൊറ്റ |
| 6. | ശ്രീനാരായണ വായനശാല | എസ്.പി.ലൈൻ,മലമ്പുഴ |
| 7. | തക്ഷശില വായനശാല | ചെറാട് മലമ്പുഴ |
| 8. | യുവധാര വായനശാല | ആനക്കല്ല് |
| 9. | നവോദയവായനശാല | തോട്ടപ്പുര |
| 10. | ഗ്രാമീണ വായനശാല | കടുക്കാംകുന്നം |
| 11. | ദർശന ആർട്സ് &സ്പോർട്ട്സ് ക്ലബ്ബ് | കടുക്കാംകുന്നം |
| 12. | യുവജന വായനശാല കിഴക്കേമുറി | കടുക്കാംകുന്നം |
| 13. | ജനകീയവായനശാല | എലിവാൽ |
| 14. | സ്റ്റാഫ് റിക്രയേഷൻ ക്ലബ്ബ് | മലമ്പുഴ |
| 15. | മല്ലികാർജ്ജുന ആർട്സ് & സ്പോർട്ട്സ്ക്ലബ്ബ് | കാരക്കാട് |

കളിക്കളം ഉള്ളത് പ്രധാനമായും മലമ്പുഴ എസ്.ആർ.സിക്ക്മാത്രമാണ്. ഈ ക്ലബ്ബിന്റെ കളിസ്ഥലമാണ് മലമ്പുഴ ഹൈസ്ക്കൂളും, നവോദയസ്ക്കൂളും എല്ലാം ഉപയോഗിക്കുന്നത്. പക്ഷേക്ലബ്ബ് കെട്ടിടവും ഗ്രൗണ്ടും എല്ലാം തന്നെ നാഥനില്ലാത്ത അവസ്ഥയിലാണ്. ആനക്കല്ല് ഉള്ള ക്ലബ്ബിന് വോളിബോൾ കോർട്ട് ഉണ്ട്.

കായിക പരിശീലനത്തിന് ആവശ്യമായ സൗകര്യം പഞ്ചായത്തിൽ ഇല്ല. ആണ്ടിൽ ഒരിക്കൽ നടക്കുന്ന കേരളോത്സവം അല്ലാതെ മറ്റു കായികമത്സരങ്ങൾ മലമ്പുഴയിൽ പതിവ് ഇല്ല. കേരളോത്സവത്തിൽ തന്നെ പങ്കെടുക്കുന്നവരുടെ എണ്ണം തുച്ഛമാണ്. ഫുട്ബോൾ ക്രിക്കറ്റ് മത്സരങ്ങൾ ഇവിടെ നടത്താറുണ്ട്.

നാടകസംഘമോ, കലാസംഘമോ സജീവമായി പഞ്ചായത്തിലില്ല. കടുക്കാംകുന്നം പ്രദേശത്ത് മാത്രമാണ് കുറച്ച് കലാകാരൻമാരുള്ളത്. അവരിൽ ചിലർ പഞ്ചായത്തിനപ്പുറത്ത് അവരുടെ കലാപരിപാടികളുമായി ബന്ധപ്പെടാറുണ്ട്.

സിനിമാ നടൻമാരാരും പഞ്ചായത്തിലില്ല. പക്ഷേസ്ഥിരമായിസിനിമാ ഷൂട്ടിംഗ് നടക്കുന്നൊരു പഞ്ചായത്താണിത്.ആകെ ഒരു സിനിമാ തിയേറ്റർ മാത്രമാണ് പഞ്ചായത്തിലുള്ളത്.

ടെലിവിഷന്റെ വരവോടെ അതിന്റെ സ്വാധീനം പഞ്ചായത്തിലധികമാണ്. പഞ്ചായത്തിൽ 250ലധികം കുടുംബങ്ങളിൽ ടെലിവിഷൻ ഉണ്ട്. കേബിൾ ടി.വി. പഞ്ചായത്തിൽ 67 കണക്ഷൻ നല്കിയിട്ടുണ്ട്.

പഞ്ചായത്തിൽ പ്രചാരമുള്ള പത്രങ്ങൾ മനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി എന്നിവയാണ്. വാരികകൾ മനോരമ, മംഗളം എന്നിവക്കുപുറമെ കലാകൗമുദി, കേരളശബ്ദം, ഇന്ത്യാടുഡേ എന്നിവയും ഏതാനും സിനിമാ വാരികകളും ആണ് പ്രചാരത്തിലുള്ളത്.

ക്ഷേത്രാചാരങ്ങൾക്ക് പേര് കേട്ടതാണ് മലമ്പുഴ പഞ്ചായത്ത്. മുസ്ലീം- ഹിന്ദു - ക്രിസ്ത്യൻദേവാലയങ്ങൾ അടുത്തടുത്ത് നിലകൊള്ളുന്നുണ്ടെങ്കിലും യാതൊരു വർഗ്ഗീയ കലാപങ്ങളും പഞ്ചായത്തിൽ സ്ഥാനം പിടിച്ചിട്ടില്ല. എല്ലാ ഉത്സവങ്ങൾക്കും ജാതിമത ഭേദമെന്യെഎല്ലാവരും കാഴ്ചക്കാരാവുകയും സഹായിക്കുകയും ചെയ്യുന്ന മാതൃക പഞ്ചായത്തിലുണ്ട്.

***മലമ്പുഴയിൽ നടക്കുന്ന ഉത്സവങ്ങൾ താഴെപ്പറയുന്നവയാണ്.***

1. ഹേമാംബിക ഉത്സവം (മലമ്പുഴ വേല)
2. പള്ളി പെരുന്നാളുകൾ
3. കുറുമ്പഭഗവതി ക്ഷേത്രത്തിലെ പാട്ട്ഉത്സവം
4. പുല്ലംകുന്നം ക്ഷേത്ര ഉത്സവം
5. മാരിയമ്മൻ പൂജകൾ
6. വനദുർഗ്ഗാക്ഷേത്രോത്സവം
7. കുടുക്കാംകുന്നം മകരപൂജ
8. ശിവരാത്രി ഉത്സവങ്ങൾ
9. അയ്യപ്പൻവിളക്കുകൾ
10. കാർത്തികവിളക്കുകൾ
11. രാമായണവാരാചരണം
12. അഖണ്ഡ നാമയജ്ഞം
13. ആദിവാസികളുടെ കതിര് ഉത്സവം
14. തെക്കെമലമ്പുഴ ഹേമാംബികഉത്സവം
15. നബിദിനാഘോഷം

തുടങ്ങിയ ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ആഘോഷങ്ങൾ നടന്ന് വരുന്നു.

***പ്രശ്നങ്ങൾ***

1. ഫലപ്രദമായിപ്രവർത്തിക്കുന്ന സാംസ്ക്കാരികസംഘടനകൾ നിലവിലില്ല.
2. കലാ-കായികരംഗങ്ങളിൽ പ്രോത്സാഹനം നല്കുന്നതിനുള്ള സംവിധാനം ഇല്ല.
3. ടൂറിസത്തിന്റെ പേരിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന സാംസ്ക്കാരിക ജീർണ്ണതക്കെതിരെ ബോധവൽക്കരണം നടക്കുന്നില്ല.
4. വാർഡു തലത്തിൽപൊതു പരിപാടികൾ സംഘടിപ്പിക്കാൻവേദികളില്ല.

5. നാടൻകലകളെ പുനരുദ്ധരിക്കാനും പരിപോഷിപ്പിക്കാനും ശ്രമങ്ങൾ നടക്കുന്നില്ല.
6. സാമൂഹികവും സാംസ്ക്കാരികവുമായ ഉൾക്കാഴ്ചയും അവബോധവും വിദ്യാർത്ഥികളിൽ വളർത്തി കൊണ്ടു വരത്തക്കനിലയിൽ പാഠ്യേതര വിഷയങ്ങളിൽ വേണ്ടത്ര ഊന്നൽ നൽകുന്നില്ല.
7. വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി, ചൂതുകളി,സ്ത്രീകളോടുള്ള അക്രമങ്ങൾ എന്നീ സാമൂഹിക തിന്മകൾക്കും മറ്റ് അനാചാരങ്ങൾക്കും എതിരെ ഫലപ്രദമായി പ്രതികരിക്കാൻ ജനങ്ങളെ സജ്ജരാക്കുന്ന വിധത്തിലുള്ള ബോധവത്ക്കരണ പ്രവർത്തനം നടക്കുന്നില്ല.
8. പ്രാദേശികപ്രശ്നങ്ങളിൽ യുവാക്കൾ ക്രിയാത്മകമായി ഇടപെടുന്നില്ല.
9. ആദിവാസി മേഖലയിൽ വേണ്ടത്ര ബോധവത്ക്കരണ പ്രവർത്തനംനടക്കുന്നില്ല.
10. ആരാധനാലയങ്ങളോടനുബന്ധിച്ച് നടക്കുന്ന പൊതു ആഘോഷങ്ങളെ സാമൂഹ്യ സൗഹാർദ്ദം ഊട്ടിവളർത്തുന്ന വേദിയാക്കി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

പൊതുവായി പറഞ്ഞാൽ സാംസ്ക്കാരികമായ ഒരു ദിശാബോധത്തിൻെറ അഭാവം ഉണ്ട്.

## *നിർദ്ദേശങ്ങൾ*

വാർഡ്തലത്തിൽ വേണ്ടത്ര പ്രാതിനിധ്യം നല്കിയും സജീവമായി സന്നദ്ധ പ്രവർത്തനം നടത്തുന്ന സാംസ്ക്കാരിക പ്രവർത്തകരെ ഉൾപ്പെടുത്തിയും പഞ്ചായത്ത് തലത്തിൽ "സാസ്ക്കാരികസമിതി" രൂപീകരിക്കുക.

### *സാസ്ക്കാരികസമിതിയുടെ പ്രവർത്തനത്തിൻെറ രൂപരേഖ*

1. നിലവിൽ നിഷ്ക്രിയമായപ്രാദേശിക ക്ലബ്ബുകളുടെ പ്രവർത്തനത്തെ വിലയിരുത്തി ആവശ്യങ്ങളിൽ വേണ്ടത്ര സൗകര്യവും പ്രോത്സാഹനവും നല്കിപുനരുദ്ധരിക്കുക.
2. കലാ-കായിക സമിതികൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടുകൂടി സമിതികൾ സ്ഥാപിച്ച് സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ നേതൃത്വം നൽകുക.
3. ടൂറിസത്തിൻെറ പേരിൽ സംഭവിച്ച്കൊണ്ടിരിക്കുന്ന സാംസ്ക്കാരിക ജീർണ്ണതക്കെതിരെ പ്രതികരണപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതിന് സ്ത്രീകൾക്ക് എതിരെയുള്ള അക്രമങ്ങളെ ചെറുക്കുന്നതിനും സാമൂഹ്യതിൻമകൾക്കും മറ്റ അനാചാരങ്ങൾക്കും എതിരെ പ്രവർത്തിക്കുന്ന "ജാഗ്രതാസമിതി"യായും പ്രവർത്തിക്കുക.
4. സാസ്ക്കാരികതനിമ ഉൾക്കൊള്ളുന്ന നാടൻ കലാരൂപങ്ങളെ ഉദ്ധരിക്കുന്നതിനും പോഷിപ്പിക്കുനതിനും വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
5. വാർഡ് തലത്തിൽ കലാ-കായികമത്സരങ്ങൾ സംഘടിപ്പിച്ച് പഞ്ചായത്തിൽ ഏകോപിപ്പിക്കുക.
6. പ്രാദേശിക പ്രശ്നങ്ങളിൽ ഫലപ്രദമായും ക്രിയാത്മകമായും ഇടപെടുന്നതിന് യുവാക്കളെ സജ്ജരാക്കുക.
7. കലാ-കായിക പ്രവർത്തനങ്ങൾക്ക് നിലവിൽ സൗകര്യം കുറവായ വിദ്യാലയങ്ങളിൽ അവ ഏർപ്പെടുത്തി കൊടുക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് നേതൃത്വം നൽകുക.
8. നിർദ്ധനരായ കലാ-കായിക പ്രതിഭകളെ കണ്ടെത്തി പഞ്ചായത്ത് തലത്തിൽ പരിശീലന കളരികളും ക്യാമ്പുകളും സംഘടിപ്പിക്കുക.

9. തുടർസാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ട് പോകുന്നതിന് ക്രിയാത്മകമായ നേതൃത്വം നല്കുക.

10. വർദ്ധിച്ച്വരുന്ന ഉപഭോഗ സംസ്ക്കാരവും വിവേചനരഹിതമായ കമ്പോളവത്ക്കരണം എന്നിവക്കെതിരെ ജാഗരൂകമായിരിക്കുവാൻ ജനങ്ങളെ പ്രാപ്തരാക്കുന്നതിന് ബോധവത്ക്കരണം നടത്തുക.

11. തരംതാണ പ്രസിദ്ധീകരണങ്ങളിലൂടെ പ്രചരിക്കപ്പെടുന്ന മൂല്യച്യുതിക്കതിരെ ബോധവത്ക്കരണം നടത്തി ഉത്തമഗ്രന്ഥങ്ങളുടെ വായനയെ പ്രോത്സാഹിപ്പിക്കുക.

12. പഞ്ചായത്ത്തലത്തിലുള്ള സാംസ്ക്കാരിക പ്രവർത്തനങ്ങളെ രേഖപ്പെടുത്താനും ഏകോപിപ്പിക്കാനും ഫലപ്രദമായ ആശയവിനിമയം നടത്താനും സാഹിത്യപ്രതിഭകൾക്കം പ്രോത്സാഹനം നല്കാനും ഉതകുന്ന വിധത്തിൽ "വാർത്താപത്രിക" പ്രസിദ്ധീകരിക്കുക.

13. പഞ്ചായത്തിലെ എസ്.ആർ.സി. കെട്ടിടവും ഗ്രൗണ്ടും പഞ്ചായത്ത് ഏറ്റെടുത്ത് "ഓപ്പൺ ഓഡിറ്റോറിയവും" മിനി സ്റ്റേഡിയവും നിർമ്മിക്കുക.

14. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു ഫിലിം സൊസൈറ്റി രൂപീകരിച്ച്ചലച്ചിത്രാസ്വാദനം മെച്ചപ്പെട്ടതാക്കുക.

പഞ്ചായത്തിൻെറ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ദിശാബോധവും നേതൃത്വവും നല്കുന്നതിനുള്ള സംവിധാനമാണ് സാംസ്കാരികസമിതി. സാംസ്ക്കാരിക നിലയം ഈ പദ്ധതിയുടെ ആസ്ഥാനമായി പ്രയോജനപ്പെടുത്താവുന്നതാണ്.

# 7-9
# വനിത

നാടെങ്ങുമുള്ള വനിതാ വിമോചന ശബ്ദം ശ്രവിക്കാതെ ഇന്നും അടുക്കളക്കുള്ളിൽ ഒതുങ്ങികൂടുന്ന വനിതകൾ തന്നെയാണ് ഭൂരിഭാഗവും മലമ്പുഴ പഞ്ചായത്തിലും ഉള്ളത്. സാമൂഹ്യരംഗത്തുള്ള അവരുടെ സാന്നിദ്ധ്യം വോട്ടുരേഖപ്പെടുത്തുന്ന ചടങ്ങിൽ മാത്രമായി പലപ്പോഴും ഒതുങ്ങുകയാണ്. എങ്കിലും സർക്കാർ ജീവനക്കാർ കൂടുതലുള്ള പഞ്ചായത്ത് ആയതിനാൽ അതിൽ കുറെയേറെ സ്ത്രീകളും ഉണ്ട്. ആദ്യകാലഘട്ടങ്ങളിൽ അവർക്ക് ലഭിക്കാതിരുന്ന വിദ്യാഭ്യാസം പിന്നീട് ലഭ്യമായതു മുതൽ സമൂഹത്തിൽ അവരുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലയിൽ സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. അദ്ധ്യാപനരംഗത്ത് പുരുഷൻമാരേക്കാൾ മുൻപന്തിയിലാണവർ എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

തൊഴിൽമേഖലയിലെ പങ്കാളിത്തം പരിശോധിച്ചാൽ ഒന്നോ രണ്ടോ മേഖലകളിലൊഴികെ മറ്റു മേഖലകളിൽ എല്ലാം തന്നെ സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടേതിനെക്കാൾ കുറവാണ്. നെൽപാടങ്ങൾ നികത്തി വീടുവക്കുന്നതു വഴി കാർഷികവൃത്തിക്ക് പഴയതു പോലെ നെൽപാടങ്ങൾ കിട്ടാത്തതും യന്ത്രോപകരണങ്ങളുടെ വരവും എല്ലാം സ്ത്രീകളുടെ പങ്കാളിത്തക്കുറവിനെ കാണിക്കുന്നു.

സാമൂഹ്യരംഗത്തും സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഉണ്ട്. പഞ്ചായത്തിൽ 7 മഹിളാ സംഘടനകൾ ആണ് ഉള്ളത്. സജീവമായി പ്രവർത്തിക്കുന്നവ 4-5 എണ്ണം മാത്രം.സർവ്വീസ് ട്രേഡ്യൂണിയൻ സംഘടനകളുടെയും മറ്റും ഭാരവാഹികളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്.

സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്. ഈയടുത്ത കാലത്ത് ചില സ്ത്രീപീഢന കേസ്സുകൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സാമൂഹ്യരംഗത്ത് പിന്നിലായ സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മാത്രമെ പൊതു ജീവിതത്തിലും തൊഴിൽ രംഗത്തും അർഹമായ പങ്കുവഹിപ്പിക്കാൻ കഴിയുകയുള്ളു. ജോലികൾ ഏറ്റെടുക്കുവാനുള്ള സ്ത്രീകളുടെ വിമുഖത, ഏല്പിക്കാനുള്ള പുരുഷൻെറ താല്പര്യക്കുറവ്, സ്ത്രീകൾക്കിടയിലെ ആത്മവിശ്വാസമില്ലായ്മ ഇതെല്ലാം തന്നെ പ്രധാന പ്രശ്നമാണ്.

സ്ത്രീകൾക്കായുള്ള പ്രത്യേക പരിശീലന പരിപാടികൾ നടത്തണം. വനിതകളുടേതു മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെസ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുള്ള സഹായം ചെയ്യുകയും വേണം. മാതൃസംഗമങ്ങളിൽ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കണം. കഴിയുന്നത്ര സ്ത്രീകളെ നേതൃപദവിയൽ കൊണ്ടുവരുവാൻ രാഷ്ട്രീയ സാംസ്ക്കാരിക ട്രേഡ് യൂണിയനുകൾ ശ്രമിക്കണം.

***ഗ്രാമസഭയിലുയർന്നുവന്നപ്രധാനപ്രശ്നങ്ങൾ***

1. മദ്യനിരോധനം പൂർണ്ണമായിനടപ്പിലാക്കണം
2. അകമലവാരത്ത് പോലീസ് സാന്നിദ്ധ്യമില്ലാത്തതുകൊണ്ട്സ്ത്രീകൾക്കെതിരെ അക്രമങ്ങൾ വർദ്ധിക്കുന്നു.
3. റേഷൻ കടകൾ 1, 3, 4 വാർഡുകളിൽ ഇല്ല.
4. കുറഞ്ഞ കൂലി ലഭിക്കുന്നു.
5. സ്ത്രീധനം ഒരു പ്രശ്നമാണ്.
6. വൃദ്ധരായ സ്ത്രീകളെസംരക്ഷിക്കാൻ ആരുമില്ല.

7. പണിസ്ഥലങ്ങളിൽ കുട്ടികളെ നോക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് കൃത്യമായി പണിക്കു പോകുവാൻ കഴിയുന്നില്ല.
8. കുടിവെള്ളം-ഗൃഹാവശ്യങ്ങൾക്കുള്ള വെള്ളത്തിന്റെ അഭാവം
9. അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക് തൊഴിലില്ല.
10. പൊതുവിതരണ സമ്പ്രദായത്തിന്റെ അപര്യാപ്തത.
11. പെൺകുട്ടികൾക്ക് മാത്രമായി വിദ്യാലയങ്ങൾ ഇല്ല.
12. തൊഴിൽ/ദാരിദ്രനിർമ്മാർജ്ജന മേഖലയിൽ വനിതകളോട് അവഗണന
13. സർക്കാർ സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് അറിവില്ലായ്മ.
14. അകമലവാരത്ത് ആശുപത്രി ഇല്ല.
15. സാമൂഹ്യസേവനരംഗത്ത്സ്ത്രീകൾ സജീവമല്ല.
16. ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ പൊതുവെ കുറവാണ്. ഫലം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വർദ്ധിക്കുന്നു.

***ഈ രംഗത്ത് അടുത്ത5വർഷകാലത്തെ പരിപാടികളുടെ നിർദ്ദേശം***

1. വിഭവസാദ്ധ്യത കണ്ടുകൊണ്ട് തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയും അവക്കുള്ള പരിശീലന പരിപാടിവനിതകളിൽ ആരംഭിക്കുകയും ചെയ്യുക.
2. 1, 3,4വാർഡുകളിൽ റേഷൻകട സ്ഥാപിക്കുക.
3. അകമലവാരത്ത് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുക.
4. സമ്പൂർണ്ണമദ്യ നിരോധനത്തിനു വേണ്ടിയുള്ള ശക്തമായതും ശാസ്ത്രീയമായും പ്രധാനമായും വനിതകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ബോധവൽക്കരണം നടത്തുക.
5. തുല്യ ജോലിക്ക് തുല്യ വേതനത്തിന് ശ്രമം നടത്തുക.
6. എല്ലാ വാർഡുകളിലും വൃദ്ധസദനങ്ങൾ സ്ഥാപിക്കുക.
7. തോട്ടം/കൃഷി എന്നീ ജോലിക്ക് പോകുന്ന സ്ഥലങ്ങളിൽ 'ക്രഷേ' (ശിശുവിഹാരകേന്ദ്രം) സ്ഥാപിക്കുക
8. സർക്കാർ സഹായ പദ്ധതികളെപ്പറ്റി ബോധവാൻമാരാക്കുകയും സ്വയം തൊഴിൽ കണ്ടെത്താൻ പ്രേരിപ്പിക്കുകയും ചെയ്യുക.
9. സ്ത്രീകൾക്കുമാത്രമായി തൊഴിൽ പരിമിതപ്പെടുത്തി കൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
10. കൂടുതൽ വനിതാവ്യവസായ സഹകരണ സംഘങ്ങൾ
11. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തണം.

പ്രവർത്തന മേഖലകളിൽ ഒന്നും തന്നെ സ്ത്രീക്ക്അന്യമല്ലെന്നും സ്ത്രീകൾ പുരുഷനോടൊപ്പം തന്നെ ഈരംഗങ്ങളിൽ ഇടപെടാൻ കഴിവുള്ളവളാണെന്നും അവകാശമുള്ളവളാണെന്നും ഉള്ള പ്രധാന സംഗതിയാണ് സ്ത്രീ പുരുഷ സമത്വത്തിന്റെ കാതൽ. ഏതൊരുവികസന സ്കീമിലും സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക എന്നത്ബോധപൂർവ്വം തന്നെ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. പലപ്പോഴും പുരുഷൻമാരുടെ പെരുമാറ്റം സ്ത്രീകൾക്ക്ആത്മവിശ്വാസം നൽകുന്നതിന് ഉതകുന്നതല്ല. പുരുഷമേധാവിത്വത്തിന്റെ ദുഷ്പ്രവണതകൾക്കെതിരെആശയപരവും ബോധപൂർവ്വവും പ്രായോഗികവുമായ പ്രചരണം നടത്തേണ്ട ഉണ്ട്. സ്ത്രീ വിമോചനത്തെക്കുറിച്ച് സ്ത്രീകൾ മാത്രമല്ല പുരുഷൻമാരും ബോധവാൻമാരാകണം.

# 7-10
# ടൂറിസം

ടൂറിസത്തിൻെറ കാര്യത്തിൽമലമ്പുഴ പഞ്ചായത്തിന് ഇന്ത്യയുടെ ഭൂപടത്തിൽ ഒരുയർന്ന സ്ഥാനമാണുള്ളത്. വർഷം തോറും 10 ലക്ഷത്തോളം ടൂറിസ്റ്റുകൾ വന്നുപോകുന്ന ഒരുസ്ഥലമാണ് മലമ്പുഴ. ടൂറിസ്റ്റാകർഷണമെന്നനിലയിൽപഞ്ചായത്തിലുള്ളത് പ്രധാനമായും മലമ്പുഴ പൂന്തോട്ടമാണ്.കൂടാതെ ഫൻറസിപാർക്ക്, റോപ്പ് വേ, റോക്ക് ഗാർഡൻ, സ്നേക്ക് പാർക്ക്,അക്വേറിയം എന്നിവയാണ്. ബോട്ടിലൂടെയാത്ര നടത്തുവാനും റോഡ്ട്രെയിൻ വഴി പൂന്തോട്ടത്തിന് ചുറ്റും സഞ്ചരിക്കാനുമുള്ള സംവിധാനം ഇവിടുണ്ട്.

ഇതൊക്കെയാണെങ്കിലും വന്നുപോകുന്ന ടൂറിസ്റ്റുകൾക്ക് അവശ്യം വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ടൂറിസ്റ്റുകൾക്ക് പ്രാഥമികസൗകര്യം നിർവ്വഹിക്കുന്നതിന് വേണ്ടി 2 പ്രാഥമിക സൗകര്യകേന്ദ്രങ്ങൾ മാത്രമാണുള്ളത്. ഈയടുത്തകാലത്താണ് ഒരു പേ-ഇൻ-യൂറിനലും ക്ലോക്ക് റൂമും ആരംഭിച്ചത്.താമസിക്കാനുള്ള ലോഡ്ജ്ഡാം പരിസരത്ത് വളരെകുറവാണ്. സർക്കാർ ഉടമയിലുള്ള മലമ്പുഴ റിസോർട്ട്, പിക്നിക് ഹാൾ എന്നിവ മാത്രമാണ് സാധാരണക്കാർക്ക് പ്രാപ്യമായ താമസ കേന്ദ്രങ്ങൾ. പിന്നീടുള്ള KTDC ഗോവർദ്ധന, ഡാംപാലസ് എന്നിവയെല്ലാം പണക്കാരെ കണ്ടുകൊണ്ട് നിർമ്മിച്ചിവയാണ്. 500-600 വരെ മുറിവാടക ഉണ്ട് ഇവിടെ. ആഹാരത്തിനും അമിത ചാർജ്ജ് ആണ് ഇവിടെയുള്ളത്. സാധാരണ 3-4 ഹോട്ടലുകൾ ഡാമിലുണ്ടെങ്കിലും അവിടെ ന്യായവിലക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള സംവിധാനമോ പരിശോധനയോ ഇപ്പോഴില്ല.

ടൂറിസത്തിൻെറ കാര്യത്തിൽ വളരെ വലിയ ഒരു കുതിച്ചുചാട്ടമാണ് നമ്മുടെ മുന്നിലുള്ളത്. പക്ഷേ അത് ഇന്നത്തേത് പോലെ പാശ്ചാത്യ സംസ്ക്കാരം ഉൾക്കൊള്ളുന്നതോ പണക്കാർക്കു മാത്രമായി പരിമിതപ്പെടുത്താവുന്നതോ അല്ല. നാട്ടിലെ കലാചാരങ്ങളുംനാടിൻെറ ഭംഗിയും കാണുന്നതിനും ആസ്വദിക്കുന്നതിനും എത്തുന്ന സന്ദർശകർ എല്ലാവരും പണക്കാരാകണമെന്നില്ല. അതുകൊണ്ട് സാധാരണക്കാരായ അന്യദേശത്തുള്ളവർക്ക് വേണ്ടിയുള്ള ഒരു പുതിയ ടൂറിസം നയം നമുക്കു വേണ്ടതുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിന് വളരെയധികം കാര്യങ്ങൾ ചെയ്യാൻ കഴിയും എന്ന് കരുതുന്നു. വളരെ കുറഞ്ഞ നിരക്കിൽ താമസസ്ഥലവും ഭക്ഷണവും നല്കുന്ന ജനകീയ ലോഡ്ജുകൾ സ്ഥാപിക്കാൻ പഞ്ചായത്തിന് കഴിഞ്ഞാൽ അത് ഒരു നേട്ടമാകും. മോട്ടൽസ്ഏറ്റെടുത്ത് പുരുദ്ധരിക്കണമെന്ന് വിഭവസമാഹരണത്തിൽ നാം പറഞ്ഞത് ഇതു മുന്നിൽ കണ്ടുകൊണ്ടായിരുന്നു.

മലമ്പുഴയിലെ സ്വകാര്യ സർക്കാർ വിനോദകേന്ദ്രങ്ങളിലെല്ലാം പഞ്ചായത്തിന് നിയന്ത്രണമുണ്ടാകണം. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ചും അവയിലെ നിരക്ക്, ലോഡ്ജിലെ മുറിവാടക, ഭക്ഷണനിരക്ക് എന്നിവയെ സംബന്ധിച്ചും എല്ലാ വിവരങ്ങളുമടങ്ങുന്ന ഒരു ലഘുലേഖ പഞ്ചായത്ത് പ്രസിദ്ധീകരിക്കണം.

ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കാനുതകുന്ന ഇനിയും ചില കാര്യങ്ങൾ പഞ്ചായത്തിൽ ഏറ്റെടുക്കാൻകഴിയും.അവ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ കുറഞ്ഞ വാടകക്ക് ടൂറിസ്റ്റുകൾക്ക് നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കുക.
2. പാലക്കാട്നിന്ന് മലമ്പുഴ ഡാമിലേക്ക് മാത്രമായി ടൂറിസ്റ്റ് ബസ് സർവ്വീസ് ആരംഭിക്കുക.
3. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ജനകീയലോഡ്ജ് ഉടനെ നിർമ്മിക്കുക.
4. പഞ്ചായത്ത് ടൂറിസം സമിതിരൂപീകരിക്കുക.
5. ജില്ലയിലെ എല്ലാ ടൂറിസ്റ്റുകേന്ദ്രങ്ങളെയും ബന്ധപ്പെടുത്തുന്ന ഒരു ടൂറിസ്റ്റ് മാപ്പ് ഉണ്ടാക്കുക.

ഇതുകൂടാതെ ഡാം റിസർവ്വോയറിലുള്ള ചെറിയ ചെറിയ കുന്നുകൾ ടൂറിസ്റ്റ് റിസോർട്ട് ആക്കി മാറ്റി, അവിടെക്ക് റോപ്പ്വേ സ്ഥാപിച്ചും ബോട്ടിലൂടെ എത്താനുമുള്ള സംവിധാനം ഉണ്ടാക്കുകയും അവിടെ വിശ്രമ സങ്കേതം ഉണ്ടാക്കുകയും ചെയ്യുമെങ്കിൽ ടൂറിസ്റ്റുകൾക്ക് ആകർഷകവും പഞ്ചായത്തിന് വരുമാനവും ഉണ്ടാകും. ഏറെച്ചിലവ് വരുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് സർക്കാർ തലത്തിൽ തന്നെ ആകേണ്ടതാണ്.

# 7-11
# സഹകരണം

ഇന്ത്യയിൽ സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചത് 1904 ൽ ആണ്. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ സഹകരണപ്രസ്ഥാനങ്ങൾ കേരളത്തിലും ആരംഭിച്ചതായി കാണാം. മലമ്പുഴ പഞ്ചായത്തിൽ സഹകരണസംഘങ്ങൾ ആരംഭിക്കുന്നത് 1960-ടു കൂടിയാണ്. മലമ്പുഴഅണക്കെട്ടിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആരംഭിച്ചPWD ഓഫിസുകളിലെ ജീവനക്കാർക്കുവേണ്ടി ആരംഭിച്ചതാണ് മലമ്പുഴ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 1975-ടുകൂടി മലമ്പുഴ ഗ്രാമവാസികൾക്കെല്ലാം അംഗത്വം എടുക്കാൻ അർഹതയുള്ള സൊസൈറ്റിയായി വിപുലീകരിക്കുകയുണ്ടായി.

സഹകരണ രംഗത്ത് അധികം നേട്ടം ഉണ്ടാക്കാൻകഴിയാത്ത ഒരു പഞ്ചായത്താണ് മലമ്പുഴ.താഴെ പറയുന്ന സൊസൈറ്റികളാണ് ഇപ്പോൾ മലമ്പുഴയിലുള്ളത്.

1. കോ-ഓപ്പറേറ്റീവ് സൊസൈറ്റി
2. സേവന സഹകരണ ബാങ്ക്
3. പട്ടികജാതിപട്ടിക വർഗ്ഗ ഫിഷറീസ് സൊസൈറ്റി
4. ഗിരിജൻ സർവ്വീസ്സൊസൈറ്റി
5. വലിയകാട്പാലുൽപ്പാദക സംഘം

കേരളത്തിലെ സഹകരണ മേഖലയിലെ വളർച്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പഞ്ചായത്തിലുണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടൽ നാം ഉടനെ നടത്തേണ്ടതാണ്.പഞ്ചായത്തിലെ ജനസംഖ്യയുടെ 50% മാത്രമെ സഹകരണപ്രസ്ഥാനങ്ങളുമായി ബന്ധപ്പെടുന്നുള്ളു. കാർഷിക വാണിജ്യ മേഖലകളിൽ ആവശ്യമായ വായ്പയും സഹായങ്ങളും നൽകുന്നതിൽ സഹകരണ മേഖലയോടൊപ്പം തന്നെ അമിതലാഭം കൊയ്യുന്ന സ്വകാര്യമേഖലയുടെ നടത്തിപ്പുകാരും ഉണ്ട് എന്നുപറയാം.

“തുറന്നതും സ്വതന്ത്രവുായ അംഗത്വം” എന്ന സഹകരണ സംഘങ്ങളുടെ മുദ്രാവാക്യം ഫലപ്രദമാകണമെങ്കിൽ ഒരു കുടുംബത്തിൽ ഒരാളെങ്കിലും സഹകരണ മേഖലയുമായി ബന്ധപ്പെടേണ്ടതുണ്ട്.

വ്യവസായസഹകരണ സംഘങ്ങൾ/ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ പഞ്ചായത്തിൽ ഇല്ല. കൺസ്യൂമർ സൊസൈറ്റി കൂടിയായ മലമ്പുഴ സ്റ്റോറും സേവന സഹകരണ ബാങ്കും താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കുന്നു.

1987ൽ ആരംഭിച്ച ബാങ്കിൽ 3570 അംഗങ്ങളാണുള്ളത്. 5,17521 രൂപ മൂലധനം ഉണ്ട്. സർക്കാർ ഓഹരി1ലക്ഷമാണ്. പൊതുജന നിക്ഷേപം 72,91,457 രൂപയാണ്. 22,42,631 രൂപ കാർഷികവായ്പയും 8,05,129 രൂപ കാർഷികേതര വായ്പയും നൽകിയിട്ടുണ്ട്. പണ്ടംപണയം വായ്പ 67 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ഇനത്തിൽ 14380 രൂപ ചിലവഴിച്ചിട്ടുണ്ട്. ബാങ്കിൻെറ ചിലവ് 95-96 വർഷത്തിൽ1,16,000 രൂപയാണ്. വളം, കീടനാശിനി, സിമൻറ് എന്നിവയുടെ വില്പനകൂടി ബാങ്ക് നടത്തുന്നുണ്ട്. കാർഷിക വായ്പകളിൽ നെല്ല് കൂടാതെ തെങ്ങ്, വാഴ, കപ്പ എന്നിവക്കും വായ്പ നൽകുന്നുണ്ട്.

1960- ൽ ആരംഭിച്ച സൊസൈറ്റിയിൽ ആയിരത്തിനുമേൽ അംഗങ്ങളുണ്ട്. മലമ്പുഴയിലെ സർക്കാർ ജീവനക്കാർക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ കൊടുക്കുന്ന സൊസൈറ്റിയുടെ നടത്തിപ്പ് ശ്രമകരമായ ഒരു ജോലി ആയിട്ടാണ് കാണുന്നത്. നിക്ഷേപങ്ങൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടെങ്കിലും കാര്യമായ നിക്ഷേപം ലഭിച്ചതായി കാണുന്നില്ല. വ്യക്തിവായ്പയോ മറ്റ് വായ്പകളോ സൊസൈറ്റി കൊടുക്കുന്നില്ല. ഇത്രയും വർഷമായിട്ടും സ്വന്തമായ സ്ഥലമോ കെട്ടിടമോ സൊസൈറ്റിക്കില്ല.

മറ്റു സൊസൈറ്റികൾ ഒന്നും തന്നെ വമ്പിച്ച നേട്ടമുണ്ടാക്കുന്ന സംഘങ്ങളായി വളർന്നിട്ടില്ല. പ്രത്യേക ജനവിഭാഗത്തെ മാത്രം ലക്ഷ്യം വെച്ച് തുടങ്ങിയ ഈ സംഘങ്ങൾ മെച്ചപ്പെടുത്താൻ കൂട്ടായ യത്നം വേണ്ടിയിരിക്കുന്നു. അകത്തേത്തറയിലുള്ള ക്ഷീരവ്യവസായ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ മലമ്പുഴ കൂടിപെടുന്നുണ്ട്. അകമലവാരം ഒഴികെയുള്ള മലമ്പുഴയുടെ മറ്റു പ്രദേശങ്ങളിൽ സ്വന്തമായി ഒരു ക്ഷീര സഹകരണസംഘം സ്ഥാപിക്കേണ്ടതാണ്.

***<u>ഗ്രാമസഭയിൽ ഉയർന്നു വന്നപ്രശ്നങ്ങൾ</u>***

1. സഹകരണാടിസ്ഥാനത്തിൽ മാവേലി സ്റ്റോർ സ്ഥാപിക്കണം.
2. അകമലവാരത്തിലുള്ള പാൽ സൊസൈറ്റി ഉല്പാദിപ്പിക്കുന്ന പാൽ ഡാമിന് ഇക്കരെ എത്തിക്കാൻ സൗകര്യമില്ല.
3. മാർക്കറ്റിംഗ്സഹകരണ സംഘങ്ങളുടെഅഭാവമുണ്ട്.
4. ഉപഭോക്തൃ സഹകരണസംഘങ്ങൾ അകമലവാരത്ത് വേണം.
5. അകമലവാരം ഒഴിച്ചുള്ള പ്രദേശങ്ങളിൽ പാൽ ഉല്പാദക സഹകരണസംഘങ്ങൾ ഇല്ല.
6. സേവന സഹകരണ ബാങ്കിൻെറ ശാഖകളായി വളം ഡിപ്പോകൾ വാർഡുകളിൽ ഇല്ലാത്തത് ബുദ്ധിമുട്ടാണ്.
7. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ ഇല്ല.
8. വനിതാ സഹകരണസംഘങ്ങളുടെ അപര്യാപ്തത.
9. ജനങ്ങളുടെ പങ്കാളിത്തക്കുറവും ജാഗ്രതയില്ലായ്മയും.
10. ചില രംഗത്തെങ്കിലും അഴിമതിയുണ്ട്.
11. പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള ധൈര്യക്കുറവ്

## പരിഹാര നിർദ്ദേശങ്ങൾ

1. അകമലവാരം പാൽ സൊസൈറ്റിയ്ക്ക് പാൽ ഇക്കര കടത്തുന്നതിന് ആവശ്യമായ ബോട്ടുസൗകര്യം ഏർപ്പെടുത്തണം.
2. 3 മുതൽ 8 വരെ വാർഡുകൾ കേന്ദ്രീകരിച്ച്പാൽ ഉല്പാദകസഹകരണസംഘം ആരംഭിക്കുക.
3. സഹകരണബോർഡ് അംഗങ്ങൾക്കും മറ്റു മാനേജ്മെൻറ് പരിശീലനം ഘട്ടംഘട്ടമായി നൽകുക.
4. പഴം, പച്ചക്കറി എന്നിവ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്ത് വിപണനം നടത്തുന്നതിനുള്ള സംഘങ്ങൾ ആരംഭിക്കുക.
5. മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കുക. അകമലവാരത്തെ മലഞ്ചരക്ക് സംഭരിക്കുന്നതിനായി അവിടെ ഒരു ഉപ ഡിപ്പോ സ്ഥാപിക്കുക.
6. കൂട്ടുകൃഷിസംഘം ആരംഭിക്കുക.
7. തൊഴിലില്ലാത്ത ചെറുപ്പക്കാരെ കണ്ടെത്തിസഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.(സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി,കറിപൗഡർ, ഫർണീച്ചർ, കരകൗശല വസ്തുക്കൾ എന്നിവയുടെ നിർമ്മാണവും ഓട്ടോമോബൈൽ റിപ്പയറിംഗ് കേന്ദ്രവും) ഓരോ വാർഡിനും ഓരോയൂണിറ്റ് എന്നനിലയിൽ.
8. കൈത്തറി വ്യവസായ സഹകരണസംഘം സ്ഥാപിക്കുക.
9. സഹകരണ അടിസ്ഥാനത്തിൽ പെട്രോൾ ബങ്ക് തുടങ്ങുക.
10. തൊഴിൽ സഹകരണ സംഘങ്ങൾ ആരംഭിക്കുക. (വീട്ടുജോലി, സദ്യ ഒരുക്കൽ, കെട്ടിടനിർമ്മാണം മുതലായവക്ക്)
11. സഹകരണ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തുക.

ലക്ഷ്യബോധത്തോടെ ആസൂത്രണം ചെയ്യുന്ന പുതിയ പദ്ധതികൾ വഴി നമ്മുടെ പ്രദേശത്തെ ഗൾഫ് പണത്തിൻെറ കുറെഭാഗം സഹകരണമേഖലയിലേക്ക് എത്തിക്കുവാൻ കഴിഞ്ഞാൽ പ്രത്യുല്പാദന രംഗത്ത് പുതിയ ചലനങ്ങൾ ഉണ്ടാക്കാൻ കഴിയും. ഇതോടൊപ്പം യാതൊരു നിയന്ത്രണങ്ങൾക്കും വിധേയരാകാതെ അനുദിനം വളർന്നുവരുന്ന സ്വകാര്യ പണമിടപാടുകാരുടെ അഴിയാകുരുക്കിൽ നിന്ന് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ രക്ഷിക്കാൻ നടപടി ഉണ്ടാവണം. ഇതിനാവശ്യമായ നിയമനിർമ്മാണങ്ങളോടൊപ്പം ജനബോധവല്ക്കരണം കൂടി ആവശ്യമാണ് എന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

# 7-12
# പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

മലമ്പുഴ പഞ്ചായത്തിൽ ഒന്നും രണ്ടും വാർഡുകളിലായി 27 പട്ടിക വർഗ്ഗകോളനികൾ ഉണ്ട്. അതിൽ 188 വീടുകളിലായി ഏകദേശം 741 പേർ താമസിക്കുന്നുണ്ട്. ഭൂരിഭാഗം പേരും കർഷകതൊഴിലാളികളാണ്. കുറച്ചുപേർ വനവിഭവങ്ങളായ തേൻ, പച്ചമരുന്ന്,വേരുകൾ, ചീനിക്ക, തേൻ മെഴുക് എന്നിവ ശേഖരിച്ച് മലമ്പുഴയിലുള്ള പട്ടികവർഗ്ഗ സഹകരണസംഘത്തിൽ കൊണ്ടുവന്നു കൊടുത്ത് ഉപജീവനം കഴിച്ചു വരുന്നു.

കൃഷിവകുപ്പിൻെറ സഹായത്തോട്കൂടി 15 ഏക്കർ സ്ഥലത്ത് റബ്ബർതോട്ടം 1988-ൽ വെച്ചു പിടിപ്പിക്കുകയും, 15 കുടുംബങ്ങളിലെ 30 ഓളം പേർസ്ഥിരമായി തൊഴിലെടുത്തു വരികയും ചെയ്യുന്നു. റബ്ബർടാപ്പ്ചെയ്യാൻട്രെയിനിങ്ങ് മേൽപറഞ്ഞ സൊസൈറ്റി മുഖാന്തിരം നൽകി കഴിഞ്ഞിട്ടുണ്ട്.വിദ്യാഭ്യാസപരമായി വളരെ പിന്നിൽനിൽക്കുന്ന ഇവരെ മുന്നോട്ടുകൊണ്ടു വരുന്നതിന് ആനക്കല്ല് പ്രദേശത്ത് ഒരു ട്രൈബൽ സ്ക്കൂൾ സ്ഥാപിക്കുകയും 1992 ൽ അത് ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.പട്ടികവർഗ്ഗ കുടുംബങ്ങളിലെ കുട്ടികളെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെ എത്തിക്കുവാൻ അതുകൊണ്ട്സാധിച്ചിട്ടുണ്ട്. ഉയർന്ന പഠിത്തത്തിന് സാമ്പത്തികപരാധീനതയും യാത്രാ സൗകര്യകുറവും കാരണം എസ്.എസ്.എൽ.സി വരെ മാത്രമെ പഠനം നൽകുവാൻ സാധിക്കുനുള്ളു. പ്രായമായ പലരും നിരക്ഷരരാണ്.സാക്ഷരതാ പോലുള്ള പരിപാടികൾ കൊണ്ട് കുറെയൊക്കെ മെച്ചപ്പെട്ടിട്ടുണ്ട്.

## പട്ടിക വർഗ്ഗ കോളനികൾ Iഉം II വാർഡ്

| | കോളനിയുടെപേര് | വീടുകളുടെഎണ്ണം | പുരുഷൻ | സ്ത്രീ | ആകെ അംഗങ്ങൾ |
|---|---|---|---|---|---|
| 1 | ആനക്കല്ല് കോളനി | 22 | 44 | 56 | 100 |
| 2. | കൊച്ചിക്കോട്ട്കോളനി | 6 | 14 | 9 | 23 |
| 3. | ചൊളവ് കോളനി | 3 | 7 | 4 | 11 |
| 4. | നക്കമട കോളനി | 3 | 6 | 4 | 10 |
| 5. | വാഴപ്പള്ളം കോളനി | 2 | 6 | 6 | 12 |
| 6. | മാതം പാറ കോളനി | 5 | 5 | 12 | 17 |
| 7. | മേട്ടുപതികോളനി | 9 | 20 | 19 | 39 |
| 8. | കാഞ്ഞിരം പതികോളനി | 16 | 32 | 34 | 66 |
| 9. | കുരുത്തികടവ് കോളന | 3 | 4 | 4 | 8 |
| 10. | പൂഴികുന്ന് കോളനി | 6 | 15 | 13 | 28 |
| 11. | കരിഞ്ഞാലി വട്ട കോളനി | 2 | 7 | 5 | 12 |
| 12. | പറപ്പാത്തികോളനി | 2 | 7 | 6 | 13 |
| 13. | അടപ്പ് കോളനി | 14 | 26 | 22 | 48 |
| 14. | ചേമ്പന കോളനി | 5 | 6 | 6 | 12 |
| 15. | പടിക്കലപ്പൊറ്റകോളനി | 1 | 1 | 5 | 6 |
| 16. | എലാക്ക കോളനി | 3 | 5 | 5 | 10 |
| 17. | മൂപ്പൻചോല കോളനി | 12 | 26 | 17 | 43 |
| 18. | ചൂരിപ്പള്ളം കോളനി | 5 | 9 | 8 | 17 |
| 19. | പാറക്കളം കോളനി | 5 | 7 | 8 | 15 |
| 20. | പൂക്കുണ്ട് കോളനി | 3 | 4 | 7 | 11 |
| 21. | കടലിക്കാട്കോളനി | 5 | 12 | 12 | 24 |
| 22. | കിളിയക്കാട്കോളനി | 6 | 9 | 11 | 20 |
| 23. | എലകുത്തൻ പാറ കോളനി | 12 | 21 | 27 | 48 |
| 24. | കൊല്ലം കുന്ന്കോളനി | 15 | 35 | 25 | 60 |
| 25. | എലിവാൽ കോളനി | 7 | 15 | 10 | 25 |
| 26. | കാപ്പിതോട്ടംകോളനി | 2 | 4 | 2 | 6 |
| 27. | വെള്ളെഴുത്താൻപൊറ്റ കോളനി | 14 | 35 | 22 | 57 |
| | ആകെ | 188 | 382 | 359 | 741Nos. |

**_പട്ടികജാതികോളനികൾ_**

1. വാരണി (4-ാം വാർഡ്) IHDP Colony — 47 കുടുംബങ്ങൾ
2. ആറംങ്ങോട്ട് കുളമ്പ് (I H D P Colony 3-ാം വാർഡ്) — 22 കുടുംബങ്ങൾ
3. വിളയിൽപ്പൊറ്റ കോളനി (3-ാംവാർഡ്) — 8 കുടുംബങ്ങൾ
4. കടുക്കാംകുന്നം 5-ാംവാർഡ് — 23 കുടുംബങ്ങൾ
5. ഉപ്പുപ്പൊറ്റ കോളനി 6-ാംവാർഡ് — 15 കുടുംബങ്ങൾ

മലമ്പുഴ പഞ്ചായത്തിലെ നാലാം വാർഡ് "വാരണി" IHDP കോളനിയായി പ്രഖ്യാപിക്കുകയും 93-94 കാലഘട്ടങ്ങളിൽമൃഗസംരക്ഷണവകുപ്പിൽ നിന്ന്47 കുടുംബങ്ങൾക്ക് ആട് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ഒരു കുടുംബത്തിന് 5000/- രൂപ വീതം വിലപിടിപ്പുള്ള പശുക്കൾ 20 കുടുംബങ്ങൾക്ക് നൽകി. ഓരോ കുടുംബത്തിലേയും ഒരാൾക്ക് വ്യവസായ വകുപ്പിൽ നിന്ന് പണിയായുധങ്ങൾ വിതരണംചെയ്തിട്ടുണ്ട്. 1993-94 കാലഘട്ടങ്ങളിൽ പട്ടികജാതി വികസന ബോർഡിൽനിന്ന് നാല് കുടുംബങ്ങൾക്ക് നാല് വീടും ബ്ളോക്കിൽ നിന്ന് നാല് വീടും നിർമ്മിച്ചു കൊടുത്തിട്ടുണ്ട്.

വിദ്യാഭ്യാസപരമായി പിന്നിൽ നിൽക്കുന്നവരാണ് മിക്കകോളനിവാസികളും. രണ്ടാം വാർഡിൽ ആനക്കല്ലിൽ ഒരു ട്രൈബൽ ഹൈസ്ക്കൂൾ ഉണ്ടെങ്കിലും വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികവർഗ്ഗത്തിൽ എസ്.എസ്.എൽ.സി. പാസ്സായവർ ആരും തന്നെയില്ല. അകമലവാരത്ത് താമസിക്കുന്നത് കാരണം യാത്രാ സൗകര്യത്തിന് വളരെ ബുദ്ധിമുട്ട് ഉള്ളത്കൊണ്ട് തുടർ വിദ്യാഭ്യാസത്തിന് ആരും താത്പര്യം കാണിക്കുന്നില്ല. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് രക്ഷിതാക്കളെ സംഘടിപ്പിച്ച് ബോധവൽക്കരണംനടത്തേണ്ടതാണ്.

1994-95 ആരക്കോട്ട്കുളമ്പ് IHDP കോളനിയായി അംഗീകരിക്കുകയും കൃഷിവകുപ്പ് മുഖാന്തിരം 140 തെങ്ങിൻ തൈ 20 കുടുബങ്ങൾക്ക് വിതരണംചെയ്തിട്ടുണ്ട്. ആ കുടുംബങ്ങൾക്ക് മൺവെട്ടിയും, പിക്കാസും, കത്തി എന്നീ ഉപകരണങ്ങൾ കൃഷിവകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. ബ്ളോക്കിൽ നിന്ന് 20,000 രൂപ മുടക്കി കോളനിയിലെ പൊതു ആവശ്യത്തിലേക്ക് കിണർ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. 9000 രൂപ മുടക്കി കൃഷിഭവൻ മുഖാന്തിരം രണ്ട് കുടുംബങ്ങൾക്ക് കിണറും മൂന്ന്കുടുംബങ്ങൾക്ക് സൗജന്യമായി ബയോഗ്യാസ് പ്ലാൻറും നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. 22 കുടുംബങ്ങൾക്ക് 16000രൂപ ചിലവാക്കി മൃഗസംരക്ഷണ വകുപ്പ് ആട് വിതരണം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് 90000 ചിലവിൽ ഒരു റോഡ് നിർമ്മിച്ചിട്ടുണ്ട്.വ്യവസായവകുപ്പിൽ നിന്ന്ഒരാൾക്ക് സൗജന്യമായി തുന്നൽ മെഷ്യൻ വിതരണം നടത്തി. പട്ടികജാതി വികസന ബോർഡ് രണ്ട്പേർക്ക് വീട് റിപ്പേറിന് 6000 രൂപ അനുവദിച്ചു. കോളനിയിൽ പൊതു ടാപ്പുകൾ PHED നിർമ്മിച്ചുകൊടുത്തിട്ടുണ്ട്.

5-ാം വാർഡിൽ ഏകദേശം 23 കുടുംബങ്ങളിലായി പാണർ സമുദായത്തിൽപ്പെട്ട ആളുകൾ താമസിക്കുന്ന ഒരു കോളനി ഉണ്ട്. വിദ്യാഭ്യാസപരമായും സാമൂഹ്യ ക്ഷേമ രംഗത്തും പുരോഗതി കൈവരിച്ചവരാണെങ്കിലും കുടുതൽ പേരും നിർദ്ധനകുടുംബത്തിൽപെട്ടവരാണ്. കൂടുതൽ പേരും കാർഷികമേഖലയിലും കെട്ടിട നിർമ്മാണ രംഗത്തും ജോലി ചെയ്തു ജീവിക്കുന്നവരാണ്. സർക്കാർ സർവ്വീസിൽ 2 പേർക്ക് മാത്രമേ ജോലിയുള്ളു.

പഴയകാലത്ത് ഓലകുടയും ഓലപായയും നിർമ്മിച്ച് ഉപജീവനം കഴിച്ചവരാണ്. കുടപ്പനയോലയുടെ ലഭ്യതകുറവു കാരണം ഈ പ്രവൃത്തി തീരെ ഉപേക്ഷിച്ചിരിക്കുകയാണ്. കോളനിയിൽ സ്ഥലപരിമിതികാരണം അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ല. ഒന്നുമുതൽ 3 സെൻറ് വരെയുള്ള കുടിയിരിപ്പിലായാണ് താമസം. ഇവരുടെ ഇടയിൽ അനാചാരങ്ങൾ നിലനിന്നു വരുന്നു. സർക്കാരിൽ നിന്നും മിച്ചഭൂമി ലഭിച്ച പല കുടുംബങ്ങളും അത് വില്പന നടത്തിയിരിക്കുകയാണ്.

***പ്രശ്നങ്ങൾ***

1. കോളനികളിൽഅടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ലഭ്യമല്ല.
2. സ്വന്തമായിവീടില്ലാത്തവർ ഉണ്ട്.

3. കുട്ടികൾകൃത്യമായും സ്കൂളിൽ പോകുന്നില്ല.
4. തുടർ സാക്ഷരതാ പരിപാടി ഫലപ്രദമായിനടക്കുന്നില്ല.
5. കോളനികളിൽ പലർക്കും റേഷൻ കാർഡില്ല.
6. നിലവിലുള്ള വീടുകൾ ഉപയോഗശൂന്യമാണ്.
7. 3, 4 വാർഡുകളിൽ വിദ്യാലയങ്ങൾ ഇല്ലാത്തതുകാരണം കുട്ടികൾക്ക് പഠനസൗകര്യം ഇല്ല.
8. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളെ കുറിച്ച് ബോധമില്ല.

*നിർദ്ദേശങ്ങൾ*

1. സ്വന്തമായി വീടില്ലാത്തവർക്ക് വീട്, സ്ഥലത്തിന് പട്ടയം,കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ഉണ്ടാവണം.
2. ഈ വിഭാഗത്തിലെ കുട്ടികൾ കൃത്യമായി സ്കൂളിൽ പോകുന്നില്ല. (സാമ്പത്തിക പരാധീനതയും) തൊഴിൽബാദ്ധ്യതയും രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തണം.
3. തുടർസാക്ഷരത നടത്തണം.
4. ഏകദ്ധ്യാപക വിദ്യാലയംഎല്ലാ കോളനികളിലും നടപ്പിലാക്കുക.
5. ഭക്ഷണ താമസ സൗകര്യങ്ങളുള്ള ഹോസ്റ്റൽ പഞ്ചായത്തിൽ വേണം.
6. റേഷൻ കാർഡ് വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.
7. നശിച്ചുപോയ വീടുകൾ, സ്ഥാപനങ്ങൾ എന്നിവ അറ്റ കുറ്റപണികൾനടത്തി സംരക്ഷിക്കണം.
8. 3 ഉം 4ഉം വാർഡിൽ വിദ്യാലയം, റേഷൻഷാപ്പ് എന്നിവ സ്ഥാപിക്കുക.
9. തൊഴിൽ പരിശീലനം നൽകിതൊഴിൽലഭ്യമാക്കണം
10. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
11. സർക്കാർ പുറമ്പോക്കുകളിൽ കൃഷി ചെയ്യുന്നതിന് സൗകര്യമുണ്ടാക്കുക.
12. സഹകരണ അടിസ്ഥാനത്തിൽ വ്യവസായംതുടങ്ങി തൊഴിൽ ഉറപ്പു വരുത്തുക.
13. പഞ്ചായത്തിലെ ഗവർമെൻറ്സ്ഥാപനങ്ങളിൽ വരുന്നനിയമങ്ങളിൽ SC/ST വിഭാഗത്തിന് പ്രത്യേക മുൻഗണനയും പ്രാതിനിധ്യവും ഉറപ്പു വരുത്തുക.

# 7-13

# വിഭവസമാഹരണം

വ്യവസായ കൃഷി രംഗങ്ങളിൽ അനുഭവപ്പെടുന്ന മാന്ദ്യത പരിഹരിക്കാതെ പഞ്ചായത്തിലെ വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല എന്നത് തീർച്ചയാണ്. പഞ്ചായത്തിൻെറ വിഭവശേഷി മുഴുവൻ കണക്കിലെടുത്ത് വിവിധ മേഖലകളുടെ വികസനത്തിനായി ഉപയോഗിക്കുക എന്നതാണ് ആസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. അത് ശാസ്ത്രീയമായ രീതിയിലുമാവണം.

പഞ്ചായത്തിലെ പ്രധാന വരവ് ഇന്നും സർക്കാർ ഗ്രാൻറ് തന്നെയാണ്. അതിന് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. പഞ്ചായത്ത് പിരിച്ച് ഗവമെൻറിന് നൽകി ഗവൺമെൻറ് അവിടെനിന്ന് 1-2 വർഷം കഴിഞ്ഞ് ഗ്രാൻറായി നൽകുന്ന ഏർപ്പാടിന് മാറ്റം വരുത്തേണ്ടതാണ്.

**പഞ്ചായത്തിൻെറ 5 വർഷത്തെ വരവ് ചിലവ് കണക്ക് താഴെകൊടുക്കുന്നു.**

| വർഷം | മൊത്തവരുമാനം | മൊത്തം ചിലവ് |
|---|---|---|
| 91-92 | 11,04,197 | 12,03,807 |
| 92-93 | 11,44,021 | 8,89,000 |
| 93-94 | 13,26,506 | 8,08,758 |
| 94-95 | 13,11,845 | 18,10,465 |
| 95-96 | 15,93,282 | 20,83,009 |

വാർഷികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വരവും ചിലവും വർദ്ധിച്ചുവരുന്നതുകാണാം. കഴിഞ്ഞ 5 വർഷങ്ങളായി പഞ്ചായത്തിലെ നികുതിമുഴുവൻ പിരിച്ച് അനുമോദനവും പ്രതിഫലവും നേടിയവരാണ് പഞ്ചായത്തു ജീവനക്കാർ. ജീവനക്കാരുടെ ആത്മാർത്ഥതയെ എത്ര അഭിനന്ദിച്ചാലും അതധികമാവില്ല.

പഞ്ചായത്തിനു ലഭിക്കുന്ന പ്രധാന വരുമാനമാർഗ്ഗങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ ഒരു പട്ടിക താഴെകൊടുക്കുന്നു.

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| തൊഴിൽനികുതി | 170368 | 201532 | 207570 | 249185 | 284343 |
| കെട്ടിടനികുതി | 139544 | 90322 | 192215 | 163627 | 172386 |
| വിനോദനികുതി | 26403 | 23084 | 15579 | 24358 | 27052 |
| ലൈസൻസ് ഫീ | 4495 | 5834 | 5110 | 4796 | 4875 |

നികുതി പിരിക്കുന്നതിൽ കൃത്യത പുലർത്തുന്നുണ്ടെങ്കിലും നികുതി ഘടന അപരിഷ്കൃതവും ശരിയായ രീതിയിലുള്ളവയുമല്ല. കെട്ടിടനികുതി തന്നെ ചില വർഷങ്ങളിൽ കുറഞ്ഞും കാലത്തിനനുസരിച്ച് വർദ്ധന ഇല്ലാത്തതുമാണ്. നാട്ടിലുടനീളം (പഞ്ചായത്തിലും) ഗൾഫ്പണം കൊണ്ടുള്ള കെട്ടിടങ്ങളും മറ്റും ഉയർന്നിട്ടും എന്തുകൊണ്ട് പഞ്ചായത്തിന് അതിനനുസൃതമായ വർദ്ധനവും ലഭിക്കുന്നില്ല എന്നത് പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. വിനോദ നികുതിയിലും വേണ്ടത്ര വർദ്ധനവ് ലഭിക്കാത്തത് വിമർശനത്തിന് വിധേയമായതാണ്. 91 ലെ നികുതി തന്നെ 95 ലും ലഭിക്കുന്നത് തിയേറ്ററിലെ ടിക്കറ്റ് നിരക്ക് വർദ്ധനവുമായിട്ട് താദാത്മ്യം പുലർത്തുന്നില്ല. നികുതിയിനത്തിൽ വെട്ടിപ്പ് ഉണ്ടോ എന്നു പോലും പല ഗ്രാമസഭകളിലും വിമർശനം ഉയർന്നിരുന്നു.

പഞ്ചായത്തിന് നികുതിയേതര വരുമാനങ്ങൾ കുറവാണ്. കമ്മ്യൂണിറ്റി ഹാൾ വാടക മാത്രമേ ഈ ഇനത്തിൽ ലഭിക്കുന്നുള്ളു. നികുതി വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് വിഭവസമാഹരണത്തിന് പ്രധാനമായും നമുക്ക് ആശ്രയിക്കാവുന്നത് നികുതിയേതര വരുമാനം തന്നെയാണ്.

**സർക്കാർ ഗ്രാൻറിൻെറയും ചിലവുകളുടെയും കഴിഞ്ഞ 5 വർഷത്തെ വിവരങ്ങൾ താഴെകൊടുക്കുന്ന പട്ടികയിലുണ്ട്.**

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സർക്കാർ ഗ്രാൻറ് | 4,46,758 | 2,28,070 | 4,66,902 | 6,19,638 | 9,19,095 |
| **ചിലവ്** | | | | | |
| എസ്റ്റാബ്ളിഷ്മെൻറ് | 3,36,702 | 3,10,940 | 3,68,745 | 4,16,721 | 5,09,891 |
| പൊതുമരാമത്ത് | 2,37,583 | 65,205 | 48,721 | 7,85,766 | 1,29,686 |
| " (അൺടൈഡ്) | 2,13,315 | - | 1,27,147 | 1,09,785 | 9,61,586 |
| വിദ്യാഭ്യാസം | 19023 | 5666 | 10444 | 12509 | 32802 |
| സാമൂഹ്യക്ഷേമം | 37742 | 64639 | 63215 | 67745 | 22017 |
| ജലവിതരണം | - | - | - | - | 1,36013 |
| തെരുവു വിളക്ക് | 40857 | 58290 | 65066 | 64471 | 1,16,897 |
| മറ്റുള്ളവ | 3,18,584 | 3,84 260 | 1,25420 | 353,468 | 1,74,117 |
| ആകെ | 1203806 | 889000 | 808 758 | 1810465 | 2083009 |

ഭരണച്ചിലവുകൾ ആണ് ഏറെ മുന്നിൽ തൊട്ട് പൊതുമരാമത്തുവകുപ്പും ജനങ്ങളുടെ പ്രാഥമിക ആവശ്യത്തിനായതു കൊണ്ട് റോഡിനുള്ള ചാർജ്ജ് ന്യായീകരിക്കത്തക്കതാണ്. തെരുവുവിളക്കുകളുടെ കാര്യത്തിൽ വമ്പിച്ച വർദ്ധന ഇല്ലെങ്കിലും കാലാനുസൃതമായ വർദ്ധന ഉണ്ട്. വളരെകുറച്ച് ബൾബും ട്യൂബും മാത്രം കത്തിക്കുന്നതിന് (അതും പലപ്പോഴും കത്തിക്കാറില്ല) ഇത്രയേറ ചാർജ്ജ് എങ്ങിനെ വന്നു എന്ന് പരിശോധിക്കേണ്ടതാണ്. പ്രത്യേകിച്ചും ക്യാമ്പ് ഏരിയയിലെ തെരുവുവിളക്കുകൾ പഞ്ചായത്തിൻെറ നിയന്ത്രണത്തിലല്ലാതായിട്ടുപോലും. ശുദ്ധജലവിതരണത്തിൽ കഴിഞ്ഞവർഷം മാത്രമാണ് കുറച്ചുസംഖ്യയെങ്കിലും ചിലവഴിച്ചതായി കാണുന്നത്. സാമൂഹ്യക്ഷേമം ഇനത്തിൽ ചിലവഴിക്കുന്ന പൈസ യഥാർത്ഥ ഉപഭോക്താക്കൾക്കു തന്നെയാണോ ചെല്ലുന്നത് എന്ന് ഗ്രാമസഭയിൽ വിമർശനമുയർന്നിരുന്നു. വിദ്യാഭ്യാസത്തിന് ചിലവഴിക്കുന്ന തുകയിലെ നാമമാത്രമായ വർദ്ധനവും തൃപ്തികരമല്ല.

ധനകാര്യസ്ഥാപനങ്ങളാണ് പഞ്ചായത്തിലെ മുഖ്യവരുമാനമാർഗ്ഗങ്ങളിൽ പ്രേരകമായി വർത്തിക്കുന്നത്. സേവന സഹകരണ ബാങ്കും കനറബാങ്കും ആണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തും ബാങ്കുകളും തമ്മിലുള്ള ബന്ധം ശക്തമാക്കിയാൽ മാത്രമേ ഈ കാര്യത്തിലുള്ള സേവനം വിഭവസമാഹരണത്തിലൂടെ നമുക്ക് ലഭ്യമാകൂ എന്നാണ് പൊതു അഭിപ്രായം.

അംഗീകൃത ചിട്ടിഫണ്ട് സ്ഥാപനങ്ങളോ അംഗീകൃത ഫിനാൻസിയേഴ്സോ മലമ്പുഴ പഞ്ചായത്തിലില്ല.

വിഭവസമാഹരണത്തിൻെറ മറ്റൊരു ഘടകം വിദേശത്ത് പോയവരാണ്. അധികവും ഇടത്തരക്കാരാണ് പോയത്. ഇവരിൽ സാമ്പത്തികമായി ഉയർന്ന നില കൈവരിച്ചവർ കുറവാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 70- നടുത്ത് ആൾക്കാരാണ് പഞ്ചായത്തിൽ നിന്നും ഇൻഡ്യക്ക് വെളിയിലേക്ക് പോയിരിക്കുന്നത്.

സന്നദ്ധസംഘടനാപ്രവർത്തനങ്ങൾ വലിയതോതിൽ പഞ്ചായത്തിൽ നടക്കുന്നില്ല. വാസ്തവത്തിൽ ഇത് വികസന പ്രവർത്തനത്തിന് അവശ്യം വേണ്ട ഒന്നാണ്. ജനകീയസംരംഭങ്ങളുടെ വിജയം സന്നദ്ധപ്രവർത്തനങ്ങളിലൂടെ മാത്രമേ സാദ്ധ്യമാവൂ എന്ന് ഇതിനകം തന്നെ നമുക്ക് ബോദ്ധ്യമായിട്ടുണ്ട്. ഈ പഞ്ചായത്തിൻെറ പലവാർഡുകളിലും പലറോഡുകളുടെയും നിർമ്മാണത്തിൽ സന്നദ്ധപ്രവർത്തനം വ്യാപകമായികണ്ടുവരുന്നു എന്നത് ശുഭോദർക്കമാണ്.

***ഗ്രാമസഭയിലുയർന്നുവന്ന പ്രധാനപ്രശ്നങ്ങൾ***

1. നിക്ഷേപങ്ങൾക്കനുസൃതമായി വിതരണം നടക്കുന്നില്ല.
2. വികസന പ്രവർത്തനങ്ങൾ ജനകീയമാവുന്നില്ല.
3. നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ കാര്യമായശ്രമം നടത്തുന്നില്ല.
4. പുതിയ വരുമാനമാർഗ്ഗങ്ങൾ തേടുന്നില്ല.

***പരിഹാര നിർദ്ദേശങ്ങൾ***

1. മലമ്പുഴയിൽ ഓട്ടോ/ജീപ്പ് സ്റ്റാൻഡ് നിർമ്മിച്ച് ആ സേവനത്തിന് നിശ്ചിത തുക ഈടാക്കുക.
2. മലമ്പുഴയിലേക്ക് വരുന്ന ടൂറിസ്റ്റ് വാഹനങ്ങൾക്ക് ടോൾ ഏർപ്പെടുത്തുകയോ കാർപാർക്കിംഗ് ഏരിയയിൽ നിന്നുള്ള വരുമാനം പഞ്ചായത്തിന് ലഭ്യമാക്കുകയോ ചെയ്യുക.
3. മലമ്പുഴ - ഗാർഡൻ, സ്നേക്ക്പാർക്ക്, അക്വേറിയം, റോക്ക് ഗാർഡൻ എന്നിവയുടെ പ്രവേശനത്തിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൻെറ ഒരു നിശ്ചിത ശതമാനം വിനോദനികുതിയായി പഞ്ചായത്തിന് ലഭ്യമാക്കുക.
4. വിനോദകേന്ദ്രങ്ങളായ ഫാൻറസിപാർക്ക്, റോപ്പ്വേ എന്നിവയുടെ വരുമാനത്തിൻെറ ഒരു നിശ്ചിതശതമാനം നികുതിയായി പിരിക്കുക.
5. നികുതി കൃത്യമായി അടക്കേണ്ടതിൻെറ പ്രാധാന്യം ജനങ്ങളെ മനസ്സിലാക്കുന്നതിനാവശ്യമായ പ്രചരണം വാർഡ് തലത്തിൽ നടത്തുക.
6. പുറമ്പോക്കുസ്ഥലത്ത് ഉല്പാദനത്തിന് ആവശ്യമായ ക്രിയാത്മകമായ പരിപാടികൾ ആവിഷ്ക്കരിക്കുകയും അതുവഴിയുണ്ടാകുന്ന ചെറുകിട വ്യവസായങ്ങളുടെ ലാഭവിഹിതത്തിൻെറ ഒരു നിശ്ചിത ശതമാനം നികുതിയായി മേടിക്കുക.

7. ഏതൊരു സ്ഥാപനവും പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത് എഴുതി ഒപ്പിട്ട കരാറിനുശേഷം മാത്രമേ തുടങ്ങാവൂ എന്ന് നിയമമുണ്ടാക്കുക.
8. നശിച്ചുകൊണ്ടിരിക്കുന്ന മോട്ടൽസ് ഏറ്റെടുത്ത് പുനരുദ്ധരിച്ച് കുറഞ്ഞനിരക്കിൽ ടൂറിസ്റ്റ് താമസിക്കാനുള്ള കോട്ടേജ് ഉണ്ടാക്കുക.
9. സമ്പാദ്യ നിക്ഷേപം പരമാവധി വർദ്ധിപ്പിക്കുക. (മഹിളാപ്രധാൻ ഏജൻറ്മുഖേന) പഞ്ചായത്തിന് ലഭിക്കുന്ന 25% കമ്മീഷൻ വഴി വമ്പിച്ച വരുമനമുണ്ടാകും.
10. ഷോപ്പിംഗ് കോംപ്ലക്സ് മന്തക്കാട് പഞ്ചായത്തിൻെറ സ്ഥലത്ത് പണിത് വാടകയിനത്തിൽ പഞ്ചായത്ത് വരുമാനം ഉണ്ടാക്കുക.
11. മദ്യഷാപ്പ് ലേലത്തിൻെറ നിശ്ചിത സംഖ്യ പഞ്ചായത്തിന് വരുമാനമായി നൽകുക.
12. വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമാക്കുക.
13. പരമാവധി മനുഷ്യാദ്ധ്വാനം സംഭാവനയായി ലഭിക്കുന്നതിന് വാർഡുതലങ്ങളിൽ കർമ്മസമിതികൾ രൂപീകരിക്കുക.

വിവിധ വിഷയങ്ങളിലൂന്നി ചർച്ച ചെയ്ത് നിർദ്ദേശിച്ച പരിഹാരങ്ങൾ എല്ലാം നടപ്പാക്കണമെങ്കിൽ വളരെ വലിയൊരു സമ്പത്ത് നമുക്ക് വേണ്ടിവരും എന്നുറപ്പ് ആണ്. ഇതു മുഴുവൻ ഗവൺമെൻറിൽനിന്നും ലഭിക്കും എന്ന് പ്രതീക്ഷിക്കാൻ വയ്യ. അതുകൊണ്ട് മുറ്റു വരുമാനമാർഗ്ഗങ്ങൾ പഞ്ചായത്തിന് ലഭ്യമാക്കേണ്ടത് നമ്മളുടെ കടമയാണ്. അതിന് എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം.

# 8

# ജനകീയാസൂത്രണം - മലമ്പുഴ പഞ്ചായത്ത്

### പങ്കെടുത്ത ജില്ലാ പരിശീലകരുടെയും പഞ്ചായത്തു പരിശീലകരുടെയുംപേർ വിവരം

### ജില്ലാപരിശീലകർ

1. കെ.കെ. സതീശൻ പഞ്ചായത്ത് കോർഡിനേറ്റർ
2. കെ.രാമകൃഷ്ണൻ
3. പി.സുരേഷ്ബാബു
4. എ.ശിവദാസൻ
5. എം.എ.ദയാനന്ദൻ
6. എ.വേലായുധൻ
7. പി.രാധാകൃഷ്ണൻ
8. സി.ആർ.ഷാജി
9. ആർ. ഉണ്ണിക്കൃഷ്ണൻ (ബ്ളോക്ക്പഞ്ചായത്ത്അംഗം)
10. പി. നാരായണൻ(പ്രസിഡൻറ്)
11. കോമളം (പഞ്ചായത്ത്മെമ്പർ)
12. വി.മാരിയപ്പൻ (പഞ്ചായത്ത്സെക്രട്ടറി)

### പഞ്ചായത്തു പരിശീലകർ

1. രാമൻകുട്ടി
2. ഇ.എ. പ്രഭാകരൻ
3. ആർ.മാണിക്കൻ
4. എ. സണ്ണി
5. പി.ജെ. ജെയിംസ്

**II**

1. കെ.കെ.അപ്പു.
2. എം.സി. മാത്യു
3. വി.രാജൻ
4. ശെൽവരാജ്

**III**

1. സി.രാജൻ
2. സു.സുബ്രഹ്മണ്യൻ
3. ടി.സഹദേവൻ
4. എൻ.പ്രഭാകരൻ
5. രാജേഷ്തങ്കൻ
6. എ. ടി.പോൾ
7. പ്രജോദ്ചെറുശ്ശേരി
8. എം.കെ. സുനിൽ

**IV**

1. എം.ശിവകുമാർ
2. ചന്ദ്രൻ
3. ഗോപാലകൃഷ്ണൻ
4. ആർ. വാസു
5. സി.രാമകൃഷ്ണൻ
6. ബി. രാധാകൃഷ്ണൻ

**V**

1. പി.കലാധരൻ
2. സി.മണികണ്ഠൻ
3. കെ.ശിവരാമൻ
4. കെ.കൃഷ്ണൻ
5. പി.പ്രേമദാസൻ
6. പി.അശോകൻ
7. രാമകൃഷ്ണൻ

**VI**

1. എം.ജി.സുരേഷ്കുമാർ
2. കെ.പരമേശ്വരൻ, വിശാലനിവാസ്
3. കെ.ശിവരാമൻ
4. കെ.പരമേശ്വരൻ മയനാട്ട്പുരം
5. എൻ.സിനാരായണൻ
6. വി.സുബ്രഹ്മണ്യൻ
7. കെ.അനന്തകൃഷ്ണൻ

**VII**

1. ടി.പ്രഭാകരൻ
2. കെ.രവീന്ദ്രനാഥൻ
3. എം.സി.മാധവൻ
4. പി. കമലാധരൻ
5. കെ.രാമകൃഷ്ണൻ
6. എം.അബ്ദുള്ള
7. ഡോ.കെ.രാധാകൃഷ്ണപിള്ള

**VIII**

1. ആർ.മുത്തു
2. എസ്.അരവിന്ദാക്ഷൻ
3. എസ്.ശശി
4. വി.പുരുഷോത്തമൻ
5. ശശികല
6. തങ്കച്ചൻ

# 9

# ഉപസംഹാരം

ഇതൊരു പൂർണ്ണമായറിപ്പോർട്ടല്ല. അല്ലെങ്കിൽതന്നെ ഇത് പൂർണ്ണമാക്കേണ്ടത് ഈ സെമിനാറിലാണ്. വിശദമായ ചർച്ച വീണ്ടുംനടത്തി പഞ്ചായത്തിന്റെ മുഴുവൻ വികസനാവശ്യങ്ങളും റിപ്പോർട്ടിൽഉണ്ട് എന്നുറപ്പു വരുത്തിവേണം നമുക്കിവിടെ നിന്ന് പിരിയാൻ.

മുഴുവനാവശ്യങ്ങൾക്കും പണം തികയാത്തതുകൊണ്ടാണല്ലോ ആസൂത്രണം വേണ്ടി വരുന്നത്. അതുകൊണ്ടുതന്നെ മുൻഗണനാക്രമം നിശ്ചയിക്കേണ്ടത് ആവശ്യമാണ്. അതും ജനകീയമായി തന്നെനടത്തണം. സർക്കാർ തരുന്ന **30-40%** ഫണ്ടിന്പുറമെ ഇതര ഏജൻസികളിൽ നിന്ന് പരമാവധി ഫണ്ട് സമാഹരിക്കുവാനുള്ള ജാഗ്രത പാലിക്കണം. ഫണ്ടുലഭിക്കുന്നതിനാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധസമിതിയും നമുക്ക് ആവശ്യമാണ്. അതും ഈ സെമിനാറിൽ നിന്ന് രൂപപെടുത്തണം.

അതാണ് പറഞ്ഞത് ഈ രേഖ സമ്പൂർണ്ണമാക്കി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തണമെന്ന് ഇതിൽ കക്ഷി രാഷ്ട്രീയമില്ല. വികസനത്തിന്റെ രാഷ്ട്രീയമാണുള്ളത്. നാം ഒറ്റകെട്ടായി നിന്നാൽ അത് ജനകീയരാഷ്ട്രീയമാവും എന്ന കാര്യത്തിൽ സംശയമില്ല.

9-ാം പദ്ധതി ജനകീയ പദ്ധതി എന്നാണ് തുടക്കത്തിൽ പറഞ്ഞതെങ്കിലും 9-ാംപദ്ധതി നമ്മുടെ പദ്ധതി എന്നാക്കി മാറ്റാൻ നമുക്കുകഴിയണം. മഹത്തായ ഈ പ്രതീക്ഷ നിറവേറ്റാൻ നമുക്കുകഴിയട്ടെ എന്ന പ്രത്യാശയോടെ ഈ റിപ്പോർട്ട് വികസന സെമിനാറിൽ സമർപ്പിക്കുകയാണ്.

വിശദമായ ചർച്ചക്കും വിശകലനത്തിനും ആവശ്യമായ മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലിനും വേണ്ടി.

ഭരണ സമിതിക്കുവേണ്ടി

(ഒപ്പ് )
പ്രസിഡന്റ്

മലമ്പുഴ
1.12.96

# അധികാരം ജനങ്ങളിലേക്ക്

*ഒൻപതാം പദ്ധതി ജനകീയ പദ്ധതി*

- ഒൻപതാം പദ്ധതിയുടെ 35–40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവഹണത്തിലും വിപുലമായ പങ്കാളിത്തം
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു.
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ കർമ്മസമിതികൾ

**സമഗ്ര ഗ്രാമ വികസനം - നമ്മുടെ ലക്ഷ്യം**

അധികാരം ജനങ്ങളിലേ



# പഞ്ചായത്ത്‌രാജ്

## ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി

4299
KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★
LIBRARY